**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2017 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rule of Procedure and Conduct of Business in the Kerala Legislative Assembly]

**2017 ആഗസ്റ്റ് 23-ാം തീയതി സമർപ്പിച്ചത്**

**(Presented on 23rd August, 2017)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

**പതിനാലാം കേരള നിയമസഭ**

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

**(2017 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH, 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rule of Procedure and Conduct of Business in the Kerala Legislative Assembly]

1334/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 56 |

# സബ്ജക്ട് കമ്മിറ്റി XIII
## (സാമൂഹ്യസേവനം)
## (2016 -2018)
## ഘടന

<u>ചെയർമാൻ:</u>

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2016-2018)-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XIII, 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലേക്കുള്ള സബ്ജക്ട് കമ്മിറ്റി XIII, 2016 ജൂലൈ 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 26 പ്രകാരം 2016 ജൂലൈ 5 മുതൽ പ്രാബല്യത്തിൽ വന്നു.

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ 8 സമിതി യോഗങ്ങൾ ചേരുകയുണ്ടായി. 27-7-2016, 9-8-2016 എന്നീ തീയതികളിലെ യോഗങ്ങൾ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടിയും 19-8-2016-ലെ യോഗം 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കും 20-9-2016, 26-10-2016 എന്നീ തീയതികളിലെ യോഗങ്ങൾ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, 2015-2016 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിക്കുകയും ചെയ്തു. 22-12-2016, 24-1-2017 എന്നീ തീയതികളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) അനുസരിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും യോഗം ചേരുകയുണ്ടായി. കൂടാതെ 2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV-ന്റെ സൂക്ഷ്മപരിശോധന 2017 മാർച്ച് 29-ന് ചേർന്ന യോഗത്തിൽ നടത്തുകയുണ്ടായി.

ഈ റിപ്പോർട്ട് 4 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ റിപ്പോർട്ട് കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങളും രണ്ടാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൽ സർക്കാരിൽനിന്നും ലഭിച്ച

മറുപടികളും മൂന്നാം അദ്ധ്യായത്തിൽ ചട്ടം 236(5) പ്രകാരം ഡിലെ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകളുടെയും വിവരങ്ങളും നാലാം അദ്ധ്യായത്തിൽ ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2017 ആഗസ്റ്റ് 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 22.

# റിപ്പോർട്ട്

## അദ്ധ്യായം I

(എ) 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്നതുമായ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 2016 ജൂലൈ 27, ആഗസ്റ്റ് 9 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ നടത്തുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XXV — പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ്പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ഇതു സംബന്ധിച്ച കരട് റിപ്പോർട്ട് 2016 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

(ബി) 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പാർട്ടിന്റെ കരട് 2016 സെപ്റ്റംബർ 20-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2016 ഒക്ടോബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

(സി) 2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതിയുടെ 2016 ഒക്ടോബർ 26-ാം തീയതി കൂടിയ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2016 ഒക്ടോബർ 31-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) അനുസരിച്ച് സഭ സമ്മേളിക്കാത്ത അവസരങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്ജക്ട് സമിതി യോഗം ചേരേണ്ടതാണെന്നുള്ള നിബന്ധനയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന

വകപ്പുമായി ബന്ധപ്പെട്ട്, പട്ടികവർഗ്ഗ കോളനികളിലെയും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലെയും വിദ്യാഭ്യാസം, ആരോഗ്യ പരിപാടികൾ, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ പദ്ധതികൾ എന്നിവയുടെ പഠനം സംബന്ധിച്ച് സമിതി നൽകിയ ചോദ്യാവലിക്കുള്ള മറുപടി 2016 ഡിസംബർ 22-ാം തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. സമിതിയുടെ 2017 ജനുവരി 24-ാം തീയതിയിലെ യോഗത്തിൽ ആദിവാസികളുടെ ഭൂമിപ്രശ്നം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ 2017 മാർച്ച് 29-ാം തീയതിയിലെ യോഗത്തിൽ 2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV-ന്റെ സൂക്ഷ്മപരിശോധന നടത്തുകയുണ്ടായി.

## അദ്ധ്യായം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളും അവ നടപ്പിലാക്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും 20-9-2016, 26-10-2016 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശിപാർശ

കെൽട്രോൺ മുഖേന സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പുതിയ രണ്ട് പ്രൊപ്പോസലുകൾക്കാവശ്യമായ തുക, ഇനിയും തുക അനുവദിക്കുവാനുള്ള മറ്റു ബില്ലുകൾ, മുൻവർഷം അനുവദിച്ച ബില്ലുകളുടെ ബാക്കി 10% തുക, നന്ദാവനം കെട്ടിടം ഷിഫ്റ്റിംഗ് ചെലവുകൾ എന്നിവയ്ക്കായി 2015-2016 സാമ്പത്തികവർഷം ആകെ 12 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2015-2016 സാമ്പത്തിക വർഷത്തിൽ പട്ടികജാതിവികസന വകുപ്പിന്റെ ഇ-ഗവേർണൻസ് ശീർഷകത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതമായ 7 കോടി രൂപയിൽ പരിമിതപ്പെടുത്തി ചെലവഴിച്ചതിനാൽ അധികമായി തുക ആവശ്യമായി വന്നിരുന്നില്ല എന്ന് പട്ടികജാതിവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 1486I/ബി2/15/പജപവവിവ. തീയതി 23-7-2016)

<u>ശിപാർശ</u>

നിലവിലുള്ള ഭവന സഹായമായ 3 ലക്ഷം രൂപ ഐ.എ.വൈ. വീടുകൾക്കും നൽകി ഭവന ധനസഹായം ഏകീകരിക്കുന്നതിനുവേണ്ടി ഓരോ വീടിനും അധികമായി വരുന്ന 1 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിനായിട്ടാണ് അധിക വിഭവ സമാഹരണം ആവശ്യമായി വന്നിട്ടുള്ളത്. 2015-2016 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി ആകെ 260 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 80 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2015-2016 സാമ്പത്തികവർഷം ഭവനരഹിതർക്കുള്ള ഭവന പദ്ധതിക്കായി 180 കോടി രൂപ വകയിരുത്തിയിരുന്നു. ഐ.എ.വൈ. പദ്ധതിപ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിക്ക് 2014-2015 സാമ്പത്തിക വർഷാവസാനം അധിക സംസ്ഥാന വിഹിതമായി 80 കോടി രൂപ എസ്.ഡി.ജി. പ്രകാരം അനുവദിച്ചിട്ടുള്ളതും, 31-3-2015-ലെ സ. ഉ. (സാധാ.) 562/2015/പ.ജ.പ.വ.വി.വ. പ്രകാരം ഗ്രാമവികസന വകുപ്പിന് കൈമാറുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്. 2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതം 180 കോടിയും അധിക സംസ്ഥാന വിഹിതമായ 80 കോടിയും ഉൾപ്പെടെയുള്ള 260 കോടി രൂപ 2015-2016 വർഷത്തെ ആവശ്യങ്ങൾക്ക് പര്യാപ്തമായിരുന്നുവെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

(സർക്കാർ കത്ത് നമ്പർ 862567/സി1/16/പജപവവിവ. തീയതി 3-10-2016)

ശിപാർശ

കോർപ്പറേഷൻ നടപ്പിലാക്കുന്ന ഏറ്റവും സുപ്രധാനമായ പദ്ധതിയാണ് പട്ടികജാതിയിൽപ്പെട്ട കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ ഒരു ഗുണഭോക്താവിന് 2.50 ലക്ഷം രൂപ വായ്പയും ₹ 50,000 രൂപ സബ്സിഡിയുമുൾപ്പെടെ ആകെ 3 ലക്ഷം രൂപയാണ് നൽകുന്നത്. 2015-2016 സാമ്പത്തികവർഷം 200 ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നതിന് ഒരാൾക്ക് ₹ 2.50 ലക്ഷം രൂപ എന്ന നിരക്കിൽ 5 കോടി രൂപ കൂടി ആവശ്യമുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

കൃഷിഭൂമി വായ്പാ പദ്ധതിക്കായി 2013-2014 സാമ്പത്തികവർഷം ബഡ്ജറ്റിൽ കോർപ്പറേഷന് 51% സംസ്ഥാന വിഹിതമായി 560 ലക്ഷം രൂപ ഓഹരി മൂലധനമായി വകയിരുത്തിയിരുന്നു. 2015-2016 സാമ്പത്തികവർഷം കഴിഞ്ഞു പോയ സാഹചര്യത്തിൽ പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് 5 കോടി രൂപ കൂടി വകയിരുത്തണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 862567/സി1/16/പജപവവിവ. തീയതി 3-10-2016)

ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 107 പ്രീമെട്രിക് ഹോസ്റ്റലുകളിലും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുമായി 12000-ൽ അധികം വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും അവരുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 2005-2006 മുതൽ കൗൺസിലേഴ്സിനെ ഏർപ്പെടുത്തി വരുന്നു. നല്ല പ്രവൃത്തി പരിചയമുള്ളവർക്കും, പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണന നല്കുന്നു. ഇവർക്ക് പ്രതിമാസം 18,000 രൂപ ഓണറേറിയവും 2,000 രൂപ യാത്രബത്തയും ഉൾപ്പെടെ 20,000 രൂപയാണ് നൽകുന്നത്. ആകെ 49 കൗൺസിലേഴ്സിന് 10 മാസം (ജൂൺ മുതൽ മാർച്ച് വരെ) 20,000 രൂപ നിരക്കിൽ 98 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ, നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 23 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തികവർഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും കൗൺസിലർമാർക്ക് ഓണറേറിയം അനുവദിക്കുന്നതിനായി 2015-2016 വർഷത്തിൽ 75 ലക്ഷം രൂപ അനുവദിച്ചിരുന്നു. സാങ്കേതികമായ കാരണങ്ങളാൽ കൗൺസിലർമാരുടെ നിയമനം നടത്തുന്നതിന് കാലതാമസം നേരിട്ടതിനാൽ അധികമായി ഫണ്ട് ആവശ്യമായി വന്നിരുന്നില്ല. ആയതിനാൽ അധിക ഫണ്ട് അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

ഹാംലറ്റ് വികസന പദ്ധതിക്കായി 2015-2016-ൽ ആകെ 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2014-2015 വർഷത്തിൽ 25 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നതുകൊണ്ട് ബാക്കി തുക 30-9-2015-നകം ചെലവഴിക്കത്തക്കവിധത്തിൽ ELA-യിലേക്ക് മാറ്റിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തികവർഷം ഹാംലറ്റ് വികസന പദ്ധതിക്കായി 2225-02-102-83 (ഒറ്റത്തവണ അധിക കേന്ദ്ര സഹായം) എന്ന ശീർഷകത്തിൽ നടപ്പുവർഷം അനുവദിച്ചിരുന്ന 6,32,00,000 രൂപയ്ക്കു പുറമെ 3 കോടി രൂപ കൂടി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്തിരുന്നു. ഹാംലറ്റ് വികസന പദ്ധതി 2225-02-102-88 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന 3,68,00,000 രൂപയ്ക്ക് പുറമെ സ. ഉ. (ആർറ്റി.) നമ്പർ 7505/2015/ഫിൻ. ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന 11,45,35,000 രൂപയും അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന ഈ പദ്ധതിയിലേക്ക് ധനസഹായത്തിനായി ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

നിലവിലുണ്ടായിരുന്ന സാമ്പത്തിക പരിമിതിമൂലം സമിതിയുടെ ശിപാർശ പ്രകാരം തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 14877/ഇ I/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

2015-2016 സാമ്പത്തികവർഷം അന്തേവാസികൾക്ക് ഭക്ഷണത്തിനും ഭക്ഷണേതര ചെലവുകൾക്കുമായി 12 കോടി രൂപയാണ് "(34) മറ്റ് ചെലവുകൾ" എന്നതിൽ വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന മെസ് ചാർജ്ജ് 50% വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായ സാഹചര്യത്തിലും, ഹോസ്റ്റലുകളിൽ അനുവദനീയമായതിലും കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതിനാലും അന്തേവാസികളുടെ ആകസ്മിക ചെലവുകൾ കൂടി ടി തുകയിൽ നിന്ന് വഹിക്കേണ്ടിവരുന്നതിനാലും വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണ്. കൂടാതെ പ്രസ്തുത കെട്ടിടങ്ങളുടെ വാടക നൽകുന്നതിനായി വാടക, കരം, നികുതി എന്ന ഇനത്തിൽ 3 ലക്ഷം രൂപകൂടി വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 6 കോടി 3 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

2015-16-ലെ ബഡ്ജറ്റ് മുഖേന 2225-02-277-94-34 OC ശീർഷകത്തിൽ 12 കോടി രൂപ അനുവദിച്ചിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ. (ആർറ്റി.) 10759/15 തീയതി 10-12-2013 പ്രകാരം ഒരു കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന 2225-02-277-94-34 other charges എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. എന്നാൽ നിലവിലെ സാമ്പത്തിക പരിമിതിമൂലം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല

(സർക്കാർ കത്ത് നമ്പർ 14877/ഇ I/15/പജപവവിവ. തീയതി 23-9-2016)

<u>ശിപാർശ</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ ആഹാരച്ചെലവ് 2014-2015 സാമ്പത്തിക വർഷം ഒരു കുട്ടിക്ക് 10 രൂപയിൽ നിന്നും 30 രൂപയായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1752/2014/പജപവവിവ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-2015 സാമ്പത്തികവർഷം 4 ലക്ഷം രൂപ ഈയിനത്തിൽ കുടിശ്ശിക നൽകാനുണ്ട്. ഈ സാഹചര്യത്തിൽ 7.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2225-02-277-89-34 other charges ശീർഷകത്തിൽ 2015-2016 ബഡ്ജറ്റ് പ്രകാരം 2,50,000 രൂപ വകയിരുത്തിയിരുന്നു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ. (ആർറ്റി.) 1226/16/ഫിൻ. തീയതി 6-2-2016 പ്രകാരം ധന:പുനർവിനിയോഗം വഴി ₹ 8,92,000 രൂപ അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

<u>ശിപാർശ</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും അട്ടപ്പാടി ഹോസ്റ്റലിന്റെ നവീകരണം നടത്തണമെന്ന കേന്ദ്ര ഗവൺമെന്റ്/പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

2015-2016 സാമ്പത്തിക വർഷം 2225-02-277-52 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുകയിൽ അധികമായി ഫണ്ട് ആവശ്യമായി വരാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

ഓരോ ജില്ലയിലും എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി മുതലായ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ആകെ 78 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 38 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയുള്ള ചെലവിനും വിദ്യാഭ്യാസത്തിനും ആവശ്യമായ ധനസഹായം നൽകുന്ന ഈ പദ്ധതിക്കായി 61 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ധനപുനർവിനിയോഗം വഴി അധികമായി 20 ലക്ഷം രൂപ (11+20=31) അനുവദിക്കുകയും ആയത് പ്രകാരം ആകെ അനുവദിച്ച 31 ലക്ഷം രൂപ 2015-16 വർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

## ശിപാർശ

പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പുതിയ ഭവനങ്ങളുടെ നിർമ്മാണം, സ്പിൽഓവർ ഭവനങ്ങളുടെ പൂർത്തീകരണം, നിലവിലുള്ള ഭവനങ്ങളുടെ പുനരുദ്ധാരണം എന്നീ മൂന്ന് ഘടകങ്ങൾക്കായാണ് ഈ ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്. വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ നിലവിൽ 2.50 ലക്ഷം രൂപയാണ് സർക്കാർ സഹായം നൽകുന്നത്. കൂടാതെ ഹഡ്കോ മുഖേന 5000 വീടുകൾ നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതിൽ 4000 വീടുകൾക്ക് 2.50 ലക്ഷം രൂപയാണ് നിലവിലെ എഗ്രിമെന്റ്. ഈ വീടുകൾക്ക് ഒരു ലക്ഷം രൂപ വീതം ആകെ 40 കോടി രൂപ അധികമായി നല്കേണ്ടതുണ്ട്. ബാക്കി 1000 വീടുകൾക്ക് 3.50 ലക്ഷം രൂപ വീതം ആകെ 75 കോടി രൂപയും നൽകേണ്ടതുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

## സ്വീകരിച്ച നടപടി

2225-02-283-89 ശീർഷകത്തിൽ 2015-2016 വർഷത്തിൽ ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച 47,83,00,000 രൂപയ്ക്ക് പുറമെ സ.ഉ. (ആർറ്റി.)3335/16/ഫിൻ. തീയതി 31-3-2016 പ്രകാരം 90,01,000 രൂപ ഉൾപ്പെടെ ആകെ അനുവദിച്ച 48,73,01,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹഡ്കോ വായ്പ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിക്കായി 50 കോടി രൂപ അധികമായി വകയിരുത്തുവാൻ ശിപാർശ ചെയ്തിരുന്നു. അഡീഷണൽ ആതറൈസേഷൻ മുഖേന 39,52,41,000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഫിനാൻഷ്യൽ ക്ലിയറൻസ് ലഭിക്കാത്തതിനാൽ 2015-2016 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. നടപ്പുവർഷം 2-5-2016-ലെ സ.ഉ. (ആർറ്റി.) 3989/16/ഫിൻ. പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന ടി തുക അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2015-16 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക പരിമിതിമൂലം തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

ശിപാർശ

രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി 2015-2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത 50 ലക്ഷം രൂപ '2225-02-277-97-മെട്രിക്കുലേഷനുശേഷമുള്ള സ്കോളർഷിപ്പുകൾ' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

ശിപാർശ

ലോകത്തെ മികച്ച സർവ്വകലാശാലകളിലെ കോഴ്സുകളിൽ അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി 2015-2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത 50 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

2015-2016 വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥിനികളിൽ വിദേശ പഠനത്തിനായി സർക്കാർ അനുമതി നൽകിയിരുന്ന ഒരു വിദ്യാർത്ഥിക്ക് വിസ അനുമതി ലഭ്യമാകാത്തതിനാൽ 2015-16 വർഷം അഡ്മിഷൻ ലഭിച്ചിരുന്നില്ല. ആയതിനാൽ 2015-2016 സാമ്പത്തിക വർഷം ടി ആവശ്യത്തിന് ഫണ്ട് ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 14877/ഇ 1/15/പജപവവിവ. തീയതി 23-9-2016)

<u>ശിപാർശ</u>

വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം 1-4-2014 മുതൽ പ്രതിമാസം 700 രൂപയിൽ നിന്നും 800 രൂപയായും 1-1-2015 മുതൽ 1000 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അന്തേവാസികൾക്ക് മുൻവർഷത്തെ കുടിശ്ശികയായ 72,42,000 രൂപയും പി.എച്ച്. ഹോമുകൾക്ക് മുൻവർഷത്തെ കുടിശ്ശിക 28,32,000 രൂപയും നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 98,54,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധസംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം എന്ന സ്കീമിൽ 57,06,000 രൂപ അധികമായി 21-11-2015-ലെ സ.ഉ. (സാധാ.) നമ്പർ 10159/2015/ധന. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

<u>ശിപാർശ</u>

2012-2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മാനസിക രോഗം ബാധിച്ച് അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള ഒരു സ്കീം പ്രഖ്യാപിച്ചിരുന്നു. ഈ സ്കീം പ്രകാരം

50 അന്തേവാസികളെ സംരക്ഷിക്കുന്ന ഒരു ഭവനത്തിന് 16,52,400 രൂപ സർക്കാർ വിഹിതവും 11,01,600 രൂപ എൻ.ജി.ഒ. വിഹിതവും കണക്കാക്കിയിട്ടുണ്ട്. ജി.ഒ. (ആർറ്റി.) നമ്പർ 455/13/എസ്. ജെ. ഡി. പ്രകാരം ഒരു സ്ഥാപനത്തിന് 50 പേർ വീതമുള്ള 2 യൂണിറ്റ് നടത്തുന്നതിന് അനുമതി നൽകുകയുണ്ടായി. ജി. ഒ. (ആർറ്റി.) നമ്പർ 137/15/എസ്.ജെ.ഡി. പ്രകാരം ഇത്തരത്തിലുള്ള 17 യൂണിറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള 19 യൂണിറ്റുകളിലായി 950 അന്തേവാസികളെ സംരക്ഷിക്കുന്നതിന് നിലവിൽ ഗ്രാന്റ് അനുമതി ഉണ്ട്. ഒരു യൂണിറ്റിന് 16,52,400 രൂപ വീതം ആകെ 3,13,95,600 രൂപ ആവശ്യമുണ്ട്. 2014-2015 സാമ്പത്തിക വർഷം 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. 2014-2015 സാമ്പത്തികവർഷത്തിലെ കുടിശ്ശികയായ 2,13,95,600 രൂപയും 2015-2016 സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന ചെലവായ 3,13,95,600 രൂപയും ഉൾപ്പെടെ ആകെ 5,27,91,200 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്നതിനും ചികിൽസിക്കുന്നതിനുമായുള്ള സ്ഥാപനങ്ങൾ/കെയർ ഹോമുകളുടെ സ്ഥാപിക്കൽ എന്ന സ്കീമിൽ 2015-2016 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന വഴി ഒരു കോടി രൂപ വകയിരുത്തുകയും ഈ സാമ്പത്തിക വർഷം ടി തുക വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8422/ഡി3/15/സാനീവ. തീയതി 24-9-2016)

<u>ശിപാർശ</u>

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സെൻസസ് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഇതിന്റെ ആകെ ചെലവ് 13,54,27,750 രൂപയായി അംഗീകരിച്ചിട്ടുണ്ട്. 2014-2015 സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും സെൻസസ് പൂർണ്ണതോതിൽ ആരംഭിക്കാത്തതിനാൽ 13,29,252 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 2015 സെപ്റ്റംബർ 30-ാം തീയതിയ്ക്കുമുമ്പായി സെൻസസ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ

അവസാന ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിക്കായി 2015-2016-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന വൈകല്യ സർവ്വെ എന്ന സ്കീമിൽ 2015-2016 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന വഴി [G. O. (Rt.) No.726/16/Fin. Dated 24-1-2016] 8.50 കോടി രൂപ വകയിരുത്തുകയും ഈ തുക ടി സാമ്പത്തിക വർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8422/ഡി3/15/സാനീവ. തീയതി 24-9-2016)

<u>ശിപാർശ</u>

ശൈശവാരംഭത്തിലുള്ള കുട്ടികൾക്ക് ഗുണനിലവാരമുള്ള പരിശീലനവും വികസനവും ലഭ്യമാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയാണ് ഐ. സി. ഡി. എസ്. പരിശീലന പരിപാടി. 7-11-2013-ൽ കേന്ദ്ര സർക്കാർ ഐ.സി.ഡി.എസ്. പരിശീലന പരിപാടിയുടെ ബഡ്ജറ്റ് 1-9-2013 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പല കമ്പോണന്റിന്റെയും തുക ഇരട്ടിയാക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കനുസരിച്ച് 2013-2014 സാമ്പത്തിക വർഷത്തെ കുടിശ്ശിക നൽകുന്നതിന് 50 ലക്ഷം രൂപയും 2014-2015 സാമ്പത്തിക വർഷത്തെ ക്ലെയിമുകൾ നൽകുന്നതിന് 1.5 കോടി രൂപയും 2015-2016 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന 7.5 കോടി രൂപയും വൺ-ടൈം എം.ഐ.എസ്. പരിശീലനത്തിന് ആവശ്യമായ 3.5 കോടി രൂപയും ഉൾപ്പെടെ ആകെ 13 കോടി രൂപ ആവശ്യമുണ്ട്. 2015-2016 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 9 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

ഐ.സി.ഡി.എസ്. പരിശീലന പരിപാടി (90% സി.എസ്.എസ്.) 2015-2016 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറമേ 2 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9968/ബി1/15/സാനീവ. തീയതി 24-6-2016)

ശിപാർശ

3-6-2013-ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടെയും മറ്റു ജീവനക്കാരുടെയും ശമ്പളയിനത്തിൽ 30,00,000 രൂപയും മറ്റിനങ്ങൾക്കായി 9,00,000 രൂപയും വാടക, കരം നികുതിയിനത്തിൽ 9,00,000 രൂപയും ഉൾപ്പെടെ 48,00,000 രൂപ നോൺ പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിൽ അധികമായി ആവശ്യമുണ്ട്. 2015-2016 പദ്ധതിയിൽ പോക്സോ ആർ.റ്റി.ഇ. സെല്ലുകളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്ന സാഹചര്യത്തിൽ പോക്സോ സെല്ലിന് 25,00,000 രൂപയും ആർ.റ്റി.ഇ. സെല്ലിന് 7,00,000 രൂപയും ഉൾപ്പെടെ 32,00,000 രൂപ പ്ലാൻ ഇനത്തിലും അധികമായി ആവശ്യമുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ പ്ലാൻ ഇനത്തിൽ 32 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 48 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി പദ്ധതിയേതരയിനത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന് 25,80,000 രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. Other items ₹ 5,00,000 Rent, Rates and Taxes ₹ 5,00,000 [G.O. (Rt.) No.7204/2015/Fin. dated, 6-8-2015].
2. Other items ₹ 5,00,000 Rent, Rates and Taxes ₹ 80,000.
3. Hire Charges of Motor Vehicle ₹ 7,00,000 [G.O. (Rt.) 10194/2015/Fin. dated, 23-11-2015].
4. Wages ₹ 3,00,000 [G.O. (Rt.)No.1634/2016/Fin. Dated, 19-2-2016].

(സർക്കാർ കത്ത് നമ്പർ 8415/എ 2/15/സാനീവ. തീയതി 20-6-2016)

ശിപാർശ

കേരള സർക്കാരിന്റെ ജെൻഡർ അവയർനെസ്സ് പദ്ധതിയുടെ ഭാഗമായി ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പദ്ധതിയുടെ നടത്തിപ്പിനായി ബോർഡിനുകീഴിൽ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും

ഷെൽട്ടർ ഹോമുകളിലും വനിതാ ലീഗൽ കൗൺസിലർമാരുടെയും ഫാമിലി കൗൺസിലർമാരുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും മറ്റ് വിദഗ്ധരുടെയും സേവനം സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിക്കും അനുബന്ധ പരിപാടികൾക്കുമുള്ള ഗ്രാന്റ് സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് നൽകി വരുന്നു. ഇതിന്റെ ഭരണ ചെലവുകളുടെ 50% ഉം ചെയർപേഴ്സൻ നൽകുന്ന ഓണറേറിയത്തിന്റെ 100% ഉം സംസ്ഥാന സർക്കാരും ഭരണ ചെലവുകളുടെ 50% കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡുമാണ് വഹിക്കുന്നത്. 2010-2011 മുതൽ സാമൂഹ്യ ക്ഷേമ ബോർഡ് ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആരംഭിച്ചു. 2014-2015 വർഷത്തെ കുടിശ്ശികയായ 8,18,000 രൂപയും ബോർഡിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയം എന്നീ ഇനങ്ങളിലെ ചെലവുകൾക്കുമായി 1,04,04,424 രൂപയും ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 67,60,424 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സ്വീകരിച്ച നടപടി

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന് 2015-2016 വർഷത്തേയ്ക്ക് 31,10,000 രൂപ കൂടി (2015-2016 വർഷത്തെ നിലവിലെ സംസ്ഥാന ബഡ്ജറ്റ് വിഹിതമായ 44,62,000 രൂപയ്ക്ക് പുറമെ) അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11012/സി2/15/സാനീവ. തീയതി 26-9-2016)

## ശിപാർശ

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി 19-6-1978-ലെ സർക്കാർ ഉത്തരവു പ്രകാരം പ്രാബല്യത്തിൽ വന്നതാണ് ഈ പദ്ധതി. തുടക്കത്തിൽ 1000 രൂപയായിരുന്ന ധനസഹായം 26-12-2012 ലെ സർക്കാർ ഉത്തരവുപ്രകാരം 20,000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. സമൂഹത്തിലെ നിർദ്ധനരായ വിധവകൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിനായി ഈ പദ്ധതി വളരെയേറെ സഹായകമാണ്. 2015-2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ സഹായ തുക 50,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25,49,22,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

2015-2016 സാമ്പത്തികവർഷത്തിൽ പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി 3147.78 ലക്ഷം രൂപ ലഭിച്ചിരുന്നു. 12-7-2013-ലെ 339/2013/ധന. നമ്പർ ഉത്തരവുപ്രകാരം ധനസഹായം 30,000 രൂപയായും വർദ്ധിപ്പിക്കുകയും ആയത് നൽകി വരികയും ചെയ്യുന്നുണ്ട്. 2015-2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എങ്കിലും ആയത് വർദ്ധിപ്പിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം ഈയിനത്തിൽ പര്യാപ്തമായിരുന്നു.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

<u>ശിപാർശ</u>

സ്ത്രീ ശാക്തീകരണ പരിപാടിയുമായി ബന്ധപ്പെട്ട് എറണാകുളത്ത് അന്താരാഷ്ട്ര വിപണന കേന്ദ്രം സ്ഥാപിക്കുമെന്ന ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

അധിക തുക വകയിരുത്തിയിട്ടില്ല.

എറണാകുളത്ത് അന്താരാഷ്ട്ര വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ 2015-16 സാമ്പത്തിക വർഷം സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പ് അംഗീകരിച്ചിരുന്നില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തെ തുടർന്ന് അന്താരാഷ്ട്ര വിപണന കേന്ദ്രം സംബന്ധിച്ച പ്രൊപ്പോസൽ 2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ (Alteration Memorandum) ഉൾപ്പെടുത്തുന്നതിന് വേണ്ടി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുമ്പാകെ സമർപ്പിച്ചിരുന്നുവെങ്കിലും 2016-2017 പുതുക്കിയ ബഡ്ജറ്റിൽ (Alteration Memorandum) ഇക്കാര്യം പരാമർശിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പ്ലാനിംഗ് ബോർഡിന്റെ മുൻ നിർദ്ദേശ പ്രകാരം IWTC സാധ്യതാ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നതായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9967/ബി3/15/സാനീവ. തീയതി 5-10-2016)

<u>ശിപാർശ</u>

ലിംഗ പദവി സംബന്ധിച്ച്, വികസന അസമത്വത്തിന് പരിഹാരം കാണുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുൻകൈ എടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് തന്റേടം- ജൻഡർ പാർക്ക്. ജൻഡർ പാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണ ജോലികൾ നടന്നു വരികയാണ്. ഒന്നാംഘട്ട നിർമ്മാണത്തിന്റെ അടങ്കൽതുക 15 കോടി രൂപയാണ്. ഇതിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 5 കോടി രൂപ ELA യിലേക്കു മാറ്റിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 7 കോടി രൂപയിൽ 5 കോടി രൂപ പാർക്കിന്റെ നിർമ്മാണാവശ്യത്തിനും 2 കോടി രൂപ വിവിധ ഓഫ് കാമ്പസ് പ്രവർത്തനങ്ങൾ/ഭരണപരമായ ചെലവുകൾ എന്നിവയ്ക്കുമാണ്. നിർമ്മാണ ജോലികൾക്കായി ആകെ 14 കോടി രൂപ ആവശ്യമുണ്ട്. അതിൽ നിർമ്മാണാവശ്യത്തിനായി ഇ. എൽ. എ. യിലേക്ക് മാറ്റിയിട്ടുള്ള 5 കോടി രൂപയും ഈ സാമ്പത്തിക വർഷം ഈ ആവശ്യത്തിനായി വകയിരുത്തിയിട്ടുള്ള 5 കോടി രൂപയും ഉൾപ്പെടെയുള്ള '10' കോടി രൂപയ്ക്കു പുറമേ പാർക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

ജൻഡർ പാർക്ക് എന്ന സ്കീമിൽ 2015-2016 സാമ്പത്തിക വർഷത്തിലെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനവഴി അധികം 3 കോടി രൂപ ലഭിച്ചുവെങ്കിലും സാമ്പത്തിക വർഷാവസാനത്തെ ട്രഷറി നിയന്ത്രണവും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം പ്രാബല്യത്തിൽ ഇരുന്നതിനാലും ടി തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല

(സർക്കാർ കത്ത് നമ്പർ 9967/ബി3/15/സാനീവ. തീയതി 5-10-2016)

<u>ശിപാർശ</u>

അനാഥശാലകളിലെ അന്തേവാസികൾക്കുള്ള സഹായധനം 1-4-2014 മുതൽ ഒരു അന്തേവാസിക്ക് പ്രതിമാസം 700 രൂപയിൽ നിന്നും 800 രൂപയായും 1-1-2015 മുതൽ പ്രതിമാസം 1000 രൂപയായും വർദ്ധനവ് വരുത്തിയതിനാൽ 30647 അന്തേവാസികൾക്ക് 1-4-2014 മുതൽ 31-3-2015 വരെ 31,25,99,000 രൂപയും മുൻ വർഷത്തെ കുടിശികയിനത്തിൽ 5,95,36,000 രൂപയും ഉൾപ്പെടെ ആകെ 37,21,35,000 രൂപ ആവശ്യമുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 23,69,60,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

അനാഥശാലകൾക്കുള്ള സഹായധനം എന്ന സ്കീമിൽ അധിക തുകയായി 21-11-2015-ലെ സ.ഉ. (സാധാ.) നമ്പർ 10159/2015/ധന. ഉത്തരവ് പ്രകാരം 22,23,72,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/16/സാനീവ. തീയതി 30-8-2016)

<u>ശിപാർശ</u>

2015-2016 സാമ്പത്തികവർഷം യാചകകേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് കൊടുക്കേണ്ടത് 1-4-2014 മുതൽ 31-3-2015 വരെയുള്ള കാലയളവിലെ അർഹതയുള്ള തുകയാണ്. ഈ അന്തേവാസികൾക്കുള്ള ധനസഹായം 1-4-2014 മുതൽ പ്രതിമാസം 700 രൂപയിൽ നിന്നും 800 രൂപയായും 1-1-2015 മുതൽ 1,000 രൂപയായും വർദ്ധിപ്പിച്ചതിനാൽ അർഹതയുള്ള 385 അന്തേവാസികൾക്ക് 1-4-2014 മുതൽ 31-12-2014 വരെ 27,72,000 രൂപയും 1-1-2015 മുതൽ 31-3-2015 വരെ 11,55,000 രൂപയും കൂടാതെ അന്തേവാസികൾക്ക് മുൻവർഷത്തെ കുടിശ്ശിക 11,13,000 രൂപയും കൂടി ആകെ 50,40,000 രൂപ നല്കുവാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 39,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

യാചകകേന്ദ്രങ്ങൾക്കുള്ള സഹായധനം എന്ന സ്കീമിൽ അധിക തുകയായി 21-11-2015-ലെ സ. ഉ. (സാധാ.) നമ്പർ 10159/2015/ധന. ഉത്തരവ് പ്രകാരം 9,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

<u>ശിപാർശ</u>

അനാഥാലയ നിയന്ത്രണ ബോർഡിൽ 7 ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രതിമാസം 10,000 രൂപ നിരക്കിൽ ഓണറേറിയം നൽകിയിരുന്ന 40 കൗൺസിലർമാരുടെ ഓണറേറിയം 24-3-2015-ലെ ഉത്തരവു പ്രകാരം 14,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ബോർഡിന്റെ മെമ്പർ സെക്രട്ടറി ഒഴികെയുള്ള 14 അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, റ്റി.എ. എന്നിവ നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,01,98,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

അനാഥാലയ നിയന്ത്രണ ബോർഡ് എന്ന സ്കീമിൽ അധിക തുകയായി 29-10-2015-ലെ സ.ഉ. (സാധാ.) നമ്പർ 9477/15/ധന. ഉത്തരവ് പ്രകാരം 60,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

<u>ശിപാർശ</u>

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ഗ്രാന്റ് 10-9-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 1-4-2014 മുതൽ ഒരാൾക്ക് 700 രൂപയിൽ നിന്നും 800 രൂപയായും 1-1-2015-ലെ സർക്കാർ ഉത്തരവുപ്രകാരം 800 രൂപയിൽ നിന്നും 1,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 1-4-2014 മുതൽ 31-3-2015 വരെയുള്ള കാലയളവിൽ ഗ്രാന്റ് കൊടുക്കേണ്ടത് 8240 അന്തേവാസികൾക്കാണ്. ഇവർക്ക് ഗ്രാന്റ് നൽകുന്നതിനായി 8,40,48,000 രൂപയും കൂടാതെ അന്തേവാസികൾക്ക് മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിന് 2,97,94,000 രൂപയും ഉൾപ്പെടെ 11,38,42,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9,04,13,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

സന്നദ്ധ സംഘടനകൾക്കുള്ള സഹായധനം എന്ന സ്കീമിൽ നിന്നും അധിക തുകയായി 21-11-2015-ലെ സ.ഉ. (സാധാ.) 10159/2015/ധന. ഉത്തരവ് പ്രകാരം 9,01,63,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

<u>ശിപാർശ</u>

അംഗവൈകല്യമുള്ളവരുടെ പുനരധിവാസം, ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായുള്ള ക്ഷേമ പദ്ധതികളായ സ്വയംതൊഴിൽ പദ്ധതി, മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങിയ വികലാംഗർക്കുള്ള സബ്സിഡി, സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം, നാഷണൽ ഹാന്റികാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വായ്പ, തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപപദ്ധതി, എൻ.എച്ച്.എഫ്.ഡി.സി. വായ്പാ പദ്ധതി എന്നീ വിവിധ പദ്ധതികൾക്ക് ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കുന്നത്. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യമായി നൽകുന്ന പദ്ധതി, ഹൈടെക് വീൽ ചെയർ നൽകുന്ന പദ്ധതി, കൂടാതെ

ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുരുതരമായ വൈകല്യമുള്ള വ്യക്തികൾ, ഗുരുതരമായ രോഗം ബാധിച്ച വിധവകൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ എന്നിവർക്ക് ചെറുകിട ബിസിനസ് സ്ഥാപനങ്ങൾ നടത്തുന്നതിനായി സെക്യൂരിറ്റി ഇല്ലാതെ 25,000 രൂപ വായ്പ നൽകുന്നതിനുള്ള പദ്ധതി, ഭിന്നശേഷിയുള്ളവർക്കായി നടപ്പിലാക്കുന്ന 100% തൊഴിൽ ലഭ്യത ഉറപ്പാക്കിക്കൊണ്ടുള്ള തൊഴിൽ പരിശീലന-തൊഴിൽദാന പദ്ധതി എന്നിവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8422/ഡി3/15/സാനീവ. തീയതി 24-9-2016)

ശിപാർശ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കുള്ള 100 ലക്ഷം രൂപയും 2015-16 സാമ്പത്തികവർഷം 4 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളും സർക്കാരിനു നൽകാനുള്ള 7.25 ലക്ഷം രൂപയുടെ ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശികയും കേരള ഹൗസിംഗ് ബോർഡിലേക്കുള്ള 5.78 ലക്ഷം രൂപയും കോഴിക്കോട് റീജിയണൽ ഓഫീസിൽ പുതുതായി അനുവദിച്ച മൂന്ന് തസ്തികകളിലേക്കുള്ള ശമ്പളവും കൂടാതെ പാറ്റൂർ, എം.ആർ.എസ്.റ്റി. യൂണിറ്റിന്റെ ഉന്നമനത്തിനായുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8422/ഡി3/15/സാനീവ. തീയതി 24-9-2016)

ശിപാർശ

വിധവകൾക്കുള്ള പ്രതിമാസ പെൻഷൻ 10-9-2014-ലെ സർക്കാർ ഉത്തരവു പ്രകാരം 700 രൂപയിൽ നിന്നും 800 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണത്തിനായി ഈ ശീർഷകത്തിൽ 64,03,49,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തികവർഷത്തിൽ അഗതി (വിധവ) പെൻഷൻ പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി 95325.59 ലക്ഷം രൂപ ലഭിച്ചിരുന്നു. 10-9-2014-ലെ സ.ഉ. (സാധാ.) നമ്പർ 571/2014/സാനീവ. നമ്പർ പ്രകാരം പെൻഷൻ 800 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായിരുന്നു. 2016 മാർച്ച് മാസം വരെ കുടിശ്ശിക ഇല്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടി 24882.58 ലക്ഷം രൂപ കൂടി അധിക തുകയായി അവസാന ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ചിട്ടുണ്ട്. ആയത് പെൻഷൻ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

ശിപാർശ

10-9-2014-ലെ സർക്കാർ ഉത്തരവു പ്രകാരം 80 വയസ്സിനുമുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 1,100 രൂപയിൽ നിന്നും 1,200 രൂപയായും മറ്റുള്ളവർക്കുള്ള പെൻഷൻ 500 രൂപയിൽ നിന്നും 600 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 587,59,98,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തിക വർഷത്തിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി 11621.00 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 10-9-2014-ലെ സ.ഉ. (സാധാ.) നമ്പർ 571/2014/സാനീവ. നമ്പർ പ്രകാരം 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് പെൻഷൻ 1,100 രൂപയിൽ നിന്നും 1,200 രൂപയായും മറ്റുള്ളവർക്ക് പെൻഷൻ 500 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലവും

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായിരുന്നു. 2016 മാർച്ച് മാസം വരെ കടിശ്ശിക ഇല്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടി അധിക തുകാനുമതിയായി അവസാന ഉപധനാഭ്യർത്ഥനയിലൂടെ 97607.54 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് പെൻഷൻ വിതരണത്തിനായി ചെലവാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 11016/സി1/15/സാനീവ. തീയതി 30-8-2016)

## ശിപാർശ

10-9-2014-ലെ സർക്കാർ ഉത്തരവു പ്രകാരം മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 700 രൂപയിൽ നിന്നും 800 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3,24,10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

## സ്വീകരിച്ച നടപടി

2015-2016 സാമ്പത്തിക വർഷത്തിൽ 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി 6481.73 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. എന്നാൽ 10-9-2014-ലെ സ.ഉ. (സാധാ.) നമ്പർ 571/2014/സാനീവ നമ്പർ പ്രകാരം പെൻഷൻ 800 രൂപയായി വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലം ബഡ്ജറ്റ് വിഹിതം അപര്യാപ്തവുമായിരുന്നു. 2016 മാർച്ച് മാസം വരെ കടിശ്ശികകളില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടി അവസാന ഉപധനാഭ്യർത്ഥനയിലൂടെ 1195.09 ലക്ഷം രൂപ ആവശ്യപ്പെടുകയും ആയത് അനുവദിച്ചു തന്നിട്ടുള്ളതുമാണ്. ടി തുക പെൻഷൻ വിതരണത്തിന് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11016/സി1/15/സാനീവ. തീയതി 30-8-2016)

## ശിപാർശ

ശ്രവണ വൈകല്യമുള്ളവരുടെ പരാതി സ്വീകരിക്കുന്നതിനായി നിയമിക്കുന്ന ഇന്റർപ്രെട്ടർ, ഡ്രൈവർ എന്നീ തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്ക് വേതനം നൽകുന്നതിന് 5 ലക്ഷം രൂപയും അംഗപരിമിതരുടെ സംസ്ഥാന നയ രൂപീകരണ സമിതിയായ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയും, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും നോമിനേറ്റഡ് അംഗങ്ങൾക്ക് റ്റി.എ./ഡി.എ. എന്നിവ നൽകുന്നതിന് 3 ലക്ഷം രൂപയും ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ആകെ 8,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8422/ഡി3/15/സാനീവ. തീയതി 24-9-2016)

<u>ശിപാർശ</u>

അംഗപരിമിതർ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരാറുള്ള പൊതു സ്ഥലങ്ങളായ കളക്ടറേറ്റുകൾ, സിവിൽ സ്റ്റേഷനുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കോടതികൾ, ബാങ്കുകൾ, ആശുപത്രികൾ, ബസ്സ്റ്റാന്റുകൾ, പാർക്കുകൾ, ബീച്ചുകൾ, മറ്റു പബ്ലിക് ബിൽഡിംഗുകൾ, സർവ്വകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ അവർക്ക് തടസ്സരഹിതമായ സഞ്ചാരസൗകര്യം ഉറപ്പാക്കേണ്ടതും വീൽചെയർ ഉപയോഗിക്കുന്നവർക്ക് സൗകര്യപ്രദമായ പ്രത്യേകതരം ടോയ്‌ലെറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്. അംഗപരിമിതർക്ക് ലിഫ്റ്റ്, റാമ്പ്, മോഡിഫൈഡ് ടോയ്‌ലെറ്റുകൾ എന്നിവ അത്യാവശ്യ ഘടകങ്ങളാണെന്ന് ദേശീയ നിയമത്തിൽ കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് കാര്യമായി ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8466/ഡി3/15/സാനീവ. തീയതി 24-9-2016)

<u>ശിപാർശ</u>

ശയ്യാവലംബികളായ നിത്യരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസ കിരണം. ഈ പദ്ധതിയിൽ, 63544 ഗുണഭോക്താക്കളാണുള്ളത്. 2015-16 വർഷത്തിൽ 10000 ഗുണഭോക്താക്കളെ പുതുതായി പ്രതീക്ഷിക്കുന്നു. കൂടാതെ കോർപ്പസ് ഫണ്ടിൽ നിന്നും 44 കോടി രൂപ കഴിഞ്ഞവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 60,33,27,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി നടത്തിപ്പിന് 2015-2016 സാമ്പത്തിക വർഷം 30 കോടി രൂപ വകയിരുത്തിയിരുന്നു.

2015-2016 സാമ്പത്തികവർഷം ടി പദ്ധതി ആനുകൂല്യം നിലവിലുള്ള 72353 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 4508.33 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. പദ്ധതിക്കായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഉപധനാഭ്യർത്ഥന പ്രകാരം അധികമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11012/സി2/15/സാനീവ. തീയതി 26-9-2016)

ശിപാർശ

കോഴിക്കോട് നഗരത്തിൽ നടപ്പാക്കിയിട്ടുള്ള വിശപ്പുമുക്ത നഗരം പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ കൂടി വ്യാപിപ്പിച്ചതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2,10,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2015-2016 വർഷം പദ്ധതി നടത്തിപ്പിന് 237.75 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ടി പദ്ധതിയ്ക്കായി അധികമായി ചെലവായ 47.75 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിച്ച സംഭാവന തുകയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 11012/സി2/15/സാനീവ. തീയതി 26-9-2016)

ശിപാർശ

ബന്ധുക്കളുടെയോ കൂട്ടുകാരുടേയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്യുന്ന ഈ പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 42,37,56,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തികവർഷ ബഡ്ജറ്റിൽ 1300 ലക്ഷം രൂപ പദ്ധതി പ്രവർത്തനത്തിനായി വകയിരുത്തിയിരുന്നു. 2015-2016 വർഷം 78609 ഗുണഭോക്താക്കൾക്ക് 3780.25 ലക്ഷം രൂപ ചെലവഴിച്ച് ധനസഹായം അനുവദിക്കുകയുണ്ടായി. ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുക ആവശ്യമായതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ അധിക തുകയായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അപ്രകാരം 2015-2016 വർഷം ആകെ 2800 ലക്ഷം രൂപ അനുവദിച്ച് ലഭിക്കുകയും 3780.25 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി. ടി പദ്ധതിക്കായി അധികമായി ചെലവായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മിഷന് ലഭിക്കുന്ന സംഭാവന തുകയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 11012/സി2/15/സാനീവ. തീയതി 26-9-2016)

ശിപാർശ

കിഡ്നി തകരാറ് സംഭവിച്ച് ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബങ്ങളിലെ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. 2014-2015 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ കിഡ്നി/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെയും ഹീമോഫീലിയ രോഗികളെയും കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുകയുണ്ടായെങ്കിലും 2015-2016-ലെ ബഡ്ജറ്റിൽ ഇതിനായി തുക അനുവദിച്ചിട്ടില്ല. നിലവിൽ ഈ പദ്ധതി ആനുകൂല്യത്തിന് 4091 ഗുണഭോക്താക്കളുണ്ട്. ഇവർക്ക് 2015-2016 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്നതിന് 5 കോടി 24 ലക്ഷം രൂപ ആവശ്യമാണ്. നടപ്പുവർഷം പുതുതായി പ്രതീക്ഷിക്കുന്ന 6000 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് 7 കോടി 92 ലക്ഷം രൂപ ആവശ്യമാണ്. കൂടാതെ കഴിഞ്ഞവർഷം 2.49 കോടി രൂപ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുകയുണ്ടായി. ആയതിനാൽ 2015-2016 സാമ്പത്തിക വർഷം സമാശ്വാസം പദ്ധതിക്കായി 15,66,03,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

2015-2016 സാമ്പത്തിക വർഷത്തിൽ സമാശ്വാസ പദ്ധതിയിൽ നിലവിലുള്ള ഡയാലിസിസ് നടത്തുന്ന രോഗികൾക്കുള്ള ധനസഹായത്തിനു പുറമെ കിഡ്നി/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗം ബാധിച്ചവർ എന്നിവരെ ഉൾപ്പെടുത്തി പദ്ധതി വിപുലപ്പെടുത്തുകയുണ്ടായി. എന്നാൽ ടി പദ്ധതി നടത്തിപ്പിന് ബഡ്ജറ്റിൽ തുക പ്രത്യേകമായി

വകയിരുത്തിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്കും പുതിയ പദ്ധതി പ്രവർത്തനങ്ങൾക്കുമായി 2235-60-200-72 NP ശീർഷകത്തിൽ വകയിരുത്തി ലഭിച്ച 3.15 കോടി രൂപയിൽ നിന്നാണ് സമാശ്വാസം പദ്ധതി പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തിയത്. 2015-2016 വർഷം 5639 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിക്കുന്നതിന് 617 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ടി പദ്ധതിക്കായി അധികമായി ചെലവായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കേരള സാമൂഹ്യ സുരക്ഷാ മിഷന് ലഭിക്കുന്ന സംഭാവന തുകയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 11012/സി2/15/സാനീവ. തീയതി 26-9-2016)

<u>ശിപാർശ</u>

ഈ പദ്ധതി പ്രകാരം 506 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഒരു അംഗൻവാടി കെട്ടിടം 6.88 ലക്ഷം രൂപ നിരക്കിൽ നിർമ്മിക്കുന്നതിന് ആകെ 34.8128 കോടി രൂപ ആവശ്യമുണ്ട്. ഈ ആവശ്യത്തിന് 2 കോടി രൂപ 2014-2015 സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32,81,28,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

അംഗൻവാടികളിൽ പ്രീ സ്കൂൾ, പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ സംയോജനത്തിനായി (നബാർഡ് ആർ.ഐ.ഡി.എഫ്.) 2015-2016 സാമ്പത്തികവർഷം 17,20,00,000 രൂപ അധിക തുകയായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9968/ബി1/15/സാനീവ. തീയതി 24-6-2016)

<u>ശിപാർശ</u>

ശ്രീ. എ. എം. ആരിഫ് എം.എൽ.എ.യുടെയും ശ്രീ. പി. കെ ഗുരുദാസൻ എം.എൽ.എ.യുടെയും എൽ. എ. സി. എ. ഡി. എസ്. പ്രകാരം പ്രസ്തുത നിയോജക മണ്ഡലങ്ങളിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ആകെ 75 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 2014-2015 സാമ്പത്തികവർഷത്തിൽ ഭരണാനുമതി ലഭിച്ചിരുന്നെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 74,70,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിയ്ക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ 9968/ബി1/15/സാനീവ. തീയതി 24-6-2016)

<u>ശിപാർശ</u>

ഈ പദ്ധതി പ്രകാരം 2013-2014 സാമ്പത്തികവർഷത്തിൽ 1052 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഒരു അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചെലവായ 4.5 ലക്ഷം രൂപയിൽ 75% തുക കേന്ദ്ര വിഹിതവും 25% തുക സംസ്ഥാന വിഹിതവുമാണെന്നും സമിതി മനസ്സിലാക്കുന്നു. 2014-2015 സാമ്പത്തികവർഷത്തിൽ 1 ലക്ഷം രൂപ വീതം ചെലവഴിച്ച് 1370 അംഗൻവാടി കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലും 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. ഈ പദ്ധതിയ്ക്കായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തിനാൽ ഈ ശീർഷകത്തിൽ 61,04,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

അംഗൻവാടി മന്ദിരങ്ങളുടെ ഉന്നമനം എന്ന സ്കീമിൽ 2015-2016 സാമ്പത്തിക വർഷത്തിൽ ജൂലൈ മാസത്തെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥന വഴി 6,42,23,000 രൂപ അനുവദിച്ചു നൽകുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 4235-02-102-91(P) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ.

(സർക്കാർ കത്ത് നമ്പർ 9968/ബി1/15/സാനീവ. തീയതി 30-9-2016)

<u>ശിപാർശ</u>

സ്വാതന്ത്ര്യ സമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം 3,000 രൂപയിൽ നിന്നും 5,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തരചടങ്ങുകൾക്ക് ധനസഹായം നൽകുന്നതിന് 5.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചത്. എന്നാൽ ഇതിൽ 3,87,000 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. 1,63,000 രൂപ സറണ്ടർ ചെയ്യുകയുണ്ടായി. ആയതിനാൽ ശീർഷകത്തിൽ അധിക തുക ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ എഫ്.എഫ്.പി.ബി1/72/16/പൊഭവ. തീയതി 24-6-2016)

<u>ശിപാർശ</u>

ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മുന്നോക്ക വിഭാഗത്തിൽപ്പെട്ട ആദിബ്രാഹ്മണ സമുദായങ്ങളുടെ 200 അഗ്രഹാരങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പുസാമ്പത്തികവർഷം പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ ആദിബ്രാഹ്മണ സമുദായങ്ങളുടെ 200 അഗ്രഹാരങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 4 കോടി രൂപ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റിന്റെ ആദ്യ ബാച്ചിൽ ഉൾപ്പെടുത്തി അധികമായി അനുവദിക്കണമെന്നഭ്യർത്ഥിച്ച് കോർപ്പറേഷനിൽനിന്ന് 15-6-2015-ൽ ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും പരിഗണനക്കായി സമർപ്പിക്കുകയുണ്ടായി.

30-5-2015-ലെ 53/2015/ധന. നമ്പർ സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ ടി പ്രൊപ്പോസൽ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റിന്റെ ആദ്യ ബാച്ചിൽ ഉൾപ്പെടുത്താൻ കഴിയില്ലായെന്നും പ്ലാൻ സ്കീമിൽ നടപ്പുവർഷം അനുവദിച്ച 22 കോടി രൂപ റീ-പ്രയോറിട്ടൈസ് ചെയ്ത് ഈ സ്കീമിനായി വിനിയോഗിക്കണമെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. അഗരങ്ങൾ/അഗ്രഹാരങ്ങൾ എന്നിവ പുരാവസ്തു വകുപ്പിന്റെ കീഴിൽ പരിപാലിക്കപ്പെടുന്നവയാണെങ്കിൽ അവയുടെ പുനരുദ്ധാരണത്തിനായി തുക ചെലവഴിക്കാമായിരുന്നുവെന്നും എന്നാൽ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക സ്വകാര്യ

ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി ചെലവഴിക്കാനാകില്ലെന്ന് ആസൂത്രണ സാമ്പത്തികകാര്യവകുപ്പും അഭിപ്രായപ്പെട്ടതിനെത്തുടർന്ന് നടപ്പുസാമ്പത്തികവർഷം ഈ പ്രൊപ്പോസൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 46467/സി.ഡി.എൻ4/15/പൊഭവ. തീയതി 2-2-2016)

ശിപാർശ

ഈയിനത്തിലെ ധനസഹായം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 2,34,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

2235-60-200-89 ശീർഷകത്തിൽ 2015-2016 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതം ആയി 50,000 രൂപയും അധികം തുകയായി 1,75,000 രൂപയും വകയിരുത്തിയിട്ടുണ്ട്. അപ്രകാരം പ്രസ്തുത ശീർഷകത്തിൽ മൊത്തം 2,25,000 രൂപ വകയിരുത്തുകയും പ്രസ്തുത തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 118/പൊളി.4/16/പൊഭവ. തീയതി 7-10-2016)

അദ്ധ്യായം III

(എ) ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ:

2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം 58-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 12-7-2016-ന് സഭയിൽ സമർപ്പിച്ചു.

2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 48-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 12-7-2016-ന് സഭയിൽ സമർപ്പിച്ചു.

2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 22, 23, 24, 25 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 8-3-2017-ന് സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

<u>2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

ദുർഗുണപരിഹാര പാഠശാലയിലെ തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധനവ്, മരുന്ന്, ചികിത്സാചെലവ്, ആഹാര സാധനങ്ങളുടെയും മറ്റും വിലയിൽ അടിക്കടിയുണ്ടാകുന്ന വർദ്ധനവ്, ഇന്ധന ചെലവ് എന്നിവ കണക്കാക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

4-3-2014 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 1706/2014/ധന.എന്ന സർക്കാർ ഉത്തരവ് പ്രകാരം 2013-2014 സാമ്പത്തികവർഷത്തെ "2235-02-106-98—ദുർഗുണപരിഹാര പാഠശാല" എന്ന ശീർഷകത്തിൽ 3,03,000 (മൂന്നു ലക്ഷത്തി മൂവായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 69733/ബി2/13/ആഭ്യന്തരം തീയതി 29-2-2016)

<u>2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

2235-60-200-72-(02)-എന്ന ശീർഷകം "തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)" എന്ന് പുനർനാമകരണം ചെയ്യുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

2235-60-200-72-(02)—തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസകിരണം) എന്ന ബഡ്ജറ്റ് ശീർഷകം "തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)"എന്ന് 2016-2017-ലെ ബഡ്ജറ്റിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 53886/ബ.വി.ഡി3/2015/ധന. തീയതി 4-2-2016)

(ബി) <u>ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ:</u>

(i) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ) വകുപ്പിന്റെ 2015-2016 സാമ്പത്തികവർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 13-7-2016-ന് സഭയുടെ മേശപ്പുറത്തു വച്ചു.

(ii) പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പിന്നോക്ക സമുദായ വികസന വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 13-7-2016-ന് സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സഭയുടെ മേശപ്പുറത്തു വച്ചു.

(iii) പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പിന്നോക്ക സമുദായ വികസന വകുപ്പിന്റെ 2013-2014 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 9-10-2016-ൽ സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സഭയുടെ മേശപ്പുറത്തു വച്ചു.

(iv) പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് സമിതി ചെയർമാൻ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 19-10-2016-ന് സഭയുടെ മേശപ്പുറത്തു വച്ചു.

(v) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (സൈനികക്ഷേമ) വകുപ്പിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 19-10-2016-ന് സഭയുടെ മേശപ്പുറത്തു വച്ചു

(vi) പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികജാതി വികസന വകുപ്പിന്റെ 2014-2015 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 8-11-2016-ന് സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സഭയുടെ മേശപ്പുറത്തുവച്ചു.

(vii) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ 2015-16 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 8-11-2016-ന് സഭയുടെ മേശപ്പുറത്തു വച്ചു.

(viii) പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പിന്നോക്കസമുദായ വികസന വകുപ്പിന്റെ 2015-16 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 9-3-2017-ന് സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ സഭയുടെ മേശപ്പുറത്തു വച്ചു.

## അദ്ധ്യായം IV

ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച അന്തിമ മറുപടി

(ഫയൽ നമ്പർ 3842/സബ്.സി.ജി2/14/നി.സെ.)

## പൊതു ശിപാർശകൾ

### ശിപാർശ നമ്പർ 1

1960-ൽ രൂപം നൽകിയ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർ വിഷൻ ആന്റ് കൺട്രോൾ ആക്ട്) നിയമം, 1989-ലെ കുട്ടികളുടെ അവകാശ ഉടമ്പടി, 2000-ലെ ബാലനീതി (കുട്ടികളുടെ പരിപാലനവും പരിരക്ഷയും) നിയമം എന്നിവയുടെ പശ്ചാത്തലത്തിൽ നിലവിൽവന്ന 2007-ലെ ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ (കേന്ദ്രമാതൃകാ ചട്ടം) അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ ബാലനീതി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ബാലനീതി നിയമം നിലവിലില്ലാത്ത സാഹചര്യത്തിൽ കേന്ദ്രനിയമം അടിസ്ഥാനമാക്കി സംസ്ഥാനത്തും ബാലനീതി നിയമ നിർമ്മാണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കേന്ദ്ര നിയമം അടിസ്ഥാനമാക്കിയ സംസ്ഥാനത്ത് ഗവൺമെന്റ് ഓർഡർ നമ്പർ G.O.(P) No. 50/2014/SJD dated 9-6-2014 പ്രകാരം കേരള സംസ്ഥാന ബാലനീതി ചട്ടങ്ങൾ 2014-ൽ നിലവിൽ വന്നിട്ടുണ്ട്.

### ശിപാർശ നമ്പർ 2

ബാലനീതി സ്ഥാപനങ്ങളിൽ നിലവിൽ പ്രൊമോഷൻ വഴിയാണ് സൂപ്രണ്ടുമാരെ നിയമിക്കുന്നത്. പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി ഹോമുകളിൽ എത്തുന്ന കുട്ടികളോട് സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ഇവരിൽ പലർക്കും കഴിയാതെ പോകുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഇത് പരിഹരിക്കുന്നതിനായി ഈ സ്ഥാപനങ്ങളിൽ സൂപ്രണ്ടുമാരുടെയും, കെയർടേക്കർമാരുടെയും നിയമനം നടത്തുമ്പോൾത്തന്നെ കുട്ടികളുടെ സ്വഭാവം, മനഃശാസ്ത്രം, പെരുമാറ്റം തുടങ്ങിയ വിഷയങ്ങളിൽ ഇവർക്ക് പരിശീലനം നൽകേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കുട്ടികൾക്കുള്ള സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർക്കും കെയർടേക്കർമാർക്കും, കുട്ടികളുടെ സ്വഭാവം, മനഃശാസ്ത്രം, പെരുമാറ്റം തുടങ്ങിയ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകിക്കഴിഞ്ഞു.

<u>ശിപാർശ നമ്പർ 3</u>

ജുവനൈൽ ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും പലവിധ മാനസിക, ശാരീരിക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായവരാകയാൽ ഇവരുടെ ശാരീരിക-മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരന്തരമായ കൗൺസിലിംഗ് ആവശ്യമാണ്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളിലും കൗൺസിലർമാരുടെ സ്ഥിരം സേവനം ഉറപ്പാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പൊതു ശിപാർശകളിലെ മൂന്നാം ശിപാർശ പ്രകാരം കൗൺസിലർമാരുടെ നിയമാനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 4</u>

അന്തേവാസികളുടെ ആരോഗ്യപരിപാലനം, ശുചിത്വ പരിപാലനം, മാനസിക പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ചികിത്സ എന്നിവയ്ക്കായി മെഡിക്കൽ ഓഫീസർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഓരോ ജില്ലകളിലുമുള്ള ജെ.ജെ. സ്ഥാപനങ്ങളിലെ കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് സൈക്കോളജിസ്റ്റുമാരുടെ ഒരു പാനൽ തയ്യാറാക്കുവാൻ എല്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും (ഡി.സി.പി.ഒ.) നിർദ്ദേശം നൽകിയിട്ടുണ്ട്. ജെ.ജെ. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ക്രമമായ മെഡിക്കൽ പരിശീലനം നടത്തുന്നതിനുവേണ്ടി മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

<u>ശിപാർശ നമ്പർ 5</u>

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അവരിലുള്ള സാഹിത്യ-സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനുമായി എല്ലാ ബാലനീതി സ്ഥാപനങ്ങളിലും ലൈബ്രറി-റീഡിംഗ് റൂം സൗകര്യം ഏർപ്പെടുത്തേണ്ടതാണെന്നും ലൈബ്രറികളിൽ വർത്തമാനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്ക് പുറമേ തൊഴിൽ പ്രസിദ്ധീകരണങ്ങളും കുട്ടികളുടെ ബൗദ്ധിക വികാസത്തിനുതകുന്നതരത്തിലുള്ള പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ലൈബ്രറി ആൻഡ് റീഡിംഗ് റൂം ഏർപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 6

കുട്ടികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ജനാധിപത്യപരമായ പ്രവർത്തനത്തിലൂടെ അവയ്ക്ക് പരിഹാരം കാണുന്നതിനും 10 കുട്ടികളിൽ കൂടുതൽ അന്തേവാസികളായുള്ള എല്ലാ സ്ഥാപനങ്ങളിലും ബാലസഭകൾ രൂപീകരിക്കേണ്ടതാണെന്നും ഈ ബാലസഭകളുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു സോഷ്യൽ വർക്കറെ ചുമതലപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്ഥാപനങ്ങളിൽ ബാലസഭ ക്രമമായി കൂടുന്നുണ്ട്.

ശിപാർശ നമ്പർ 7

ഇതര സംസ്ഥാനങ്ങളിൽ നിന്നും വഴിതെറ്റി ബസ്സ്റ്റാന്റിലും റെയിൽവേ സ്റ്റേഷനിലും മറ്റും എത്തിപ്പെടുന്ന കുട്ടികൾ, ബാലവേല ചെയ്യുന്നവർ, അലഞ്ഞ് തിരിയുന്നവർ, ചില്ലറ മോഷണ ശ്രമങ്ങൾ നടത്തുന്നവർ, ബന്ധുക്കളെ പിരിഞ്ഞ് ഒറ്റപ്പെട്ടുപോകുന്നവർ എന്നിവരെ കണ്ടെത്തി അതത് സ്ഥലത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ എത്തിക്കുന്നതിനും ഇവർക്ക് സുരക്ഷയും പരിചരണവും നൽകുന്നതിനും കുട്ടികളെ യഥാർത്ഥ രക്ഷാകർത്താക്കൾക്കു കൈമാറുന്നതിനും ഫലപ്രദമായനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി 'Track Child Web Portal' എന്ന സൈറ്റിൽ കുട്ടിയുടെ വിവരം ഫോട്ടോ സഹിതം അപ്‌ലോഡ് ചെയ്ത് ചൈൽഡ് ലൈൻ, എൻ.ജി.ഒ., മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം വിശദമായ അന്വേഷണം നടത്തി കുട്ടികളുടെ ജന്മസ്ഥലം സംബന്ധിച്ച വിവരം മനസ്സിലാക്കുന്നതിനുള്ള സൗകര്യം വിപുലപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാണാതായ കുട്ടികളെ കണ്ടെത്തുന്നതിനു വേണ്ടി 2015 നവംബർ മാസം ഓപ്പറേഷൻ വാത്സല്യ എന്ന പേരിൽ ഒരു തീവ്രയജ്ഞ പരിപാടി നടത്തുകയുണ്ടായി. ബസ് സ്റ്റാന്റ്, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ അലഞ്ഞുതിരിയുന്ന കുട്ടികളെ കണ്ടെത്തുകയും അവരെ സി.ഡബ്ല്യു.സി.യുടെ മുൻപിൽ ഹാജരാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ഓപ്പറേഷൻ വാത്സല്യ എന്ന പരിപാടിയിലൂടെ 119 കുട്ടികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട കുട്ടികളെ കണ്ടെത്തുന്നതിനുള്ള രണ്ടാംഘട്ട പരിപാടി 2016 ജനുവരി 1 മുതൽ ഒരു മാസക്കാലം നടത്തിയിരുന്നു. പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവയുടെ സഹകരണ ത്തോടെയാണ് രണ്ടാംഘട്ട പരിപാടി നടത്തിയത്. ഇതിലൂടെ എത്ര കുട്ടികളെ കണ്ടെത്തിയെന്ന വിവരം പോലീസ് വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല.

## ശിപാർശ നമ്പർ 8

ബാലമന്ദിരങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിൽ അടിസ്ഥാന സൗകര്യങ്ങളുടെ പങ്ക് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം പ്രായത്തിനനുസരിച്ച് കുട്ടികളെ മൂന്നായി തിരിച്ച് വ്യത്യസ്തമുറികളിലാണ് താമസിപ്പിക്കേണ്ടത്. എന്നാൽ മിക്ക ബാല മന്ദിരങ്ങളിലും അശാസ്ത്രീയമായും ആസൂത്രണ മില്ലാതെയും നിർമ്മിക്കപ്പെട്ട ഡോർമെട്രികളിലാണ് കുട്ടികളെ താമസിപ്പിക്കുന്നത്. പത്തോ പതിനഞ്ചോ കുട്ടികൾക്ക് മാത്രം താമസിക്കാവുന്ന ഒരു ഡോർമെട്രിയിൽ 25 മുതൽ 30 കുട്ടികളെ വരെ താമസിപ്പിക്കുന്നതായി സമിതി കണ്ടെത്തി. ഈ ഡോർമെട്രികളിൽ തന്നെയും ഒന്നോ രണ്ടോ ടോയ്‌ലെറ്റുകളും ഒരു ബാത്ത് റൂമും മാത്രമാണുള്ളത്. കുട്ടികൾക്ക് കളിക്കുന്നതിനും വസ്ത്രം അലക്കുന്നതിനുമുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. ആയതിനാൽ ജുവനൈൽ ജസ്റ്റീസ് ആക്ടും ബന്ധപ്പെട്ട നിയമങ്ങളും നിഷ്കർഷിക്കുന്ന ഭൗതികസാഹചര്യങ്ങളായ കിടപ്പുമുറി, സിക്ക് റൂം, സ്റ്റഡിറൂം, വർക്ക് ഷോപ്പ്, റിക്രിയേഷൻ റൂം, കളിസ്ഥലം, ടോയ്‌ലെറ്റ്, ബാത്ത് റൂം, വസ്ത്രം അലക്കുന്നതിനുള്ള സൗകര്യം എന്നിവയും കൂടാതെ വസ്ത്രവും, ഭക്ഷണവും എല്ലാ ബാലമന്ദിരങ്ങളിലും ഉറപ്പാക്കേണ്ടതും അവിടങ്ങളിൽ ശിശുസൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

തിരുവനന്തപുരം, കോട്ടയം, എറണാകുളം, തലശ്ശേരി എന്നീ ഹോമുകളെ മോഡൽ ഹോമുകളാക്കി മാറ്റിയിട്ടുണ്ട്. ജെ.ജെ. ആക്ട് നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഈ ഹോമുകളിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ക്രമേണ സംസ്ഥാനത്തെ എല്ലാ ഹോമുകളെയും മാതൃകാ ഹോമുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതാണ്.

## ശിപാർശ നമ്പർ 9

ജുവനൈൽ ജസ്റ്റീസ് ബോർഡിൽ ഏകദേശം 400 കേസുകൾ ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിനായി മാത്രം സമർപ്പിക്കപ്പെട്ടിട്ടുള്ളതായും 200 കേസുകൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ തീർപ്പാകാതെ കിടക്കുന്നതായും സമിതി മനസ്സിലാക്കുന്നു. കുട്ടികൾ പ്രതികളായ ധാരാളം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റീസ് ആക്ട് നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ കേസുകൾ തീർപ്പാക്കുന്നതിനായി ബോർഡിൽ പ്രിൻസിപ്പൽ മജിസ്ട്രേറ്റായി പ്രവർത്തിക്കുന്ന ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ മുഴുവൻ

സമയ സേവനം എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തണമെന്നും കുറഞ്ഞപക്ഷം 5 കോർപ്പറേഷൻ പരിധിയിലുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡിലെങ്കിലും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ മുഴുവൻ സമയ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ നിലവിലുള്ള പെൻഡൻസി കുറയ്ക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജെ.ജെ.ബി.കളിൽ പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാരായി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റുമാരെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ ജെ.ജെ.ബി.കൾ കൂടുതൽ സിറ്റിംഗ് നടത്തണമെന്ന് ബഹു. ഹൈക്കോടതിയും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 10</u>

പ്രിൻസിപ്പൽ മജിസ്ട്രേറ്റിനും ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രത്യേക മുറികൾ അനുവദിക്കേണ്ടതും ബോർഡ് യോഗം ചേരുന്നതിനായി ആവശ്യമായ സംവിധാനങ്ങളോടുകൂടിയ സമ്മേളനഹാൾ സജ്ജമാക്കേണ്ടതും കൂടാതെ വിചാരണയ്ക്കായി ബോർഡിന് മുമ്പാകെ എത്തുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി വിശ്രമ മുറി അനുവദിക്കേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഓരോ ജെ.ജെ. സ്ഥാപനങ്ങളിലും നിലവിലുള്ള സൗകര്യങ്ങൾക്കും പുതിയതായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെക്കുറിച്ചും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ നമ്പർ 11</u>

ബോർഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി മുഴുവൻ സമയ പ്രൊബേഷൻ ഓഫീസർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. ഇവർ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സാമൂഹ്യ ചുറ്റുപാടുകളെക്കുറിച്ച് അന്വേഷണം നടത്തി കാലവിളംബം കൂടാതെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ ഒരു കുട്ടിയെ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കുമ്പോൾ കുട്ടിയ്ക്കെതിരെയുള്ള കുറ്റപത്രം സംബന്ധിച്ച് കുട്ടിയിൽ നിന്ന് തന്നെ ആയിരിക്കണം ആദ്യമായി വിവരം ശേഖരിക്കേണ്ടത്. ആയതിനാൽ ബോർഡിൽ സ്ഥിരമായി പ്രൊബേഷൻ ഓഫീസറുടെ സേവനം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരച്ച നടപടി</u>

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ പ്രവർത്തനസജ്ജമായതിനാൽ ലീഗൽ -കം -പ്രൊബേഷൻ ഓഫീസറുടെ സേവനം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

### ശിപാർശ നമ്പർ 12

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളോടുള്ള ലീഗൽ കൗൺസിലർമാരുടെ മനോഭാവത്തിലും സമീപനത്തിലും മാറ്റം വരേണ്ടത് അനിവാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനായി കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ദർശനം, ലക്ഷ്യം, കർത്തവ്യം, പ്രവർത്തനം എന്നിവയെക്കുറിച്ച് ശരിയായ ബോധവൽക്കരണ പരിശീലന പരിപാടികൾ ലീഗൽ കൗൺസിലേഴ്സിനായി സംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിലെ ലീഗൽ-കം-പ്രൊബേഷൻ ഓഫീസർമാർക്കും നിർഭയ ഷെൽട്ടർ ഹോമുകളിലെ ലീഗൽ കൗൺസിലർമാർക്കും ആവശ്യമായ പരിശീലന പരിപാടി സംഘടിപ്പിച്ചു

### ശിപാർശ നമ്പർ 13

കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ഈ യൂണിറ്റുകളെ സ്വതന്ത്ര ചുമതലയുള്ള ഒരു പോലീസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതും യൂണിറ്റിന് കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കായി ശിശുമനഃശാസ്ത്രം, ശിശുബോധനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനവും കൂടാതെ ഇതുമായി ബന്ധപ്പെടുന്ന മാധ്യമപ്രവർത്തകർക്കും സാമൂഹ്യ പ്രവർത്തകർക്കും, അധ്യാപകർക്കും, രക്ഷിതാക്കൾക്കും ബോധവൽക്കരണവും നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

എല്ലാ ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിലെ (എസ്.ജെ.പി.യു.)100 വീതം പോലീസ് ഓഫീസർമാർക്കും ജെ.ജെ. ആക്ടിനെക്കുറിച്ചും 2012-ലെ Prevention of Children Sexual Offence (പോക്സോ) ആക്ടിനെക്കുറിച്ചും ക്ലാസ്സുകൾ ഉൾപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്.

### ശിപാർശ നമ്പർ 14

ജുവനൈൽ ഹോമുകളിലെ അന്തേവാസികളായ കുട്ടികളെക്കൂടി സ്റ്റുഡന്റ് പോലീസ് സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഈ കാര്യത്തിൽ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിപാർശ നമ്പർ 15

ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ഒരു കുട്ടി ഹോമിൽ എത്തിക്കഴിഞ്ഞാൽ Individual Care Plan തയ്യാറാക്കി വേണം പുനരധിവസിപ്പിക്കുവാൻ. ശാസ്ത്രീയമായും പ്രൊഫഷണലായും Individual Care Plan തയ്യാറാക്കുന്നതിന് പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ ഹോമുകളിലില്ലാ എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ കുട്ടിക്കും പ്രത്യേകം കെയർ പ്ലാൻ തയ്യാറാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെ എല്ലാ ഹോമുകളിലും നിയമിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

എല്ലാ ജെ.ജെ. സ്ഥാപനങ്ങളിലും കുട്ടികളുടെ സംരക്ഷണ പുനരധിവാസ പ്രവർത്തനത്തിനുവേണ്ടി ഇൻഡിവിജ്വൽ കെയർ പ്ലാൻ തയ്യാറാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

## ശിപാർശ നമ്പർ 16

ബാലമന്ദിരങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾക്ക് പഠനത്തിലൂടെയോ തൊഴിൽ പരിശീലനത്തിലൂടെയോ മാത്രമേ മുന്നേറാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ മേഖലകളിലും തൊഴിൽ മേഖലകളിലും ബാലമന്ദിരങ്ങളിൽ നിന്നുള്ള അർഹരായ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ജെ.ജെ. സ്ഥാപനങ്ങളിൽ സംരക്ഷണയിലുള്ള കുട്ടികളുടെ തൊഴിൽപരമായ അഭിരുചി കണ്ടുപിടിച്ച് അവരെ അനുയോജ്യമായ അംഗീകൃത സാങ്കേതിക പരിശീലന കേന്ദ്രങ്ങളിൽ അയച്ച് തൊഴിൽ പരിശീലനം നൽകുന്നതിനും വിജയകരമായി പരിശീലനം പൂർത്തിയാക്കി സ്ഥാപനങ്ങളിൽ നിന്നും പുറത്തുപോകുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 17

ബാലമന്ദിരങ്ങളിലെ അന്തേവാസികൾക്ക് പ്ലംബിംഗ്, ഗാർഡനിംഗ്, അഗ്രികൾച്ചർ, ഫുഡ് പ്രൊഡക്ഷൻ തുടങ്ങി വളരെ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച ട്രേഡുകളിൽ മാത്രമാണ് പരിശീലനം നൽകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുട്ടികൾക്ക് കാലാനുസൃതമായി പ്രയോജനപ്രദമായ ഡി.ടി.പി. കോഴ്സ്, മൊബൈൽ ഫോൺ-കമ്പ്യൂട്ടർ റിപ്പയറിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ പോലുള്ള അംഗീകൃത ട്രേഡുകളും ആധുനിക തൊഴിൽ പരിശീലന പദ്ധതികളും സ്ഥാപനങ്ങളിൽ ആരംഭിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്ഥാപനത്തിൽ തൊഴിൽ പരിശീലന യൂണിറ്റ് സ്ഥാപിച്ചിട്ടില്ലെങ്കിലും കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചുള്ള കോഴ്സുകളിൽ തുടർ പഠനം നടത്തുന്നതിന് സ്റ്റേറ്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നുണ്ട്. കൂടാതെ പ്ലസ്2-ന് ശേഷം സ്ഥാപനത്തിലെ കുട്ടികളെ അവരുടെ താൽപ്പര്യത്തിനനുസരിച്ച് പോളിടെക്നിക്കുകളിലും ഐ.റ്റി.ഐ.കളിലും പഠിപ്പിക്കുന്നുണ്ട്.

ശിപാർശ നമ്പർ 18

മിക്കവാറും എല്ലാ ജുവനൈൽ ഹോമുകളോടും ചേർന്ന് കൃഷിയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകയാൽ കുട്ടികളിൽ കാർഷികാഭിരുചി വളർത്തുവാനുതകുന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൃഷിയിൽ അഭിരുചിയുള്ള കുട്ടികൾക്ക് വേണ്ടി പത്തനംതിട്ട ജില്ലയിൽ 'ഹരിതോദയം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പത്തനതിട്ട ഡ.സി.പി.യു.ഉം കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി വിജയപ്രദമായാൽ ഇതു മറ്റ് സ്ഥാപനങ്ങളിലും ആരംഭിക്കുന്നതാണ്.

ശിപാർശ നമ്പർ 19

കുട്ടികളുമായി ബന്ധപ്പെടുന്ന പോലീസ്, റെയിൽവേ പോലീസ്, ചൈൽഡ്‌ലൈൻ പ്രവർത്തകർ, ശിശുക്ഷേമ സമിതി, ഓർഫനേജ് അടക്കമുള്ള സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ എന്നീ സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നവർക്കും പൊതുപ്രവർത്തകർക്കും ശിശു അവകാശങ്ങൾ, ജെ.ജെ. ആക്ട് എന്നിവയിൽ പരിശീലനം നൽകുന്നതിനും ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും, ജെ.ജെ. ആക്റ്റിനെക്കുറിച്ചും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതൊരു തുടർപരിപാടിയാണ്.

ശിപാർശ നമ്പർ 20

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, പഠനവൈകല്യങ്ങൾ. മാനസിക പ്രശ്നങ്ങൾ എന്നിവ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഓരോ ജില്ലകളിലുമുള്ള ജെ.ജെ. സ്ഥാപനങ്ങളിലെ കുട്ടികളുടെ മാനസികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാകുന്നതിന് സൈക്കോളജിസ്റ്റുമാരുടെ ഒരു പാനൽ തയ്യാറാക്കുവൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 21

ബാലമന്ദിരങ്ങളിൽ നിന്നും വിടുതൽ ചെയ്യപ്പെടുന്നവർക്ക് സ്വന്തമായി ഭൂമിയും വീടും സമ്പാദിക്കുക എന്നത് അസാദ്ധ്യമായതിനാൽ മിച്ച ഭൂമി, പുറമ്പോക്ക് ഭൂമി എന്നിവയുടെ വിതരണത്തിലും ഭവനരഹിതർക്കുള്ള പദ്ധതികളിലും ഇത്തരക്കാർക്ക് മുൻഗണന നൽകേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബാലമന്ദിരങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായി പുറത്തുപോകുന്ന കുട്ടികൾക്കു വേണ്ടി ഫലവത്തായ ആഫ്റ്റർ കെയർ പ്രോഗ്രാം നടപ്പാക്കുന്നുണ്ട്. ഇതിനായി നിംഹാൻസിന്റെ സാങ്കേതിക സഹായം ഉറപ്പാക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 22

ബാലവേല, ബാലഭിക്ഷാടനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തുന്നതിനും അത്തരം കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം അത്തരം കുട്ടികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി കുടുംബാംഗങ്ങളെ കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുമായി സഹകരിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഓരോ ഡി.സി.പി.യു.ന്റെ ആഭിമുഖ്യത്തിൽ വിഷമസാഹചര്യത്തിൽ കഴിയുന്ന കുട്ടികളെക്കുറിച്ചുള്ള മാപ്പിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അത്തരം കുട്ടികളുടെ കുടുംബാംഗങ്ങളെ സഹായിക്കാനുള്ള മാർഗ്ഗങ്ങളും സ്വീകരിക്കുന്നതാണ്.

### ശിപാർശ നമ്പർ 23

ജുവനൈൽ ജസ്റ്റീസ് ആക്ടിൽ കുട്ടികളെ സ്ഥാപനങ്ങളിൽ നിന്നും ഒഴിവാക്കി വീടുകളിൽ നിർത്തി പഠിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇത് ഫോസ്റ്റർ കെയർ പോളിസി എന്നറിയപ്പെടുന്നു. നിലവിൽ സംസ്ഥാനത്ത് അഡോപ്ഷന് വേണ്ടിയുള്ള മുന്നുപാധി എന്ന നിലയിലാണ് ഫോസ്റ്റർ കെയർ പോളിസി ആവിഷ്കരിച്ച് വരുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള ഫോസ്റ്റർ കെയർ പോളിസി എത്രയും വേഗം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

എല്ലാ ജില്ലകളിലും ഐ. സി. പി. എസ്-ന്റെ കീഴിലുള്ള ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലയിലെ ഫോസ്റ്റർ കെയർ പ്രോഗ്രാമിനു വേണ്ടി വ്യക്തമായ ഗൈഡ്‌ലൈൻ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലയിലും ഫോസ്റ്റർ കെയർ പ്രോഗ്രാം നടന്നുവരുന്നു. വെക്കേഷൻ കാലയളവിൽ സ്ഥാപനങ്ങളിൽ നിന്നും സ്വന്തം വീടുകളിൽ പോകാനാകാത്ത കുട്ടികൾക്ക് കുടുംബപരിരക്ഷ നൽകുകയെന്ന ഉദ്ദേശത്തോടെ താല്പര്യമുള്ള ഫോസ്റ്റർ രക്ഷിതാക്കളെ കണ്ടെത്തി ഹ്രസ്വകാല ഫോസ്റ്റർ കെയറിന് വിടുന്ന ഒരു നൂതന പദ്ധതി 2014-2015 വർഷത്തിൽ നടപ്പിലാക്കുകയുണ്ടായി.

### ശിപാർശ നമ്പർ 24

സംസ്ഥാന വിദ്യാഭ്യാസ കരിക്കുലത്തിൽ ശിശു അവകാശങ്ങളും ശിശുക്ഷേമപ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ആയത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ നമ്പർ 25

കുട്ടികളുടെ കലാകായിക, സാഹിത്യ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കലാസാംസ്കാരിക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, സാംസ്കാരിക സംഘടനകൾ നടത്തുന്ന പരിപാടികളിൽ പങ്കെടുപ്പിക്കുക, കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി ഇൻഡോർ/ഔട്ട്ഡോർ ഗെയിമുകളായ ചെസ്, കാരംസ്, ഷട്ടിൽബാറ്റ്മിന്റൻ, സ്കിപ്പിംഗ് തുടങ്ങിയ കായികവിനോദങ്ങൾക്ക് സൗകര്യം ഒരുക്കുക കൂടാതെ ധാർമ്മിക അവബോധ ക്ലാസുകൾ സംഘടിപ്പിക്കുക എന്നിവയ്ക്കായി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടികളുടെ കലാകായിക സാഹിത്യ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ഹോമുകളിലും നടത്തിവരുന്നുണ്ട്. കൂടാതെ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് 2015-ൽ തൃശ്ശൂരിൽ വച്ച് കലാകായിക പരിപാടികൾ നടത്തുകയുണ്ടായി. 2016-ൽ വയനാട് വച്ച് ചിൽഡ്രൻസ് ഫെസ്റ്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 26

കുട്ടികളുടെ സുരക്ഷയെക്കുറിച്ച് പരാതി ലഭിച്ചുകഴിഞ്ഞാൽ അന്വേഷണം നടത്തുന്നതിന് വാഹന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുട്ടികളുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുമ്പോൾ ഉടനടി അന്വേഷണം നടത്തുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടികളുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുന്നതിന് അത്യാവശ്യഘട്ടങ്ങളിൽ വാഹനങ്ങളുടെ ലഭ്യതയ്ക്ക് അനുസരിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് വാഹനം ലഭ്യമാക്കുന്നതാണ്.

ശിപാർശ നമ്പർ 27

അഞ്ച് വയസ്സു മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾ ഓരോ സ്ഥാപനത്തിലും താമസിച്ച് വരുന്നു. ഇവരിൽത്തന്നെ ബി. ടെക്. പോളിടെക്നിക് തുടങ്ങി വിവിധ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുമുണ്ട്. ഒരു കുട്ടിക്ക് ആഹാരം, വസ്ത്രം, മരുന്ന് എന്നിവയ്ക്കായി പ്രതിമാസം നൽകിവരുന്ന 750 രൂപ ഇന്നത്തെ സാഹചര്യത്തിൽ തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ തുക പ്രതിമാസം കുറഞ്ഞത് 2,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഐ.സി.പി.എസ്.-ന്റെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം 1-4-2014 മുതൽ കുട്ടികളുടെ മെയിന്റനൻസ് ചാർജ്ജ് 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 28

ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ) ആക്റ്റ്, 2000, റൂൾ 2007 എന്നിവ അനുശാസിക്കുന്ന പ്രകാരം ചിൽഡ്രൻസ് കമ്മിറ്റി, മാനേജ്മെന്റ് കമ്മിറ്റി, സുഹൃത് സമിതി എന്നിവ രൂപീകരിക്കേണ്ടതും ചിൽഡ്രൻസ് സജഷൻ ബോക്സ്, സജഷൻ ബുക്ക് എന്നിവ എല്ലാ സ്ഥാപനങ്ങളിലും സ്ഥാപിക്കേണ്ടതുമാണെന്നും ആക്ടും റൂളും അനുസരിച്ച് കമ്മിറ്റികൾ യഥാസമയം ചേരേണ്ടതും ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും ആയത് ബാലസഭ, മാനേജ്മെന്റ് കമ്മിറ്റി തുടങ്ങിയവയിൽ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമൂഹ്യനീതി വകുപ്പിന്റെകീഴിലുള്ള എല്ലാ ജെ.ജെ. സ്ഥാപനങ്ങളിലും ബാലസഭകളും, മാനേജ്മെന്റ് കമ്മിറ്റിയും കൂടുന്നുണ്ട്.

ശിപാർശ നമ്പർ 29

അനഭിലഷണീയമായ പ്രവൃത്തികളിൽ ഏർപ്പെടുന്ന അന്തേവാസികളായ കുട്ടികളെ പ്രത്യേകം നിരീക്ഷിക്കുവാനും അവർക്ക് ആവശ്യമായ കൗൺസിലിംഗും തുടർചികിത്സയും ഫലപ്രദമായി ലഭ്യമാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനഭിലഷണീയമായ പ്രവർത്തികളിൽ ഏർപ്പെടുന്ന കുട്ടികളുടെ സ്വാഭാവ പരിവർത്തനത്തിനായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻസ് എന്ന പദ്ധതി ഐ.സി.പി.എസ്.ന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ പ്രയോജനം സ്ഥാപനത്തിലെ കുട്ടികൾക്കും ലഭിക്കുന്നതാണ്.

ശിപാർശ നമ്പർ 30

പല ജില്ലകളിലും പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോം നിലവിലില്ല. വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി സംരക്ഷണം ലഭിക്കേണ്ട പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി സമിതി നിരീക്ഷിക്കുന്നു. പുനരധിവാസവും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള പെൺകുട്ടികളെ പാർപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി നിലവിൽ പെൺകുട്ടികൾക്കായി ബാലമന്ദിരങ്ങൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കണ്ണൂർ ബാലവികലാംഗസദനം പെൺകുട്ടികൾക്കുള്ള ഹോം ആക്കി മാറ്റിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പെൺകുട്ടികൾക്കുള്ള ബാലമന്ദിരം ആരംഭിക്കുന്നതിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. സ്ഥാപനത്തിലേയ്ക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. കൊല്ലത്ത് പെൺകുട്ടികളുടെ സംരക്ഷണത്തിനായി ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുമായി ചേർന്നും മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും ഓരോ ചിൽഡ്രൻസ് ഹോമുകൾ (പെൺകുട്ടികൾക്കായി) ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മായിത്തറ ചിൽഡ്രൻസ് ഹോം 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായുള്ള ഹോം ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശിപാർശ നമ്പർ 31</u>

ബാലനീതി സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ മാനസിക ശാരീരിക വളർച്ച അനുസരിച്ച് അവരുടെ പ്രവൃത്തികൾ മറ്റ് കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ഹാനികരമാകുന്ന അവസരത്തിൽ മറ്റ് കുട്ടികളുടെ സുരക്ഷയെ കരുതി പ്ലേയ്സ് ഓഫ് സേഫ്റ്റിയിലേക്ക് മാറ്റിപാർപ്പിക്കുന്നു. ഇപ്രകാരം മാറ്റിപാർപ്പിക്കുന്ന കുട്ടികളുടെ മാനസിക വികസനത്തിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും ജുവനൈൽ ജസ്റ്റിസ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമൂഹ്യനീതി വകുപ്പിനുകീഴിൽ തൃശ്ശൂർ ജില്ലയിൽ ഒരു പ്ലേസ് ഓഫ് സേഫ്റ്റി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പാർപ്പിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. സ്ഥാപനത്തിലെ കുട്ടികളുടെ മാനസികവികാസത്തിന് ആവശ്യമുള്ള കാര്യങ്ങൾ ഉറപ്പാക്കുന്നതാണ്.

<u>ശിപാർശ നമ്പർ 32</u>

സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിൽ മാത്രമാണ് പ്ലേയ്സ് ഓഫ് സേഫ്റ്റി സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ തിരുവനന്തപുരം കേന്ദ്രമാക്കി ഒരു പ്ലേയ്സ് ഓഫ് സേഫ്റ്റി കൂടി സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്ലേസ് ഓഫ് സേഫ്റ്റിയിൽ നാല് കുട്ടികളാണ് താമസക്കാരായി ഉള്ളത്. കൂടുതൽ ആളുകളെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യം ഇവിടെ ലഭ്യവുമാണ്. ഇവിടുത്തെ താമസക്കാരുടെ എണ്ണം 25 കവിയുന്ന മുറയ്ക്ക് തിരുവനന്തപുരം പുതിയ ഹോം ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 33</u>

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കേസ് വർക്കറുടെ സേവനം ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ കേസ് വർക്കർമാരുടെ സേവനം ലഭ്യമല്ലാത്ത സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തിക അനുവദിച്ച് സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ സോഷ്യൽ വർക്കറുടെ സേവനം നിലവിൽ കേസ് വർക്കർമാർ ഇല്ലാത്ത സ്ഥാപനങ്ങളിൽ വിനിയോഗിക്കുന്നുണ്ട്.

<u>ശിപാർശ നമ്പർ 34</u>

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും ചൈൽഡ് വെൽഫെയർ കമ്മിറ്റി നിർദ്ദേശിച്ചയയ്ക്കുന്നതുമായ കുട്ടികളെയും നിയമവുമായി പൊരുത്തപ്പെടാതെ സംഘർഷങ്ങളിലും മറ്റും ഏർപ്പെടുന്ന കുട്ടികളെയും ജുവനൈൽ ജസ്റ്റീസ് ബോർഡ് താൽക്കാലിക സംരക്ഷണത്തിനായി നിർദ്ദേശിച്ച് അയയ്ക്കുന്ന കുട്ടികളെയും ഒരേ സ്ഥാപനത്തിൽ താമസിപ്പിക്കുന്നത് ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ) ആക്ട് - 2000-ന് വിരുദ്ധമാകയാൽ നിയമവുമായി പൊരുത്തപ്പെടാത്തവരും വ്യത്യസ്ഥ സാമൂഹിക ചുറ്റുപാടുകളിൽ നിന്നും വരുന്നവരും വിവിധ കുറ്റവാസനകൾ ഉള്ളവരുമായ കുട്ടികൾക്കായി പ്രത്യേകം പ്രത്യേകം താമസസൗകര്യം ഏർപ്പെടുത്തേണ്ടതും അവർക്ക് കൂടുതൽ ശ്രദ്ധയും സുരക്ഷിതത്വവും ഉറപ്പാക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് പാലക്കാട്, വയനാട്, മലപ്പുറം, കണ്ണൂർ കാസർഗോഡ് എന്നീ ജില്ലകളിൽ മാത്രമാണ് ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നത് ഘട്ടം ഘട്ടമായി ഒബ്സർവേഷൻ ഹോമുകളും ചിൽഡ്രൻസ് ഹോമുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പൊതുശിപാർശകൾ കൂടാതെ സമിതി സന്ദർശനം നടത്തിയ കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലെയും റിപ്പോർട്ട് ലഭ്യമാക്കിയ തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെയും ബാലമന്ദിരങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള സമിതിയുടെ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്**

## I. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം (ഗേൾസ്) വെള്ളിമാട്കുന്ന്, കോഴിക്കോട്

### ശിപാർശ നമ്പർ 1

സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും മാനസിക, ശാരീരിക, ലൈംഗിക പീഡനങ്ങൾക്ക് ഇരയായവരാകയാൽ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ സാന്ത്വനം നൽകുന്നതിനായി നിരന്തര ആരോഗ്യ പരിശോധനയും കൗൺസിലിംഗും നടത്തുന്നതിന് ഒരു മെഡിക്കൽ ഓഫീസറുടേയും കൗൺസിലറുടേയും സ്ഥിരം സേവനം ഉറപ്പുവരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഒരു സ്ഥിരം കൗൺസിലറുടേയും ഒരു പാർട്ട് ടൈം മെഡിക്കൽ ഓഫീസറുടേയും സ്ഥിരം സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മിംസ് ഹോസ്പിറ്റലിലെ ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. കൂടാതെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ കൗൺസിലറുടേയും സോഷ്യൽ വർക്കറുടേയും സേവനം സ്ഥാപനത്തിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ IMHANS- ന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ നമ്പർ 2

സ്ഥാപനത്തിന്റെ മേൽനോട്ടത്തിനായി ഒരു ഡെപ്യൂട്ടി സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സ്ഥാപനത്തിന്റെ മേൽനോട്ടത്തിനായി ഒരു ഡെപ്യൂട്ടി സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ നമ്പർ 3

നൂറ്റി അമ്പതിൽപരം കുട്ടികളുള്ള ഈ സ്ഥാപനത്തിൽ കുട്ടികൾക്കാവശ്യമായ ഭക്ഷണം തയ്യാറാക്കിനൽകുന്നതിന് നിലവിൽ രണ്ട് പാചകക്കാരുടെ സേവനം മാത്രമാണുള്ളത്. ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് പാചകക്കാരുടെ രണ്ട് അധിക തസ്തിക കൂടി അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്ഥാപനത്തിൽ രണ്ട് കുക്കിന്റെ തസ്തികകൂടി അനുവദിക്കുന്നതിനു പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. സുഹൃത്ത് സമിതിയുടെ സഹായത്തോടെ കുക്കിംഗിന് ഒരു സഹായിയെ ഇപ്പോൾ സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 4</u>

ശുചിത്വ പരിപാലനത്തിന് നിലവിൽ രണ്ട് സ്കാവഞ്ചർമാരാണുള്ളത്. ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് സ്കാവഞ്ചർമാരുടെ രണ്ട് അധിക തസ്തികകൂടി അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം മൾട്ടി ടാസ്ക് വർക്കറെ നിയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 5</u>

അന്യസംസ്ഥാനക്കാരായ കുട്ടികളുമായി ആശയവിനിമയം സുഗമമാക്കുന്നതിനായി ഹിന്ദിഭാഷയിൽ പ്രാവീണ്യമുള്ള ഒരു പരിഭാഷകന്റെയും കുട്ടികളുടെ കായികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഒരു കായിക പരിശീലകന്റെയും സേവനം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, കന്നട, എന്നീ ഭാഷകളിൽ പ്രാവീണ്യം ഉള്ളതും ക്ഷേമസ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറുള്ളതുമായ പരിഭാഷകരുടെ (സ്ത്രീകൾ) പാനൽ തയ്യാറാക്കി സൂക്ഷിക്കുന്നതിന് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികൾക്ക് കായിക പരിശീലകന്റെ സേവനം ലഭ്യമാക്കുന്നതിന് സൂപ്രണ്ടിന് നിർദ്ദേശം കൊടുക്കുന്നതാണ്.

<u>ശിപാർശ നമ്പർ 6</u>

സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന അന്യസംസ്ഥാനക്കാരായ കുട്ടികളെ അവരുടെ സ്വദേശത്തേയ്ക്ക് മടക്കി അയയ്ക്കുന്നതിന് എസ്കോർട്ടിനായി വനിതാപോലീസിന്റെ

സേവനം ആവശ്യമാണ്. നിലവിൽ സ്ഥാപനത്തിന്റെ ആവശ്യകതയനുസരിച്ച് യഥാസമയം വനിതാപോലീസിന്റെ സേവനം ലഭിക്കുന്നില്ല. ആയതിനാൽ കുട്ടികളെ സ്വദേശത്തേക്ക് മടക്കി അയക്കുന്ന സന്ദർഭങ്ങളിൽ ഒരു വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കുട്ടികളെ സ്വദേശത്ത് മടക്കി അയക്കുന്ന സന്ദർഭങ്ങളിൽ വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കിവരുന്നു.

<u>ശിപാർശ നമ്പർ 7</u>

18 വയസുവരെയുള്ള പെൺകുട്ടികൾ താമസിക്കുന്ന സ്ഥാപനമെന്ന നിലയിൽ അന്തേവാസികളുടെ എല്ലാവിധ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പുറമെനിന്നുള്ള സാമൂഹ്യവിരുദ്ധരുടെ ഉപദ്രവങ്ങൾ ഒഴിവാക്കുന്നതിനുമായി കോമ്പൗണ്ടിനകത്തുള്ള വിളക്കുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോമ്പൗണ്ടിനകത്തുള്ള വിളക്കുകൾ ഇപ്പോൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

<u>ശിപാർശ നമ്പർ 8</u>

ഹോമിലെ കുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന സി. എസ്. യു. പി. സ്കൂൾ എയ്ഡഡ് സ്കൂളാണ്. ഈ സ്കൂൾ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കേണ്ടതും ഈ സ്കൂളിനെ ഹൈസ്കൂളാക്കിമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണെന്നും കൂടാതെ, ശിശു അവകാശബോധവും താൽപ്പര്യവുമുള്ള അദ്ധ്യാപകരെ കണ്ടെത്തി നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള സി.എസ്. യു.പി. സ്കൂളനെ ഹൈസ്കൂളാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

## II. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം (ബോയ്സ്) വെള്ളിമാട്കുന്ന്, കോഴിക്കോട്

### ശിപാർശ നമ്പർ 1

ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് വൃദ്ധമന്ദിരത്തിനുവേണ്ടി നിർമ്മിച്ച ഒരു കെട്ടിടത്തിലാണ്. ജുവനൈൽ ജസ്റ്റിസ് ആക്ട് വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല. നിലവിൽ രണ്ട് ഡോർമെട്രികൾ മാത്രമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. ആയതിനാൽ ഇവിടെ വെർട്ടിക്കൽ എക്സ്പാൻഷൻ നടത്തി ലൈബ്രറി, കൗൺസിലിംഗ് റൂം, മെഡിക്കൽ ചെക്ക് അപ് റൂം, ഐസൊലേഷൻ റൂം, കുട്ടികളുടെ വസ്ത്രം ഉണക്കുന്നതിനുള്ള ഹാൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ജുവനൈൽ ജസ്റ്റിസ് ആക്ട് അനുശാസിക്കുന്ന പ്രകാരം കുട്ടികളെ പ്രായത്തിനനുസരിച്ച് മൂന്നായി തിരിച്ച് വ്യത്യസ്ത മുറികളിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയിൽ പറയും പ്രകാരം വെർട്ടിക്കൽ എക്സ്പാൻഷൻ നടത്തുന്നതിന് 170 ലക്ഷം രൂപ പി.ഡബ്ള്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

### ശിപാർശ നമ്പർ 2

സ്ഥാപനത്തിലെ അന്തേവാസികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സമുച്ചയത്തിലെ ചുറ്റുമതിലിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സ്ഥാപനത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ നമ്പർ 3

സമുച്ചയത്തിലെ വിളക്കുകൾ പ്രകാശിക്കാത്തതുമൂലം രാത്രികാലങ്ങളിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സ്ഥാപനത്തിലെ വിളക്കുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

ശിപാർശ നമ്പർ 4

സ്ഥാപനത്തിന് മാത്രമായി ഒരു പ്രൊബേഷൻ ഓഫീസറുടെ (കേസ് വർക്കർ) തസ്തിക അനുവദിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ ലഭ്യമായ സോഷ്യൽ വർക്കറുടെയും കൗൺസിലറുടേയും സേവനം ഈ ആവശ്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 5

സമുച്ചയത്തിന്റെ പൂർണ്ണമായ ചുമതല വഹിക്കുന്നതിന് ഒരു എസ്റ്റേറ്റ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്നും അടിയന്തര ഘട്ടങ്ങളിൽ ഒരു വാഹനം വാടകയ്ക്കോ സ്ഥിരമായോ ഏർപ്പെടുത്തുന്നതിനുള്ള അധികാരം എസ്റ്റേറ്റ് ഓഫീസറിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്റ്റേറ്റ് ഓഫീസറെ നിയമിക്കുന്ന കാര്യവും, വാഹനം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടർ തയ്യാറാക്കി വരുന്നു.

## III. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കാക്കനാട്, എറണാകുളം

ശിപാർശ നമ്പർ 1

ഈ സ്ഥാപനത്തിനായി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിനാൽ ഭരണപരമായ തടസ്സങ്ങൾ ഒഴിവാക്കി എത്രയും പെട്ടെന്ന് കെട്ടിടത്തിന്റെ പണി ആരംഭിക്കേണ്ടതാണെന്നും കുട്ടികൾക്ക് ടോയ്ലെറ്റ്, ബാത്ത്റൂം, വസ്ത്രം അലക്കുന്നതിനുള്ള സൗകര്യം എന്നിവ നിർമ്മിക്കുന്നതിനും, കട്ടിൽ, കിടക്ക, അലമാര എന്നിവ ലഭ്യമാക്കുന്നതിനും, ജലദൗർലഭ്യം പരിഹരിക്കുന്നതിനും പുതിയ കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നത് വരെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ കുട്ടികളെ പ്രവേശിപ്പിക്കുന്നത് ഒഴിവാക്കി സുരക്ഷിതമായ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെട്ടിട നിർമ്മാണം, കുട്ടികൾക്കുള്ള ടോയ്ലറ്റ്, ബാത്ത്റൂം, വസ്ത്രം അലക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കട്ടിൽ, കിടക്ക എന്നിവ ഹോമിൽ വാങ്ങിയിട്ടുണ്ട്.

## IV. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം

### ശിപാർശ നമ്പർ 1

വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി സംരക്ഷണം ലഭിക്കേണ്ട പെൺകുട്ടികളുടെ എണ്ണം മറ്റ് ജില്ലകളെ അപേക്ഷിച്ച് കൊല്ലം ജില്ലയിൽ കൂടുതലായതിനാൽ പെൺകുട്ടികൾക്കായി ചിൽഡ്രൻസ് ഹോം സ്ഥാപിക്കേണ്ടതും ഒബ്സർവേഷൻ ഹോമിനായി പ്രത്യേക സ്ഥലവും കെട്ടിടവും കണ്ടെത്തേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കൊല്ലത്ത്, പെൺകുട്ടികളുടെ സംരക്ഷണത്തിനായി ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലും, മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും ഓരോ ചിൽഡ്രൻസ് ഹോമുകൾ (പെൺകുട്ടികൾക്കായി) ആരംഭിച്ചിട്ടുണ്ട്.

### ശിപാർശ നമ്പർ 2

സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി 7 കമ്പ്യൂട്ടറുകളെങ്കിലും ഉള്ള ഒരു കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സ്ഥാപനത്തിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്ന കാര്യം ഐ.സി.പി.എസ്.-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ നമ്പർ 3

സ്ഥാപനത്തിന്റെ ഉപയോഗത്തിനായി ഒരു ജനറേറ്റർ, ഫാക്സ് മെഷീൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ബയോഗ്യാസ് പ്ലാന്റ്, സോളാർ പവർ പ്ലാന്റ്, സ്പോർട്ട്സ് ആന്റ് റിക്രിയേഷൻ സാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഫാക്സ് മെഷീൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, സ്പോർട്ട്സ് റിക്രിയേഷൻ സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ്, സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 4</u>

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഐ.സി.പി.എസ്. പാറ്റേൺ അനുസരിച്ച് താഴെപ്പറയുന്ന തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 1 | കെയർ പ്രൊവൈഡർ (മൾട്ടി ടാസ്ക്) | 2 |
| 2 | കേസ് വർക്കർ | 2 |
| 3 | എഡ്യൂക്കേറ്റർ | 1 |
| 4 | പാരാമെഡിക്കൽ സ്റ്റാഫ് | 1 |
| 5 | പി.റ്റി. ഇൻസ്ട്രക്ടർ-കം-യോഗ ട്രെയിനർ (പാർട്ട്ടൈം | 1 |
| 6 | കുക്ക് | 1 |
| 7 | ഹെൽപ്പർ | 2 |
| 8 | ഹൌസ് കീപ്പിംഗ് സ്റ്റാഫ് | 2 |
| 9 | ഗാർഡനർ (പാർട്ട് ടൈം) | 1 |
| 10 | കൗൺസിലർ | 1 |
| 11 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 |
| 12 | ക്ലാർക്ക് | 1 |

<u>സ്വീകരിച്ച നടപടി</u>

അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഐ.സി.പി.എസ്-ന്റെ വരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതാണ്.

## V. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം

<u>ശിപാർശ നമ്പർ 1</u>

കുട്ടികൾക്ക് നിയമം അനുശാസിക്കുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടതും ജീർണിച്ച ജനലുകളും വാതിലുകളും മാറ്റിസ്ഥാപിക്കുന്നതിനും ഫാൻ, ലൈറ്റ് എന്നിവ ആവശ്യാനുസരണം സ്ഥാപിക്കുന്നതിനും വയറിംഗ് കൺസീൽ ചെയ്യുന്നതിനും കേടായ ഹാലജൻ ലൈറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ചിൽഡ്രൻസ് ഹോമിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ജനലുകളും, വാതിലുകളും മാറ്റി സ്ഥാപിക്കുകയും, പുതിയ ഫാനുകളും ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു. സ്ഥാപനത്തിൽ വയറിംഗ് കൺസീൽ ചെയ്യുകയും, കേടായ ഹാലജൻ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ നമ്പർ 2</u>

കുട്ടികളുടെ പുസ്തകങ്ങൾ, വസ്ത്രം, ബാഗ് മുതലായവ സൂക്ഷിക്കുന്നതിനായി അലമാര, പഠിക്കുന്നതിനായി മേശ, കസേര ഡൈനിംഗ് ഹാളിൽ ബഞ്ച്, ഡസ്ക് എന്നിവ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കുട്ടികളുടെ പുസ്തകങ്ങൾ, വസ്ത്രം, ബാഗ് മുതലായവ സൂക്ഷിക്കുന്നതിനായി അലമാര, പഠിക്കുന്നതിനായി മേശ, കസേര, ഡൈനിംഗ് ഹാളിൽ ബഞ്ച്, ഡസ്ക് എന്നിവ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 3</u>

കുട്ടികൾക്കായി പ്രത്യേകം പഠനമുറി, റിക്രിയേഷൻ റൂം, സിക്ക് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവ നിർമ്മിക്കുന്നതിനും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ നൽകുന്നുണ്ട്. അതിനു വേണ്ടിയുള്ള തുക ഐ.സി.പി.എസ് സ്റ്റേറ്റ് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്. കുട്ടികൾക്ക് പഠനമുറി, റിക്രിയേഷൻ റൂം, സിക്ക് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 4</u>

തലസ്ഥാന ജില്ലയിലെ ഈ സ്ഥാപനത്തെ ഒരു മാതൃകാ സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ സ്ഥാപനം മാതൃകാ സ്ഥാപനമായി മാറ്റിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 12195/എ 2/14/സാനീവ തീയതി 29-2-2016)

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 22.

## അനുബന്ധം

## 2016 ജൂലൈ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2016 ജൂലൈ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
3. ശ്രീമതി സി.കെ ആശ, എം.എൽ.എ.
4. ശ്രീ. ഐ.സി. ബാലകൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. ഒ.ആർ. കേളു, എം.എൽ.എ.
6. ശ്രീ. യു.ആർ. പ്രദീപ്, എം.എൽ.എ.
7. ശ്രീ. സി.കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ.സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. വി.ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ്
2. ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ശ്രീ. കെ.ജി.ഭട്ട്, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
4. ശ്രീമതി കെ.പി. രമാദേവി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
5. ശ്രീ. എൻ.എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീ. ടി. പ്രവീൺ, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.

7. ശ്രീ. എം.പി. സലീം, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ഡോ. എസ് . ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്.

9. ശ്രീ.കെ.ടി. ബാലഭാസ്കരൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.

10. ശ്രീ.എൻ. രവീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ.

11. ശ്രീമതി കെ. എസ്. ശ്രീലത, മാനേജർ (എഫ്&ആർ)കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

സമിതി 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

## പട്ടികജാതി വികസന വകുപ്പ്

2225-01-102-97 : <u>പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 50,00,00,000 രൂപ (പ്ലാൻ)

2015-2016 സാമ്പത്തികവർഷം പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 3178 അപേക്ഷകർക്കുകൂടി ധനസഹായം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-01-277-98 -12 : <u>മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ 100% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

ബഡ്ജറ്റ് വിഹിതം : 2,60,00,00,000 രൂപ (പ്ലാൻ)

മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾക്കായി പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ

അംഗീകരിക്കുന്നപക്ഷം വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-01-282-98 : <u>ഗുരുതര രോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്ക് ചികിത്സാ ചെലവിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 1,10,00,000 രൂപ (നോൺ പ്ലാൻ)

ചികിത്സാ ധനസഹായത്തിനായി നിലവിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾക്കും ഈ വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-283-89 : <u>ഭവനരഹിതർക്ക് ഭവനം</u>

ബഡ്ജറ്റ് വിഹിതം : 265,00,00,000 രൂപ (പ്ലാൻ)

പട്ടികജാതി വികസന വകുപ്പ് ഭവനനിർമ്മാണ ധനസഹായമായി അനുവദിച്ച് വരുന്ന 3 ലക്ഷം രൂപ നിരക്ക് 'ഇന്ദിര ആവാസ് യോജന' പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്കും അനുവദിച്ച് ഭവന നിർമ്മാണ ധനസഹായം ഏകീകരിക്കുന്നതിന് പദ്ധതിയുണ്ട്. ഇത് പ്രകാരം ഓരോ വീടിനും 1 ലക്ഷം രൂപ അധികമായി നൽകേണ്ടി വരും. ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിന് ഏകദേശം 182.85 കോടി രൂപയോളം ആവശ്യമുണ്ട്. നിലവിൽ വകയിരുത്തിയിട്ടുള്ള തുക പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിക്കുതന്നെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 182.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭവനനിർമ്മാണ സാമഗ്രികളുടെ വില അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭവനനിർമ്മാണത്തിനുള്ള ധനസഹായം അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിൽ 3,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 4,50,000 രൂപയും കോർപ്പറേഷനിൽ 6 ലക്ഷം രൂപയും നൽകി വരുന്നു. ഈ തുകയ്ക്ക് വാങ്ങണമെന്ന്

സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്ഥലപരിധിയിൽ കുറയാതെയുള്ള ഭൂമി വാങ്ങണമെന്നല്ലാതെ കൂടുതൽ ഭൂമി ലഭിക്കുമെങ്കിൽ ആയത് വാങ്ങുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2225-01-800-86 : <u>1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്ര സഹായം)</u>

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

2015-2016 സാമ്പത്തികവർഷം "2225-01-800-86 (P)" ശീർഷകത്തിൽ 11 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി ശീർഷകത്തിലെ ഒരു ഘടകമായ മിശ്രവിവാഹ പദ്ധതിയ്ക്ക് കഴിഞ്ഞ സാമ്പത്തികവർഷം 8 കോടിയിലധികം രൂപ ചെലവ് വന്നിട്ടുണ്ട്. ടി ശീർഷകത്തിലെ പ്രധാന ഘടകമായ അതിക്രമം തടയൽ നിയമ പ്രകാരം നൽകിവരുന്ന ധനസഹായ തുക കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാൽ പ്രസ്തുത പദ്ധതിക്കായി അധിക തുക ആവശ്യമുണ്ട്. ഇതിനു പുറമേ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ശില്പശാല നടത്തുന്നതിനും തുക ആവശ്യമുണ്ട്. ഈ കാര്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-80-190-94 : <u>പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പാ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ കടം എഴുതിതള്ളൽ പദ്ധതിക്കായി ഏകദേശം 121 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു. ആയതിൽ 44 കോടി 34 ലക്ഷം രൂപ മാത്രമേ ഇതിനകം നൽകിയിട്ടുള്ളൂ. ഈ ഇനത്തിൽ പരിമിതമായ തുകയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-80-800-99 : <u>മറ്റു സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ</u>

ബഡ്ജറ്റ് വിഹിതം : 16,00,00,000 രൂപ (നോൺ പ്ലാൻ)

മുന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും കുമാരപിള്ള കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള വിദ്യാർത്ഥികളുടെയും 2016-2017 അദ്ധ്യയന വർഷത്തെ ആനുകൂല്യം

വിതരണം ചെയ്യുന്നതിനും 2015-2016 സാമ്പത്തികവർഷത്തെ ആനുകൂല്യത്തിന്റെ കുടിശ്ശിക വിതരണം ചെയ്യുന്നതിനും വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും എണ്ണത്തിൽ ഉണ്ടാകാവുന്ന ആനുപാതിക വർദ്ധനയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യ വിതരണത്തിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-92 : <u>ഭക്ഷണ സഹായ പരിപാടി</u>

ബഡ്ജറ്റ് വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും ഈ പദ്ധതി പ്രകാരം നൽകുന്നു. വനത്തിൽ ജീവിക്കുന്ന പ്രാക്തന ഗോത്ര വിഭാഗങ്ങളിൽ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന കുട്ടികൾ, അമ്മമാർ, രോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്ക് വേണ്ടത്ര പോഷകാഹാരം ഉറപ്പുവരുത്തുന്നതിനും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ഭക്ഷ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 5 കോടി രൂപ അധികമായി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-197-48 : <u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 71,72,90,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായം 2.50 ലക്ഷം രൂപയിൽ നിന്നും 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ ഹഡ്കോ, ഐ.എ.വൈ. മറ്റ് വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായം 3.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2015-2016 സാമ്പത്തികവർഷം ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിച്ച 9337 വീടുകൾക്ക് ഒരു ലക്ഷം രൂപ നിരക്കിൽ അധികമായി അനുവദിക്കേണ്ടതുണ്ട്. നിലവിൽ വകയിരുത്തിയിട്ടുള്ള തുക ഇതിന് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 93.37 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി പ്രാകാരമുള്ള നിർമ്മാണത്തിനായി ഒരേ സ്ട്രക്ചർ തന്നെയാണ് അനുവർത്തിച്ചുവരുന്നതെന്നും ഉദ്യോഗസ്ഥരുടെ സൗകര്യാർത്ഥം ഉണ്ടാക്കുന്ന ഇത്തരം സ്ട്രക്ച്ചറുകൾ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് യാതൊരു പരിഗണനയും നൽകാറില്ലെന്നും ഭവന നിർമ്മാണത്തിൽ അഫോർഡ്സ് മോഡൽ വീട് പണിയുകയാണെങ്കിൽ ജനങ്ങൾക്ക് സംതൃപ്തിയുണ്ടാകുമെന്നും ഈ വിഷയം പ്രത്യേകമായി ചർച്ച ചെയ്ത് പദ്ധതിക്ക് രൂപം നൽകാമെന്നും സമിതി തീരുമാനിച്ചു. കൂടാതെ ഭവനനിർമ്മാണ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഭവന നിർമ്മാണ ധനസഹായം അഞ്ച് ലക്ഷം രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

അനുവദനീയമായ മിനിമം ഏരിയയിൽ കുറവ് വരാത്ത രീതിയിൽ ഓരോ കുടുംബത്തിന്റെ ആവശ്യത്തിനുതകുന്ന തരത്തിൽ വീട് നിർമ്മാണത്തിന്റെ സ്ട്രക്ച്ചറിൽ മാറ്റം വരുത്താവുന്നതാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഭവനനിർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിർമ്മാണ പ്രവർത്തികൾ റിവ്യൂ ചെയ്യുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ മാസത്തിലും മേഖലാടിസ്ഥാനത്തിൽ റിവ്യൂ കമ്മിറ്റികൾ മുഖേനയും മൂന്നു മാസത്തിലൊരിക്കൽ വകുപ്പ് മന്ത്രി തലത്തിൽ യോഗം ചേർന്ന് ഭൗതിക പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചെയർമാൻ പറഞ്ഞു.

2225-02-800-68 : <u>അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ</u>
(50% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 30,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കു വേണ്ടി നിലവിലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-39 : <u>ഐ. ഇ. സി. പ്രോജക്ട് (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ)</u>

ബഡ്ജറ്റ് വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

വയനാട് ജില്ലയിലെ സുഗന്ധഗിരിയിൽ വായനശാല സ്ഥാപിക്കുന്നതിന് 2015-2016-ൽ ഭരണാനുമതി ലഭിച്ച 8 ലക്ഷം രൂപ ഇ.എൽ.എ.യിൽ പോസ്റ്റ് ചെയ്തിരുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-102-93 : <u>ക്രിട്ടിക്കൽ ഗ്യാപ്പ്ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്)</u>

ബഡ്ജറ്റ് വിഹിതം : 50,57,69,000 രൂപ (പ്ലാൻ)

2015-2016-ൽ ഇടുക്കി ജില്ലയിലെ ഉമ്മൻചാണ്ടി കോളനിയിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനായി 1.71 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് ഇ.എൽ.എ.-ൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. 2016 ജൂലൈ 8-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വയനാട്ടിൽ 241 സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ടീച്ചർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തുന്നതിന് കോർപ്പസ് ഫണ്ടിൽ നിന്നും 400 ലക്ഷം രൂപ വകയിരുത്തുന്നതായും പട്ടികവർഗ്ഗ ഊരുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനായി കോർപ്പസ് ഫണ്ടിൽ നിന്നും 2500 ലക്ഷം രൂപ നീക്കി വച്ച് ഒരു പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായും പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 29.0171 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-800-29 : <u>ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിനാൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന വിവിധ ക്ഷേമ/വികസന പ്രവർത്തനങ്ങൾക്കു പുറമെ 2015-2016 വർഷത്തിൽ ഇടുക്കി ജില്ലയിൽ ഇടമലക്കുടി കോളനിയിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് 17.14 ലക്ഷം രൂപയുടെയും 18 എം. ആർ. എസ്സുകളിൽ സയൻസ് പരിശീലന കിറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 44.90 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭ്യമാക്കി ഇ.എൽ.എ.യിൽ പോസ്റ്റ് ചെയ്തിരുന്നു. ഈ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 62.04 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-102-85 : <u>പ്രത്യേകം നിർണ്ണയിക്കപ്പെട്ട അധിവാസ സ്ഥലങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ സംയോജിത സമഗ്രവികസനം (എ.റ്റി.എസ്.പി. ഫണ്ട്/പ്രത്യേക പാക്കേജ്)</u>

ബഡ്ജറ്റ് വിഹിതം : 150,00,00,000 രൂപ (പ്ലാൻ)

2015-2016 വർഷത്തിൽ മലപ്പുറം ജില്ലയിൽ നിലമ്പൂർ മുനിസിപ്പാലിറ്റിയും പോത്തുകൽ ഗ്രാമപഞ്ചായത്തും സമഗ്രവികസന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച് ഇ.എൽ.എ.യിൽ 1321.81 ലക്ഷം രൂപ പോസ്റ്റ് ചെയ്തിരുന്നു. പട്ടികവർഗ്ഗക്കാരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിനായി മൈക്രോ പ്ലാനുകൾ നടപ്പിലാക്കുന്നതിനായി 25 കോടി രൂപ എ.റ്റി.എസ്.പി. എന്ന പദ്ധതിയിലൂടെ

കണ്ടെത്തി. പി. കെ. കാളൻ കുടുംബ പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ സ്ഥലങ്ങളിലെ 38.2181 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-283-90 : ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം

ബഡ്ജറ്റ് വിഹിതം : 42,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ ഭൂരഹിതരായ 12435 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം 42 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക ഉപയോഗിച്ച് വളരെ കുറച്ച് കുടുംബങ്ങളെ മാത്രമേ പുനരധിവസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 3000 കുടുംബങ്ങളെ നടപ്പ് സാമ്പത്തിക വർഷം പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്നു. വാസയോഗ്യവും കൃഷിയോഗ്യവുമായ 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം വാങ്ങി നൽകുന്നതിനായി 300 കോടി രൂപയോളം ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി.ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക കൂടാതെ 258 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള കട്ട് ഓഫ് ഇയറിൽ മാറ്റം വരുത്തുന്നതിന് ഗവൺമെന്റിലേക്ക് ശിപാർശ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി ആവശ്യപ്പെട്ടു ആദിവാസികൾക്ക് വിതരണം ചെയ്യുന്ന ഭൂമി ഇപ്പോഴും അവരുടെ കൈവശം തന്നെയാണോ എന്നതു സംബന്ധിച്ച് അതത് മണ്ഡലങ്ങളിലെ ജനപ്രതിനിധികളും പ്രൊമോട്ടർമാരും ഡി.ഡി.ഒ.മാരും വകുപ്പുദ്യോഗസ്ഥരും ഉൾപ്പെടുന്ന സമിതി രൂപീകരിച്ച് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണമെന്നും വനാവകാശ നിയമ പ്രകാരം ഭൂമി അനുവദിക്കുന്നതിനുള്ള ഡിസ്ട്രിക്ട് ലെവൽ യോഗങ്ങൾ കൃത്യമായി ചേരണമെന്നും സമിതി അഭിപ്രായപ്പെട്ടു. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ റോഡ് നിർമ്മാണം, വൈദ്യുതി എത്തിക്കുന്നതുൾപ്പെടെയുള്ള അത്യാവശ്യ കാര്യങ്ങൾക്ക് മരം മുറിക്കുന്നതിന് അനുമതി നൽകുന്ന കാര്യം വനം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിനും സമിതി തീരുമാനിച്ചു

2225-02-198-50 : <u>റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 37,91,000 രൂപ (നോൺ പ്ലാൻ)

9. മിശ്രവിവാഹത്തിന് ധനസഹായം നൽകുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഈ അപേക്ഷകൾക്ക് അനുസരണം ധനസഹായം നൽകുന്നതിന് 75 ലക്ഷം രൂപയോളം അധികമായി ആവശ്യമാണ്. കൂടാതെ ബാലവാടികളിലെയും ക്രഷറുകളിലെയും അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും കുട്ടികളുടെ പ്രതിദിന ആഹാര ചെലവിനുമായി 10 ലക്ഷം രൂപ അധികമായി ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 85 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-94 : <u>ഗിരിവർഗ്ഗ ഹോസ്റ്റൽ</u>

ബഡ്ജറ്റ് വിഹിതം : 29,19,51,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന മെസ് ചാർജ്ജ് 50% വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം അന്തേവാസികൾക്ക് ഭക്ഷണത്തിനും ഭക്ഷണേതര ചെലവുകൾക്കായി 12 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്.

ഹോസ്റ്റലുകളിൽ അനുവദനീയമായതിലും അധികം കുട്ടികളെ പ്രവേശിപ്പിക്കേണ്ടി വരുന്നതിനാലും ഈ കുട്ടികളുടെ ആകസ്മിക ചെലവുകൾ കൂടി വഹിക്കേണ്ടതുള്ളതിനാലും നിലവിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ ഗിരിവർഗ്ഗ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിന് 150 ലക്ഷം രൂപ 2225-02-277-94-34 എന്ന ശീർഷകത്തിലും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് വാടക നൽകുന്നതിനായി 5 ലക്ഷം രൂപ 2225-02-277-94-06 എന്ന ശീർഷകത്തിലും ചേർത്ത് ആകെ 1.55 കോടി രൂപ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-89 : <u>നഴ്സറി സ്കൂൾ</u>

ബഡ്ജറ്റ് വിഹിതം : 1,48,28,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന നഴ്സറിസ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാരചെലവ് 2014-15 സാമ്പത്തികവർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ നിരക്കിൽ നിലവിലുള്ള കുട്ടികൾക്ക്

ഭക്ഷണം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വേണ്ടി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-47 : <u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 2,03,44,000 രൂപ (നോൺ പ്ലാൻ)

വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 2225-02-277-47-34 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും ഐ.റ്റി.സി.-കൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിന് 2225-02-277-47-06 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്തിച്ചേരുന്നതിന് ഗതാഗത സൗകര്യമേർപ്പെടുത്തുന്നതിനായുള്ള ഗോത്രസാരഥി പദ്ധതിയുടെ കുടിശ്ശിക തുക നൽകുന്നതിനും പദ്ധതി തുടർന്നുകൊണ്ട് പോകുന്നതിനും ഗ്രാമപഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടേയും സഹകരണത്തോടെ റ്റി.എസ്.പി. ഫണ്ട് ഈ പദ്ധതിക്കായി വിനിയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു

ഗോത്രസാരഥി പദ്ധതിയുടെ കുടിശ്ശിക തുക ഉടനടി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പദ്ധതി വിജയകരമായി തുടരുന്നതിന് സമിതിയുടെ അഭിപ്രായം മാനിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ റ്റി.എസ്.പി. ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനായി ഹെഡ് ലൈനിൽ മാറ്റം വരുത്തുന്നതിന് അടിയന്തരമായി നോട്ട് നൽകുന്നതാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

2225-02-277-46 : <u>ഉല്പാദന പരിശീലന കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 18,83,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ പ്രവർത്തിച്ചുവരുന്ന ഉല്പാദന പരിശീലന കേന്ദ്രത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നതിലേക്കായി 2225-02-277-46-06 ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 1 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ ഉത്പാദന പരിശീലന കേന്ദ്രങ്ങളുടെയും വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെയും യോഗ്യതകൾ അവലോകനം ചെയ്യുകയും ഫലപ്രദമായി നടത്താൻ സാധിക്കുമെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്കും ഇത്തരം പരിശീലന കേന്ദ്രങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2225-02-283-85 : <u>ഭവനരഹിത ആദിവാസികൾക്ക് ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി ഹഡ്കോ നൽകുന്ന വായ്പ</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഭവന രഹിത ആദിവാസികൾക്ക് 5000 വീടുകൾ നിർമ്മിച്ചു നൽകുക എന്ന ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച 135 കോടി രൂപയിൽ ആദ്യഘട്ടമായി 50 കോടി രൂപ 2014-2015 സാമ്പത്തികവർഷത്തിലും രണ്ടാം ഘട്ടമായി 2015-2016 സാമ്പത്തികവർഷം 3952.41 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. 2016-2017 സാമ്പത്തികവർഷം അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച ഈ തുക ക്രമീകരിക്കേണ്ടതുണ്ട്. കൂടാതെ ഈ പദ്ധതിക്കുള്ള അവസാന ഘട്ട തുകയായി ലഭിക്കാനുള്ള 4547.59 ലക്ഷം രൂപയും 4000 വീടുകൾക്ക് അധികമായി അനുവദിക്കേണ്ട തുകയായ 400 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 125 കോടി രൂപ ഈ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 125 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## പിന്നോക്കസമുദായ വികസന വകുപ്പ്

2225-03-277-99 : <u>മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

1,05,60,00,000 രൂപ (നോൺ പ്ലാൻ)

23-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുതായി 30 സമുദായങ്ങൾക്ക് ഒ.ഇ.സി ആനുകൂല്യം അനുവദിച്ചു. കൂടാതെ 21-2-2014-ലെ ഉത്തരവ് പ്രകാരം കുമാരപ്പിള്ള

കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ₹ 42,000 രൂപ എന്നത് ഒരു ലക്ഷമാക്കി ഉയർത്തി. ഇക്കാരണങ്ങളാൽ ഈ ശീർഷകത്തിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. കേരളത്തിൽ വൻതോതിൽ ആരംഭിച്ച സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റിലും റിസർവേഷനിലും നിരവധി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണ തോതിൽ നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ ഈ ശീർഷകത്തിൽ 50 കോടി രൂപ പദ്ധതിയിനത്തിലും 150 കോടി രൂപ പദ്ധതിയേതര ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-277-98 : <u>മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

11,00,00,000 രൂപ (നോൺ പ്ലാൻ)

2016-2017 മുതൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായ സാഹചര്യത്തിൽ അധിക നിരക്കിലുള്ള ലംപ്സം ഗ്രാന്റ് നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ അധികമായി 10 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-277-90 : <u>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്</u>

ബഡ്ജറ്റ് വിഹിതം : 5,50,00,000 രൂപ (പ്ലാൻ)

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് സ്കീമിൽ അപേക്ഷിക്കുന്നവരിൽ 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 94%-ൽ കൂടുതൽ മാർക്കുള്ളവർക്കേ ആനുകൂല്യം അനുവദിക്കുന്നതിന് നിലവിൽ സാധിക്കുന്നുള്ളൂ. 85%-ന് മുകളിൽ മാർക്കുള്ള അപേക്ഷകർക്ക് കൂടി ഈ ആനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-800-99 : പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

ബഡ്ജറ്റ് വിഹിതം : 1,78,74,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാന ഗവൺമെന്റ് വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ സേവന തസ്തികകളിൽ വിവിധ വിഭാഗങ്ങൾക്കുള്ള പ്രാതിനിധ്യം കണ്ടെത്തുന്നതിനായി വെബ്പോർട്ടൽ തുടങ്ങുന്നതിനും കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ക്ഷാമബത്ത, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 2225-03-800-99-31 എന്ന ശീർഷകത്തിൽ 35 ലക്ഷം രൂപയും 2225-03-800-99-35 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും ചേർത്ത് ആകെ 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-800-81 : ഒ.ബി.സി.യുള്ള അഡ്വക്കേറ്റ്സ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 12,00,000 രൂപ (നോൺ പ്ലാൻ)

പിന്നോക്ക സമുദായത്തിലെ നിയമ ബിരുദധാരികളെ ജുഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന ഒ.ബി.സി. അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയിൽ മുൻവർഷത്തെ ഗുണഭോക്താക്കൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഗ്രാന്റ് ലഭിക്കുന്നതിനുള്ള നിലവിലുള്ള 1 ലക്ഷം രൂപ വരുമാന പരിധി 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

4225-03-190-98 : കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 13,00,00,000 രൂപ (പ്ലാൻ)

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്തൃ വൃന്ദത്തിൽപ്പെടുന്ന കേരളത്തിലെ മറ്റു പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ദേശീയ കോർപ്പറേഷനുകളിൽ നിന്നും

ലഭിക്കുന്ന വായ്പയ്ക്ക് Machine Contribution ഇനത്തിലുള്ള 10% തുക വകയിരുത്തുന്നതിനും ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിവാഹ ധനസഹായം, സുവർണ്ണശ്രീ, വിദ്യാശ്രീ തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4225-03-190-99 : <u>പട്ടികജാതിക്കാരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരിലും മറ്റ് ശിപാർശിത വിഭാഗക്കാരിലുമുൾപ്പെട്ട സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്കായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രത്യേക പാർപ്പിട പദ്ധതി ആരംഭിക്കുന്നതിന് അധിക തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുകയും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## കിർത്താഡ്സ് വകുപ്പ്

2225-80-001-98 : <u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് കിർത്താഡ്സ് (50% കേന്ദ്ര സഹായം)</u>

ബഡ്ജറ്റ് വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

പ്രാക്തന ഗോത്ര വിഭാഗങ്ങളെയും അവരുടെ ചരിത്രം, സംസ്കാരം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, ഭക്ഷണ-വസ്ത്ര സംസ്കാരം, വൈദ്യം, കലകൾ, പാരമ്പര്യ കഴിവുകളും അറിവുകളും എന്നിവയെ സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തുന്നതിനും ഇത് സംബന്ധിച്ച് മുഖ്യധാര സമൂഹത്തിന് അറിവും മതിപ്പുമുണ്ടാക്കുന്ന തരത്തിലുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഗോത്ര വിഭാഗങ്ങളുടെ സവിശേഷ സംസ്കാരത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിവിധ പരിപാടികളും പദ്ധതികളും കിർത്താഡ്സ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.415 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

1950-ന മുൻപ് കേരളത്തിൽ കുടിയേറിപ്പാർത്ത പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ അംഗങ്ങൾക്ക് നൽകുന്ന ജാതി സർട്ടിഫിക്കറ്റിൽ ഒരേ കുടുംബത്തിൽപ്പെട്ടവർക്ക് തന്നെ 1950-ന മുൻപ് കുടിയേറിപാർത്തവരാണെന്നും 1950-ന ശേഷം കുടിയേറിപ്പാർത്തവരാണെന്നും വ്യത്യസ്തമായി രേഖപ്പെടുത്തി വരുന്ന കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചപ്പോൾ ഇക്കാര്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്ന് കിർത്താഡ്സ് ഡയറക്ടർ സമിതിയെ അറിയിച്ചു

പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് മണ്ണിന്റെ ദൗർലഭ്യംമൂലം തൊഴിലില്ലാതാകുന്ന അവസ്ഥ നിലവിലുള്ളതിനാൽ ഇത് പരിഹരിക്കുന്നതിനായി ഓരോ പഞ്ചായത്തിലേയും ഒന്നോ രണ്ടോ സ്ഥലത്തു നിന്ന് മണ്ണെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

എം.ആർ.എസ്. സ്കൂളുകൾക്ക് സ്വന്തമായി വാഹനം അനുവദിച്ചാൽ അധിക തസ്തിക, ഇന്ധനം, മെയിന്റനൻസ് തുടങ്ങിയ അധിക ചെലവ് ഉണ്ടാകുമെന്നതിനാൽ ആയത് പ്രായോഗികമല്ലെന്നും സ്കൂളുകളുടെ ദൈനംദിന ആവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നുള്ള പണം ഉപയോഗിച്ച് ആവശ്യാനുസരണം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും ഈ സ്കൂളുകളിൽ നിലവിലുള്ള സ്പെഷ്യൽ ടീച്ചർക്ക് പുറമെ ഒരു സ്പെഷ്യൽ ടീച്ചറെക്കൂടി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 2016 ആഗസ്റ്റ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2016 ആഗസ്റ്റ് 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗവും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ.കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
3. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.

5. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
6. ശ്രീ. എം. മുകേഷ്, എം.എൽ.എ.
7. ഡോ. എം. കെ. മുനീർ, എം.എൽ.എ.
8. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.
9. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
2. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുഭരണ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
4. ശ്രീമതി സുമന. എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണ (സൈനികക്ഷേമം) വകുപ്പ്
5. ശ്രീമതി എസ്. ദീപാദേവി, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
6. ശ്രീമതി ആർ. ഷീലാറാണി, അഡീഷണൽ സെക്രട്ടറി ആഭ്യന്തര വകുപ്പ്
7. ശ്രീ. കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
8. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. എസ്. മോഹൻദാസ്, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
10. ശ്രീ. എച്ച്. ഗോപകുമാർ. ഐ. ജി. (പ്രിസൺസ്)
11. ശ്രീ. ബി. എസ്. തിരുമേനി, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
12. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്
13. ഡോ. ആർ. അശോക്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

14. ഡോ. പി. ടി. എം. സുനീഷ്, മാനേജിംഗ് ഡയറക്ടർ, വനിതാ വികസന കോർപ്പറേഷൻ

15. ശ്രീ. പി. എൻ. പത്മകുമാർ, സെക്രട്ടറി (ഇൻ-ചാർജ്), കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്

16. ഡോ.സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ് & എൻ. ഐ. പി. എം. ആർ

17. ശ്രീ. എസ്. എച്ച്. ജയകേശൻ, രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ

18. ഡോ. മിനി നായർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നിർഭയ സെൽ

19. ശ്രീമതി കെ. ഷൈലശ്രീ, മെമ്പർ സെക്രട്ടറി, വനിതാകമ്മീഷൻ

20. ശ്രീ. കെ. കെ. മണി, മെമ്പർ സെക്രട്ടറി, അനാഥാലയ നിയന്ത്രണ ബോർഡ്

21. ശ്രീ. എ. കെ. അനസ്, പ്രോജക്ട് ഹെഡ്, ജെൻഡർ പാർക്ക്

22. ശ്രീ. വി. എസ്. വേണു, സ്റ്റേറ്റ് പ്രോജക്ട് ഹെഡ്, ഐ.സി.ഡി.എസ്.

സമിതി 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട്, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകുപ്പ്

2235-02-101-66 : ഓട്ടിസംസെറിബ്രൽ പൾസി, ബുദ്ധിമാന്ദ്യം ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി-നിരാമയ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (പ്ലാൻ)

ഓട്ടിസം, സെറിബ്രൽ പൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 500 രൂപ ക്രമത്തിൽ ഒരു ലക്ഷം പേർക്ക് നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-80 : ജെൻഡർ പാർക്ക്

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

ജെൻഡർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്ത മല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 371.34 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-74 : നിർഭയ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

5 ജില്ലകളിൽ പുതിയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഹോം സ്റ്റാഫിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും ഷെൽട്ടർ ഹോമിലെ താമസക്കാർക്ക് വൊക്കേഷണൽ/ഒക്യുപേഷണൽ തെറാപ്പി നൽകുന്നതിനും ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായവർക്ക് തൽസമയ സഹായധനം വിതരണം ചെയ്യുന്നതിനുള്ള കോർപ്പസ് ഫണ്ടിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 783.09 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-72 (02) : തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)

ബഡ്ജറ്റ് വിഹിതം : 32,00,00,000 രൂപ (പ്ലാൻ)

ശയ്യാവലംബികളായ നിത്യരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഈ പദ്ധതിയിൽ നിലവിൽ 72353 ഗുണഭോക്താക്കളാ ണുള്ളത്. നടപ്പുവർഷത്തിൽ 30000 ഗുണഭോക്താക്കളെ കൂടി പുതുതായി പ്രതീക്ഷിക്കുന്നു. മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 21.6941 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-60-200-72 (11) : സ്നേഹപൂർവ്വം

ബഡ്ജറ്റ് വിഹിതം: : 18,00,00,000 രൂപ (പ്ലാൻ)

സമൂഹത്തിന്റെയോ ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് പഠിക്കുന്നതിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം

പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് തുകയ്ക്ക് പുറമെ. ഈ ശീർഷകത്തിൽ 32.2925 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-68 : <u>മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള സാമൂഹ്യ മന:ശാസ്ത്ര സേവനം</u>

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

മാനസികരോഗം ബാധിച്ച് അലഞ്ഞ് തിരിഞ്ഞുനടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്നതിന് സഹായം നൽകുന്നതിന് 21-11-2015-ൽ ധനസഹായത്തിനുള്ള ഒരു സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്കീംപ്രകാരം 50 അന്തേവാസികളെ സംരക്ഷിക്കുന്ന ഒരു ഭവനത്തിന് 16,52,400 രൂപ സർക്കാർ വിഹിതവും 11,01,600 രൂപ എൻ.ജി.ഒ. വിഹിതവും കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള 19 യൂണിറ്റുകളിലായി 950 അന്തേവാസികൾക്ക് ഗ്രാന്റ് കൊടുക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക കൊടുക്കുന്നതിനും പുതുതായി ഗ്രാന്റ്-ഇൻ-എയിഡിൽ ഉൾപ്പെടുത്താനുള്ള 12 യൂണിറ്റുകൾക്കും കൂടി ഈ സാമ്പത്തികവർഷം അധിക ചെലവ് പ്രതീക്ഷിക്കുന്നു ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 6.4016 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇത്തരം സ്ഥാപനങ്ങൾക്ക് സ്പോൺസർഷിപ്പ് മുഖേന ലഭിക്കുന്ന സഹായങ്ങൾ നീതിപൂർവ്വം വിനിയോഗിക്കുന്നത് സംബന്ധിച്ചും ഇവിടങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും വനിതകൾ അന്തേവാസികളായിട്ടുള്ള സ്ഥാപനങ്ങളിലെ വാച്ചർ നിയമനം സംബന്ധിച്ചുമുള്ള കാര്യങ്ങളിന്മേൽ വിശദമായ ചർച്ച ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

2235-02-102-55 : <u>അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം വർദ്ധിപ്പിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 200,00,01,000 രൂപ (നോൺ പ്ലാൻ)

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം യഥാക്രമം 3,400 രൂപയും 1,900 രൂപയുമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 144.8192 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-02-103-77 : വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസത്തിനും നൽകുന്ന ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1350 പേർക്ക് 10,000 രൂപ ക്രമത്തിൽ നൽകേണ്ടതുണ്ട്. ഇതിനായി 135 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 134.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായത്തിനായി എ.പി.എൽ./ബി.പി.എൽ. തരംതിരിവില്ലാതെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അർഹത നിശ്ചയിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2235-02-103-74 : നിർഭയ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

2235-02-104-89 : അനാഥാലയ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 35,17,000 രൂപ (നോൺ പ്ലാൻ)

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ 7 ജീവനക്കാരുടെ വേതനം കൂടാതെ 40 കൗൺസിലർമാർ, ചെയർമാൻ, 14 ബോർഡംഗങ്ങൾ എന്നിവരുടെ ഓണറേറിയം, ചെയർമാന്റെ കാർ അലവൻസ്, അംഗങ്ങളുടെ ടി.എ., സിറ്റിംഗ് ഫീ എന്നിവയും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം മേൽ ആവശ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 93.39 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-60-200-72 : കേരള സാമൂഹ്യ സുരക്ഷാ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3,15,00,000 രൂപ (നോൺ പ്ലാൻ)

സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് 60% തുക സംസ്ഥാനവും 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാനിംഗ് ബോർഡ് തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ സമാശ്വാസം പദ്ധതി ആനുകൂല്യത്തിന് അർഹരായ നിലവിലുള്ള 4855 ഗുണഭോക്താക്കൾക്കും നടപ്പുവർഷം പുതുതായി പ്രതീക്ഷിക്കുന്ന

6250 ഗുണഭോക്താക്കൾക്കും പ്രതിമാസ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10.9563 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-02-101-89 : <u>വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 35,47,000 രൂപ (നോൺ പ്ലാൻ)

വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം 1-1-2015 മുതൽ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ കുടിശ്ശികയായ 1.03 കോടി രൂപയും പി.എച്ച് ഹോമുകൾക്ക് കുടിശ്ശിക തുകയായ 39.36 ലക്ഷം രൂപയും നൽകുന്നതിന് അധികം തുക ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1.0993 കോടി രൂപ കൂടി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-104-98 : <u>അനാഥശാലകൾക്ക് സഹായധനം</u>

ബഡ്ജറ്റ് വിഹിതം : 16,89,50,000 രൂപ (നോൺ പ്ലാൻ)

അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1-1-2015 മുതൽ 1000 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഗ്രാന്റ്-ഇൻ-എയ്ഡിന് അർഹരായ 28811 അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലുള്ള ഗ്രാന്റ് നൽകുന്നതിനും ഓർഫനേജ് ഗ്രാന്റിന്റെ കുടിശ്ശിക നൽകുന്നതിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 19.9005 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-02-104-97 : <u>യാചക കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 38,85,000 രൂപ (നോൺ പ്ലാൻ)

യാചക കേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1000 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ 520 അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 23.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-02-107-98 : സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ—സഹായധനം

ബഡ്ജറ്റ് വിഹിതം : 2,92,70,000 രൂപ (നോൺ പ്ലാൻ)

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് പ്രതിമാസം 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അർഹരായ 8775 അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ ഗ്രാന്റ് നൽകുന്നതിനും മുൻവർഷത്തെ ഇമിയറും കൊടുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 986.26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-104-99 : ശ്രീ ചിത്രാഹോം സഹായധനം

ബഡ്ജറ്റ് വിഹിതം : 54,00,000 രൂപ (നോൺ പ്ലാൻ)

ശമ്പളപരിഷ്കരണം നടപ്പിലാകുമ്പോൾ പ്രതീക്ഷിക്കുന്ന അധിക ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ശ്രീചിത്രാഹോമിന്റെ പേര് ചില സർക്കാർ രേഖകളിൽ ഇപ്പോഴും ശ്രീചിത്രാ പുവർ ഹോം എന്ന് രേഖപ്പെടുത്തിക്കാണുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടുവെന്നും ആയതിനാൽ 'പുവർഹോം' എന്ന പേര് ഉപയോഗിക്കാൻ പാടില്ലായെന്നും ശ്രീചിത്രാഹോമിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പൊതുജനാഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് തിരുവനന്തപുരം ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി സമർപ്പിച്ച മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും പ്രസ്തുത സ്ഥാപനം സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-190-99 : കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 7,65,00,000 രൂപ (പ്ലാൻ)

എറണാകുളം കാക്കനാട് കളക്ടറേറ്റിന് സമീപം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു വ്യാപാര സമുച്ചയം പണിയുന്നതിനും സംരംഭകത്വ മേഖലയിലേക്ക് കടന്നു വരുന്ന വനിതകൾക്ക് പ്രവർത്തന മേഖലയിൽ കൂടുതൽ കഴിവ് തെളിയിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായവും ബിസിനസ്സ് വളർത്തുന്നതിനാവശ്യമായ വിദഗ്ദ്ധ ഉപദേശവും മറ്റ് അനുബന്ധ സംവിധാനങ്ങളും

ഉൾപ്പെടുത്തി വാണിജ്യ മേഖലയിൽ വനിതകൾക്ക് അവരുടെ അഭിരുചി തെളിയിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-89 : <u>വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ</u>

ബഡ്ജറ്റ് വിഹിതം : 1,25,00,000 രൂപ (പ്ലാൻ)

കേരളത്തിലെ സ്ത്രീകൾക്ക് തൊഴിൽ സാധ്യതകൾ കണ്ടെത്തി അവ ആർജിക്കുന്നതിന് പ്രാപ്തരാക്കുന്ന REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്)-ന്റെ ഉപകേന്ദ്രങ്ങൾ മറ്റ് ജില്ലകളിൽ കൂടി സ്ഥാപിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 30 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-190-98- : <u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 4,15,00,000 രൂപ (പ്ലാൻ)

: 25,00,000 രൂപ (നോൺ പ്ലാൻ)

വികലാംഗർക്ക് ഇലക്ട്രോണിക് വീൽചെയർ സൗജന്യമായി വിതരണം ചെയ്യുന്നതിനും സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനും ഭിന്ന ശേഷിക്കാരുടെ സൗകര്യത്തിനായി കേരളത്തിലുടനീളം ജില്ലാ ഓഫീസുകൾ തുടങ്ങുന്നതിനും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കലാകായിക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ഭിന്നശേഷി മേള സംഘടിപ്പിക്കുന്നതിനും പദ്ധതിയിനത്തിലും, കോർപ്പറേഷന്റെ ഭരണചെലവുകൾക്കും സർക്കാരിലേക്ക് നൽകാനുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക നൽകുന്നതിനും കേരള ഹൗസിംഗ് ബോർഡിന് വാടക കുടിശ്ശിക നൽകുന്നതിനും കോഴിക്കോട് റീജിയണൽ ഓഫീസിന് അനുവദിച്ച 3 പുതിയ തസ്തികകളിൽ ശമ്പളം നൽകുന്നതിനും പദ്ധതിയേതരയിനത്തിലും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനേക്കാൾ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 12.74 കോടി രൂപ പദ്ധതിയിനത്തിലും 75 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഈ പദ്ധതി പ്രകാരം ഇലക്ട്രോണിക് വീൽ ചെയറുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ ചെയ്യുമ്പോൾ അവയുടെ മെയിന്റനൻസിനും സർവ്വീസിനുമുള്ള സംവിധാനം കൂടി കമ്പനികൾ ഏർപ്പെടുത്തണമെന്ന നിബന്ധനകൂടിവയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു

2235-02-103-99 : സാമൂഹ്യക്ഷേമ ബോർഡ് - അംശദായം

ബഡ്ജറ്റ് വിഹിതം : 75,72,000 രൂപ (നോൺ പ്ലാൻ)

സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനും ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണം നടപ്പാക്കേണ്ടതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 42.5376 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-02-102-53 : ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 80,00,000 രൂപ (പ്ലാൻ)

: 2,99,90,000 രൂപ (നോൺ പ്ലാൻ)

ചൈൽഡ് റൈറ്റ്സ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ജില്ലാ ആസ്ഥാനങ്ങൾ തോറും സിറ്റിംഗുകളും അനുബന്ധ പ്രവർത്തനങ്ങളുമായി വിപുലീകരിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനു വേണ്ടിയും ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടെയും മറ്റു ജീവനക്കാരുടെയും ശമ്പളം, മറ്റിനങ്ങൾ, വാടക, കരം, നികുതിയിനം, വാഹനങ്ങളുടെ വാടക എന്നീ ഇനങ്ങളിലും അധികം തുക ആവശ്യമാണ്. കമ്മീഷന്റെ പ്രവർത്തനം പൂർണ്ണ രൂപത്തിൽ തുടങ്ങിയ സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 54 ലക്ഷം രൂപ കൂടി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235 -02-103-95 -04(1) : സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ (യാത്രാ ബത്ത)

ബഡ്ജറ്റ് വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും 2016 മാർച്ച് വരെ ഏകദേശം 66 ലക്ഷം രൂപ യാത്രാബത്ത കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ടി കുടിശ്ശിക നൽകുന്നതിനും 2016-2017 സാമ്പത്തിക വർഷത്തെ

യാത്രാബത്ത നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-60-200-79 : 1995-ലെ അവശവിഭാഗആക്ടിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ

ബഡ്ജറ്റ് വിഹിതം : 60,17,000 രൂപ (നോൺ പ്ലാൻ)

വികലാംഗ കമ്മീഷണറേറ്റിൽ ദിവസവേതന വ്യവസ്ഥയിലുള്ള ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാലും കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയും ഇന്ധന ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുകയും അപര്യാപ്തമായതിനാലും ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ ആകെ 5.1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## ആഭ്യന്തര വകുപ്പ്

2235-02-106-98 : ദുർഗുണ പരിഹാര പാഠശാല

ബഡ്ജറ്റ് വിഹിതം : 1,70,19,000 രൂപ (നോൺപ്ലാൻ)

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും മരുന്നുകളുടെയും ചികിത്സാ ചെലവുകളുടെയും ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന സാധനങ്ങളുടെയും വിലയിലും ഇന്ധന ചെലവിലും ഉണ്ടായ വർദ്ധനവും കണക്കാക്കുമ്പോൾ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻതീരുമാനിച്ചു.

## പൊതുഭരണ വകുപ്പ്

2235-60-200-82 : അവശതയനുഭവിക്കുന്ന രണ്ടാം ലോകമഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം

ബഡ്ജറ്റ് വിഹിതം : 2,60,00,000 രൂപ (നോൺപ്ലാൻ)

രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകി വന്നിരുന്ന സാമ്പത്തിക സഹായം യഥാക്രമം 1500 രൂപയിൽ നിന്നും 4,000 രൂപയായും

750 രൂപയിൽ നിന്നും 2500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2016 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ടായിരുന്ന കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 508.62 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-107-97 : സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സാമ്പത്തിക സഹായ പദ്ധതി

ബഡ്ജറ്റ് വിഹിതം : 5,50,000 രൂപ

സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്ക് 500 രൂപയാണ് സാമ്പത്തിക സഹായം നൽകിവരുന്നത്. നിലവിലെ ബഡ്ജറ്റ് വിഹിതമായ 5.5 ലക്ഷം രൂപയ്ക്കുപുറമെ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പഴയ ഫയലുകൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ ഈയിനത്തിൽ അനുവദിച്ച തുക സറണ്ടർ ചെയ്തിട്ടുള്ളതായി കണ്ടെത്തിയതിനാൽ അധിക തുക ആവശ്യമില്ലെന്ന് പൊതുഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹത്തിനുള്ള ധനസഹായം 30,000 രൂപ അപര്യാപ്തമായതിനാൽ 50,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. സ്ത്രീശക്തി ലോട്ടറിയുടെ ലാഭവിഹിതമുപയോഗിച്ച് പെൺകുട്ടികളുടെ വിവാഹം, സ്കോളർഷിപ്പ്, വീട് നിർമ്മാണം എന്നിങ്ങനെ പല പദ്ധതികളും നടത്താനാണ് ഉദ്ദേശിച്ചിരുന്നതെന്നും ഈ ലോട്ടറിയിൽ നിന്നുള്ള വരുമാനം പാവപ്പെട്ട സ്ത്രീകളുടെ ക്ഷേമത്തിനുതന്നെയാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി തീരുമാനമെടുത്തു.

ജുവനൈൽ ഡയബറ്റീസ് ബാധിതരായി സംസ്ഥാനത്ത് മൂവായിരത്തോളം കുട്ടികളുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് സാമ്പത്തികപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് സൗജന്യമായി മരുന്നുകളും ഇൻസുലിൻ പമ്പും വിതരണം ചെയ്യുന്നതിനായി പ്രഖ്യാപിച്ചിരുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു

സമൂഹത്തിലെ അവശരും ദുർബലരുമായ ജനവിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും മുൻനിർത്തി സമിതി നൽകുന്ന ശിപാർശകൾക്ക് പലപ്പോഴും ധനകാര്യ വകുപ്പിൽ നിന്നും മതിയായ പരിഗണന ലഭിക്കുന്നില്ലായെന്ന് വിലയിരുത്തിയ സമിതി സാമൂഹ്യ സേവനത്തിന് മുൻഗണന നൽകി സമിതി നൽകുന്ന ശിപാർശകൾക്ക് മതിയായ പരിഗണന നൽകി ആവശ്യമായ തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

2016 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2016 ആഗസ്റ്റ് 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും തദവസരത്തിൽ ഹാജരായിരുന്നു:

ഹാജരായ മറ്റ് അംഗങ്ങൾ:

1. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
2. ശ്രീ. യു. ആർ. പ്രദീപ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI-ൽ 2235-02-190-98 എന്ന ശീർഷകവുമായി ബന്ധപ്പെട്ട 46-ാം ഖണ്ഡികയിലെ ശിപാർശയിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കായി നോൺ പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നുകൂടി ഉൾപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12 മണിയ്ക്ക് പിരിഞ്ഞു.

2016 സെപ്റ്റംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2016 സെപ്റ്റംബർ 20-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക

സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ഡോ. എം. കെ. മുനീർ, എം.എൽ.എ.
3. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
2. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ്
3. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. ശ്രീമതി എസ്. ദീപാദേവി, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. ശ്രീമതി കെ. പി. രമാദേവി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രീമതി ആർ. ഷീലാറാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. ശ്രീ. പി. എം. അലി അസ്ഗർ പാഷ, ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
8. ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

9. ശ്രീ. എം. എൻ. ദിവാകരൻ, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

10. ശ്രീ. കെ. കെ. സുരേന്ദ്ര കുമാർ, അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

11. ശ്രീ. ടി. പ്രവീൺ, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

12. ശ്രീ. എൻ. നന്ദകുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

13. ശ്രീ. പി. സുജലത, ജോയിന്റ് സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്

14. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീ. അജിത് കോലാശ്ശേരി, ജനറൽ മാനേജർ, കേരള സംസ്ഥാന മുന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.

1. 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3296/സബ്.സി.ജി2/15/നി.സെ.)

### പട്ടികജാതി വികസന വകുപ്പ്

ഖണ്ഡിക നമ്പർ - 1

### സാമൂഹ്യനീതി വകുപ്പ്

ഖണ്ഡിക നമ്പർ - 26, 29, 30, 32, 37, 38, 39, 40, 43, 44, 45, 52, 53

### പൊതുഭരണ വകുപ്പ്

ഖണ്ഡിക നമ്പർ - 56, 57

2015-2016 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 58 ശിപാർശകളിൽ 16 ശിപാർശകൾക്ക് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളതെന്നും മറുപടി നൽകാൻ ബാക്കിയുള്ള 42 ഖണ്ഡികകളിലെ ശിപാർശകളിൽ

പട്ടികജാതി വകുപ്പുമായി ബന്ധപ്പെട്ട 2, 3, 4, പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട 5, 6,7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, പിന്നോക്ക സമുദായ വികസന വകുപ്പുമായി ബന്ധപ്പെട്ട 22, 23, 24, 25, സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട 27, 28, 31, 33, 34, 35, 36, 41, 42, 46, 47, 48, 49, 50, 51, 54, ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട 55, പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട 58 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ നിയമസഭാ സമ്മേളനത്തിനു മുമ്പ് ലഭ്യമാക്കണമെന്ന് സമിതി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരോട് നിർദ്ദേശിച്ചു. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ഒരാഴ്ചയ്ക്കുള്ളിൽ നൽകാമെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ സമിതിയെ അറിയിച്ചു.

2. 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 48-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിൻമേൽ ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3158/സബ്.സി.ജി2/14/നി.സെ.)

3. 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 58-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിൻമേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 2744/സബ്.സി.ജി2/13/നി.സെ.)

4. ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പഠന റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3842/സബ്.സി.ജി2/14/നി.സെ.)

5. 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2388/സബ്.സി.ജി2/16/നി.സെ.)

യോഗം ഉച്ചയ്ക്കുശേഷം 3.30 -ന് പിരിഞ്ഞു.

2016 ഒക്ടോബർ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2016 ഒക്ടോബർ 26-ാം തീയതി ബുധനാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
3. ശ്രീ. എം. മുകേഷ്, എം.എൽ.എ.
4. ഡോ. എം. കെ. മുനീർ, എം.എൽ.എ.
5. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നോക്ക സമുദായ വികസന വകുപ്പ്
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
3. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
4. ശ്രീ. എൻ. നന്ദകുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
5. ശ്രീ. കെ. മൊയ്തീൻ കുട്ടി, എം.ഡി. KSHPWC
6. ശ്രീമതി ബിന്ദു. വി. സി. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
7. ഡോ. പി. റ്റി. എം. സുനീഷ്, സി. ഇ. ഒ. ജെൻഡർ പാർക്ക്
8. ശ്രീ. പി. എം. അബ്ദുൾ റഹീം, മാനേജർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

I. 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ചുവടെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3296/സബ്.സി.ജി2/15/നി.സെ.)

### പട്ടികജാതി വികസന വകുപ്പ്

ഖണ്ഡിക നമ്പർ - 2, 4

### പട്ടികവർഗ്ഗ വികസന വകുപ്പ്

ഖണ്ഡിക നമ്പർ - 5, 6, 7, 9, 10, 11, 14, 15, 17, 18, 20, 21

### സാമൂഹ്യനീതി വകുപ്പ്

ഖണ്ഡിക നമ്പർ - 27, 28, 31, 35, 36, 41, 42, 46, 47, 48, 49, 50, 51, 54

### പൊതുഭരണ വകുപ്പ്

ഖണ്ഡിക നമ്പർ - 58

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഇനിയും മറുപടി ലഭ്യമാക്കാനുള്ള വകുപ്പുകൾ ആയത് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ശേഷിക്കുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ ഉടനടി സമർപ്പിക്കുന്നതാണെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി എന്നിവർ സമിതിയെ അറിയിച്ചു

II. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.05- ന് പിരിഞ്ഞു.

## 2016 ഡിസംബർ 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2016 ഡിസംബർ 22-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി സി. കെ ആശ, എം.എൽ.എ.
2. ഡോ. എം. കെ. മുനീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ്
2. ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീ. എൻ. നന്ദകുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
4. ശ്രീ. വി. ശശീന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ, (എഡ്യൂക്കേഷൻ)
5. ശ്രീ. ഒ. എം. അശോകൻ, സീനിയർ ഫിനാൻസ് ഓഫീസർ,പട്ടികവർഗ്ഗ വികസന വകുപ്പ്.

പട്ടികവർഗ്ഗ കോളനികളിലെയും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിലെയും വിദ്യാഭ്യാസ ആരോഗ്യ പരിപാടികളും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ പദ്ധതികളും സംബന്ധിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി സമിതി നൽകിയ ചോദ്യാവലിക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

(ഫയൽ നമ്പർ 5482/സബ്.സി.ജി2/14/നി.സെ.)

ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 12.96 കോടി രൂപയും തിരുനെല്ലി മോഡൽ റസിഡൻഷ്യൽ സ്കൂളിന് 23.18 കോടി രൂപയുമാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും കിറ്റ്കോ നിർവ്വഹണ ഏജൻസിയായിട്ടുള്ള ഈ രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പണി ആരംഭിച്ചിട്ടുണ്ടെന്നും കൂടാതെ 5 പ്രീമെട്രിക് ഹോസ്റ്റലുകൾ, 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 2 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഒരു വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ഒരു യൂത്ത് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനായി 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

വിദ്യോദയം പദ്ധതി നടപ്പിലാക്കുന്നതിനായി എം.ആർ.എസ്സ്.-ന്റെ ഫണ്ടിൽ നിന്നാണോ തുക അനുവദിക്കുന്നതെന്നും, പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും, 2015-2016 വർഷത്തിൽ ഈ പദ്ധതിക്കായി തുക അനുവദിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ സമിതി ആരാഞ്ഞപ്പോൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യോദയം പദ്ധതിയ്ക്കായി പ്രത്യേക ഹെഡ് അക്കൗണ്ടോ ഭൂമിയോ വകയിരുത്തിയിട്ടില്ലെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി പ്രധാനമായും 4 ശീർഷകങ്ങളിൽ നിന്നുമാണ് തുക അനുവദിച്ചു വരുന്നതെന്നും വിദ്യോദയം പദ്ധതിയിൽ മെയിന്റനൻസ് ആന്റ് ഇംപ്രൂവ്മെന്റ് മാത്രമാണുള്ളതെന്നും, 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യോദയം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി അനുവദിച്ച തുക സംബന്ധിച്ച അഡീഷണൽ റിപ്പോർട്ട് നൽകാമെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുദ്യോഗസ്ഥർ മറുപടി നൽകി.

2014-2015 സാമ്പത്തിക വർഷം 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്കായി 36,01,00,000 രൂപ നൽകിയതിൽ 1472.44 ലക്ഷം രൂപയാണ് 31-10-2014 വരെ ചെലവഴിച്ചതായി കാണുന്നത് എന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ 2014-2015, 2015-2016, 2016-2017 എന്നീ സാമ്പത്തിക വർഷങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്കായി ചെലവഴിച്ച തുകയുടെ പുതിയ കണക്ക് നൽകാമെന്ന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടെ മാനന്തവാടി, കല്പറ്റ, മൂവാറ്റുപുഴ, കോഴിക്കോട്, ഇടുക്കി എന്നിവിടങ്ങളിൽ 1 വീതവും അട്ടപ്പാടി, നെടുമങ്ങാട്

എന്നിവിടങ്ങളിൽ 2 വീതവുമായി ആകെ 9 ഹോസ്റ്റലുകൾ സന്നദ്ധ സംഘടനകൾ നടത്തുന്നുണ്ടെന്നും ഇവിടങ്ങളിൽ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് എന്ന നിയന്ത്രണമില്ലാതെ കുട്ടികളെ പ്രവേശിപ്പിച്ചുവരുന്നതായും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്രീമെട്രിക്കിലേയും പോസ്റ്റ് മെട്രിക്കിലേയും കുട്ടികൾക്ക് മെസ് അലവൻസ് വ്യത്യസ്തമായതിനാൽ ഇവരെ ഒരുമിച്ച് താമസിപ്പിക്കുമ്പോൾ മെസ് അലവൻസ് എപ്രകാരമാണ് നിജപ്പെടുത്തുന്നതെന്നും ഫ്ലാറ്റ് റേറ്റ് ആണ് സ്വീകരിക്കുന്നതെങ്കിൽ, അതിന് എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു ഇക്കാര്യങ്ങൾ പരിശോധിച്ച് വ്യക്തത വരുത്തുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് നൽകുന്ന പ്രോത്സാഹന ധനസഹായം 2013-2014-ൽ 27647 പേർക്കും 2014-2015-ൽ 31119 പേർക്കും 2015-2016-ൽ 30221 പേർക്കും നൽകിയിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2015-2016-ൽ സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണത്തിൽ കുറവ് വന്നതിന്റെ കാരണവും 2016-2017 ൽ എത്ര പേർക്ക് ഈ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ സമിതി ആരാഞ്ഞതിന് ഫെബ്രുവരി മാസത്തിൽ 75 ശതമാനം ഹാജർ കണക്കാക്കിയാണ് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതെന്നും ഫെബ്രുവരി മാസം കഴിഞ്ഞാലേ കൃത്യമായ കണക്ക് ലഭ്യമാകുവെന്നും, 2015-2016 വർഷത്തിൽ ധനസഹായം ലഭിച്ചവരുടെ എണ്ണം കുറയാനുള്ള കാരണം ഫയൽ പരിശോധിച്ച ശേഷം അറിയിക്കാമെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുദ്യോഗസ്ഥർ അറിയിച്ചു

2016-2017 വർഷത്തിൽ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതിയ്ക്ക് എത്ര രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളതെന്നും ഇതിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞപ്പോൾ, സംസ്ഥാനത്തൊട്ടാകെ നാലാം ക്ലാസ് പാസായ കുട്ടികൾക്ക് പ്രത്യേക പരീക്ഷ നടത്തിയ ശേഷം തെരഞ്ഞെടുക്കപ്പെടുന്ന 200 പേർക്ക് അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠനാനുകൂല്യം നൽകുന്ന പദ്ധതിയാണിതെന്നും പാഠപുസ്തകങ്ങളും സ്റ്റഡി ടേബിളും വാങ്ങുന്നതിനായി ആദ്യ വർഷം ഓരോ കുട്ടിക്കും 6,150 രൂപ വീതം അനുവദിക്കുന്നുണ്ടെന്നും 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി അനുവദിച്ച 40 ലക്ഷം രൂപ സബ് ഓഫീസുകൾക്ക് അലോട്ട് ചെയ്തിട്ടുണ്ടെന്നും ഇതുവരെ 20.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനയാത്രാ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സമ്പത്തിക വർഷം തുകയൊന്നും ചെലവഴിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ജനുവരി മാസത്തിലാണ് ഈ ഹെഡ്ഡിലെ തുക ചെലവഴിക്കുന്നതെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2016-2017 സാമ്പത്തിക വർഷം സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടും 'ഗോത്ര സാരഥി' പദ്ധതിയിൽ വന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതിനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞപ്പോൾ, പദ്ധതിയിലുൾപ്പെടുത്തേണ്ട സ്കൂളുകളെ പഞ്ചായത്ത് ഭരണ സമിതികളാണ് തെരഞ്ഞെടുക്കുന്നതെന്നും കുട്ടികളുടെ ബാഹുല്യവും വാഹനങ്ങളുടെ അഭാവവും കാരണം ഈ സാമ്പത്തിക വർഷം മുതൽ മാനദണ്ഡങ്ങൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതിനാലാണ് സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടും കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

'ജനനി ജന്മ രക്ഷാ' പദ്ധതി പ്രകാരം പ്രതിമാസം 1,000 രൂപ വീതം നൽകി വരുന്നുണ്ടെന്നും സ്പിൽഓവറുള്ള പ്രോജക്ടായതിനാൽ നിലവിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ഈ സമ്പത്തിക വർഷം 4 കോടി രൂപ റീ-അപ്രോപ്രിയേഷനിലൂടെ അനുവദിക്കുന്നതിനായി ഫയൽ സമർപ്പിച്ചിരിക്കുകയാണെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സംസ്ഥാനത്ത് ആകെ എത്ര അരിവാൾ രോഗബാധിതരാണുള്ളതെന്നും ഇവർക്ക് പ്രതിമാസം എത്ര രൂപയാണ് ധനസഹായം നൽകിവരുന്നത് എന്നും സമിതി ആരാഞ്ഞതിന് സംസ്ഥാനത്ത് ആകെ 652 അരിവാൾ രോഗബാധിതരാണുള്ളതെന്നും ഇവർക്ക് പ്രതിമാസം 1,000 രൂപയാണ് ധനസഹായം നൽകി വരുന്നതെന്നും നിലവിലെ ജീവിത സാഹചര്യവും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനയും കണക്കിലെടുക്കുമ്പോൾ പ്രസ്തുത തുക അപര്യാപ്തമായതിനാൽ 2,000 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, പാലിയേറ്റീവ് കെയർ എന്ന നിലയിലാണ് ഈ ധനസഹായം നൽകുന്നതെങ്കിലും രോഗികൾക്ക് മതിയായ പോഷകാഹാരം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് 1,000 രൂപ ധനസഹായവും 1,000 രൂപ പോഷകാഹാര കിറ്റായും നൽകുന്ന കാര്യം ആലോചിക്കുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പദ്ധതി വൺ-ടൈം പ്രോഗ്രാമായിരുന്നുവെന്നും ഈ പദ്ധതി ഇപ്പോൾ നിലവിലില്ലെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പെട്ടിക്കട, ഫോട്ടോസ്റ്റാസ്റ്റ് കട, പ്രൊവിഷണൽ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി. സെന്ററുകൾ, തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും ഒരോ പദ്ധതിയ്ക്കും എത്ര രൂപ വീതമാണ് ധനസഹായം നൽകുന്നതെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി നിലവിലുണ്ടെന്നും ഈ വർഷം 5 കോടി രൂപ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു പാനലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും നടപ്പുവർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി പരസ്യം കൊടുത്തതേയുള്ളുവെന്നും, ഓരോ പദ്ധതിക്കും നൽകുന്ന തുക സംബന്ധിച്ച ലിസ്റ്റ് നിലവിലില്ലെന്നും, ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ 25,000 രൂപ മുതൽ 3 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഓരോ പദ്ധതിക്കും എത്ര രൂപയാണ് അനുവദിക്കുന്നത് എന്നതു സംബന്ധിച്ചുള്ള വ്യക്തമായ കണക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു. അപ്രകാരം ചെയ്യാമെന്ന് ഡയറക്ടർ അറിയിച്ചു.

'അനിമൽ ഹാന്റ്ലിംഗ് ഇൻ സൂ & ഫോറസ്റ്റ് ' എന്ന സർട്ടിഫിക്കറ്റ് കോഴ്സ് നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ പ്രകാരം വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 കുട്ടികൾക്ക് വെറ്റിറനറി യൂണിവേഴ്സിറ്റി മുഖേന നൽകുന്ന ആറുമാസത്തെ കോഴ്സാണെന്നും, പ്ലാസ്റ്റിക് പ്രൊഡക്ട് ഡിസൈനിംഗ് കോഴ്സ് പ്രകാരം 50 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നുവെന്നും ഇതിനു പുറമെ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്ന കോഴ്സിനും പരിശീലനം നൽകിവരുന്നുവെന്നും പട്ടിവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഇത്തരം കോഴ്സുകൾ പാസാകുന്ന കുട്ടികൾക്ക് തൊഴിൽ സാധ്യതകൾ ഉറപ്പു വരുത്തുന്ന തരത്തിൽ ഗുണകരമാകുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. 'അനിമൽ ഹാന്റ്ലിംഗ് ഇൻ സൂ & ഫോറസ്റ്റ് ' എന്ന കോഴ്സ് പാസാകുന്നവർക്ക് മൃഗശാലകളിലും വനം വകുപ്പിലും തൊഴിൽ സാധ്യതകളുണ്ടെന്നും പ്ലാസ്റ്റിക് പ്രൊഡക്ട് ഡിസൈനിംഗ് കോഴ്സ് പാസാകുന്നവർക്ക് പ്ലാസ്റ്റിക് ഇൻഡസ്ട്രികളിൽ ജോലി ലഭ്യമാകുന്നുണ്ടെന്നും കൂടാതെ ഈ കോഴ്സിൽ പരിശീലനം ലഭിച്ച നിരവധി പേർ സ്വയം തൊഴിൽ സംരംഭത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ഈ കോഴ്സ് വിജയമായത് കാരണമാണ് ഇതിന്റെ രണ്ടാമത്തെ ബാച്ച് തുടങ്ങാനായതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് പദ്ധതി വഴി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച

സമിതിയുടെ ചോദ്യത്തിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക തലത്തിലുള്ള പരീക്ഷയിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്ന കോഴ്സാണിതെന്നും ഫിസിക്കൽ ട്രെയിനിംഗ് ഉൾപ്പെടെ എല്ലാ ട്രെയിനിംഗും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള ചികിത്സാ ധനസഹായം 2014-15-ൽ 756 പേർക്കും 2015-2016-ൽ 1647 പേർക്കും 2016-2017-ൽ ഇതുവരെ 133 പേർക്കും നൽകിയതായാണ് വകുപ്പിൽ നിന്നും അറിയിച്ചിരിക്കുന്നതെന്നും ഇത് പ്രകാരം 2016-2017-ൽ ധനസഹായം ലഭിച്ചവരുടെ എണ്ണം വളരെ കുറവാണെന്നും സമിതി ചൂണ്ടിക്കാട്ടി. 2015-2016-ൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കാനുണ്ടായ കാരണമെന്താണെന്ന് പരിശോധിക്കണമെന്നും, ജില്ലാതലത്തിലും ഡയറക്ടറേറ്റിൽ നിന്നും ധനസഹായം അനുവദിച്ച എല്ലാ കേസുകളും പരിശോധനയ്ക്കുവിധേയമാക്കി വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും ചെയർമാൻ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

സമിതിയുടെ അടുത്ത യോഗത്തിൽ ആദിവാസികളുടെ ഭൂമിപ്രശ്നം സംബന്ധിച്ച വിഷയം പരിഗണിക്കണമെന്നും ചുവടെ പറയുന്ന ചോദ്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പട്ടികജാതി പട്ടികവർഗ്ഗം, വനം, റവന്യൂ എന്നീ വകുപ്പുകളോട് ആരാഞ്ഞശേഷം തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

1. കേന്ദ്ര വനാവകാശ നിയമം നടപ്പിലായശേഷം സംസ്ഥാനത്തെ ആദിവാസികൾക്ക് നാളിതുവരെ എത്ര ആർ.ഒ.ആർ. കൊടുത്തിട്ടുണ്ട്, ലഭിച്ച അപേക്ഷകളിൽ ഇനി എത്ര ആർ.ഒ.ആർ. ബാക്കിയുണ്ട്; നിലവിലുള്ള ആർ.ഒ.ആർ. അപേക്ഷകൾ കൊടുത്തുതീർക്കാൻ വൈകുന്നതിന് കാരണമെന്താണ്?

2. കേന്ദ്ര വനാവകാശ നിയമപ്രകാരം മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര ഏക്കർ ഭൂമി സർവ്വേ നടത്തിയിട്ടുണ്ട്, അതിന്റെ ഭാഗമായി എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ട്?

3. ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാൻ റവന്യൂ ഫോറസ്റ്റ് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുക.

4. സംസ്ഥാനത്തെ ആദിവാസി ഭൂപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ എത്ര ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതം ലഭ്യമാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് വനം, റവന്യൂ വകുപ്പുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകാനുണ്ടോ?

യോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു.

## 2017 ജനുവരി 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 ജനുവരി 24-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
2. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ്
2. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
4. ശ്രീ. കെ. ജെ. വർഗ്ഗീസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്)
5. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, വനം -വന്യജീവി വകുപ്പ്
6. ശ്രീമതി പ്രകൃതി ശ്രീവാസ്തവ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
7. ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
8. ശ്രീ. സബിൻ സമീദ്, അസിസ്റ്റന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റവന്യൂ
9. ശ്രീ. എച്ച്. നജീബ്, ഡെപ്യൂട്ടി സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
10. ശ്രീമതി ഉഷ റ്റി. നായർ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്

11. ശ്രീ. കെ. സി. മുഹമ്മദ് ബഷീർ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

12. ശ്രീ. കെ. സി. ചെറിയാൻ, ഡെപ്യൂട്ടി ഡയറക്ടർ, ടി.ആർ.ഡി.എം.

13. ശ്രീമതി ശ്രീജ, പി. എസ്., അണ്ടർ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ആദിവാസികളുടെ ഭൂമിപ്രശ്നം സംബന്ധിച്ച് പട്ടികജാതി, റവന്യൂ, വനം-വന്യജീവി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആദിവാസികളുടെ ഭൂമിപ്രശ്നം സംബന്ധിച്ച് സമിതി നൽകിയ ചോദ്യാവലിയിൽ വനം-വന്യജീവി വകുപ്പിൽ നിന്ന് 1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാതെ അഞ്ച് ചോദ്യങ്ങൾക്ക് മാത്രം മറുപടി നൽകിയതിലും വനാവകാശ നിയമ പ്രകാരം നൽകുന്ന ഭൂമിയെ സംബന്ധിച്ച് വനം വകുപ്പ് പ്രത്യേകം കണക്കുകൾ സൂക്ഷിയ്ക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

ആദിവാസി വനാവകാശ നിയമ പ്രകാരം 2011-2016-ൽ പുതുതായി 943 അപേക്ഷകൾ ലഭിച്ചതിൽ 130 അപേക്ഷകൾ എഫ്.ആർ.സി. പാസ്സാക്കിയിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ 2011-2016 കാലഘട്ടത്തിൽ ഡി.എൽ.സി. ചേർന്ന് ആർ.ഒ.ആർ. കൊടുത്തിട്ടുണ്ടെങ്കിലും കൂടുതൽ ആളുകൾക്ക് ഭൂമി നൽകുന്നതിന് പുതിയതായി അപേക്ഷകൾ സ്വീകരിക്കേണ്ടതുണ്ടെന്നും പത്ത് ഏക്കർ സ്ഥലം വരെ കൊടുക്കാമെന്നുണ്ടെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം നിലവിൽ ഇരുപത്തിയഞ്ച് സെന്റിൽ താഴെയുള്ള ഭൂമി മാത്രമാണ് അനുവദിച്ചുവരുന്നതെന്നും ഇത്തരം കാര്യങ്ങളിൽ ഒരു വ്യക്തത വരുത്തേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ആദിവാസികൾ താമസിക്കുന്ന പ്രദേശത്തുനിന്നും വനവിഭവങ്ങൾ ശേഖരിക്കാൻ അനുവാദം നൽകുന്ന കമ്മ്യൂണിറ്റി റൈറ്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വാഴച്ചാലിൽ 9 സെറ്റിൽമെന്റിലെ ആദിവാസികൾക്ക് അവർ താമസിക്കുന്ന ഏരിയയിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള കമ്മ്യൂണിറ്റി റൈറ്റ് കൊടുത്തിട്ടുണ്ടെന്നും പരമ്പരാഗതമായി വനവിഭവങ്ങൾ ശേഖരിക്കുന്ന സ്ഥലത്തിന്റെ ഭൂപടം തയ്യാറാക്കി അതിൽ അതിർത്തി പറഞ്ഞുകൊണ്ട് ഊരുകൂട്ടത്തിൽ എത്ര അംഗങ്ങളുണ്ടെന്നുള്ളത് പ്രത്യേകം കാണിച്ച് അവകാശം കൊടുക്കുകയാണ് ചെയ്യുന്നതെന്നും രണ്ട് കൂട്ടർ ഒരേ സ്ഥലത്തുനിന്ന് വനവിഭവങ്ങൾ ശേഖരിക്കുകയാണെങ്കിൽ ജോയിന്റ് സിറ്റിംഗ് നടത്തി ആ ഭൂപടത്തിൽ രണ്ടുകൂട്ടർക്കും വനവിഭവങ്ങൾ ശേഖരിക്കാൻ

അവകാശമുണ്ടെന്ന് സ്ഥാപിച്ചുകൊണ്ടാണ് അവകാശം കൊടുക്കുന്നതെന്നും കൂടാതെ 15 അംഗ കമ്മിറ്റിയുണ്ടാക്കി വനവിഭവങ്ങൾ എപ്രകാരം എത്ര അളവിൽ ശേഖരിക്കുമെന്നും അത് എവിടെ നൽകണമെന്നും സംബന്ധിച്ച് ഒരു മാനേജ്മെന്റ് പ്ലാനും തയ്യാറാക്കിയിട്ടുണ്ടെന്നും ഈ മാതൃക മലയാറ്റൂരിലും തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിലും നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കിയ അവസരത്തിൽ ലഭിച്ച 36000 അപേക്ഷകളിൽ ഏകദേശം 32000 അപേക്ഷകൾ പരിശോധിച്ച് 25000 പേർക്ക് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിച്ചതായും 16000 പേർക്ക് ഭൂമി അന്നുതന്നെ അവരുടെ കൈവശം എത്തിക്കുകയും തുടർന്ന് അധികാരത്തിൽ വന്ന സർക്കാർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച അപേക്ഷകളിൽ നിന്നും 8000 പേർക്കുകൂടി ഭൂമി നൽകിയിട്ടുള്ളതായും ലഭ്യമായ കണക്കുകൾ പ്രകാരം പ്രസ്തുത കാലഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ 873 അപേക്ഷകളും കൂടാതെ ഡി.എൽ.സി.യുടെ മുമ്പാകെയുള്ള 58-ഉം എസ്.ഡി.എൽ.സി.യുടെ മുമ്പാകെയുള്ള 1073-ഉം ഗ്രാമസഭയുടെ മുമ്പാകെയുള്ള 1220-ഉം ഉൾപ്പെടെ ആകെ 3224 അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും ഇവ തീർപ്പാക്കുന്ന കാര്യം പ്രിൻസിപ്പൽ സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു

അപേക്ഷ സമർപ്പിക്കാത്ത ആളുകൾക്ക് അവസരം നൽകുന്നതിനെക്കുറിച്ച് പരിശോധിക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചപ്പോൾ അപേക്ഷ നൽകാത്ത ആളുകളിൽ നിന്നും എഫ്.ആർ.സി.കൾക്ക് ഒരിക്കൽകൂടി അപേക്ഷ ക്ഷണിക്കാമെന്നും പ്രസ്തുത അപേക്ഷകൻ നേരത്തേ അപേക്ഷ നൽകാതിരുന്നതിനുള്ള സാഹചര്യം ഗ്രാമസഭകൾക്ക് ബോദ്ധ്യപ്പെട്ടാൽ ആയതിൽ തുടർനടപടി സ്വീകരിക്കാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അറിയിച്ചു

എഫ്.ആർ.സി.-കൾ ഇനിയും രൂപീകരിക്കേണ്ടതുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പുതുതായി 68 എഫ്.ആർ.സി.-കൾ കൂടി രൂപീകരിച്ചുവെന്നും നിലവിൽ 579 എഫ്.ആർ.സി.കളുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

വ്യക്തിഗത അപേക്ഷകൾ ഇനിയും ലഭിക്കാനുണ്ടോയെന്നുള്ളത് പരിശോധിച്ച് ഫെബ്രുവരി അവസാനത്തോടുകൂടി ഫൈനലായി പി.ഒ./റ്റി.ഡി.ഒ.മാർ സർട്ടിഫൈ ചെയ്ത് തരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

ഒരു വ്യക്തിയുടെ രണ്ട് മക്കളിൽ ഒരാൾ പുതിയ കുടുംബമായാൽ അയാൾ പുതിയ അപേക്ഷയുമായി വരാൻ പാടില്ലെന്നും ഒരേക്കർ ഭൂമി അനുവദിച്ചത് രണ്ട് മക്കൾക്കും അര ഏക്കർ വീതം നൽകാൻ നിയമം അനുവദിക്കുമെന്നും പുതിയ ആൾ വനവിഭവങ്ങൾ ശേഖരിക്കുമ്പോൾ തിരിച്ചറിയണമെന്നും വനം വകുപ്പ് നടപടി സ്വീകരിക്കാൻ പാടില്ലെന്നും അതിനുള്ള വ്യവസ്ഥയുണ്ടാകണമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. 50 അംഗങ്ങളുള്ള ഒരു എഫ്.ആർ.സി.ലെ ഒരാൾ മരിച്ചുപോകുകയും അയാളുടെ മക്കൾ അതിൽ അംഗങ്ങളാകുകയും ചെയ്താൽ അംഗങ്ങളുടെ എണ്ണം കൂടിയെന്നും മരിച്ചുപോയ വ്യക്തിയുടെ ഭൂമിയാണ് അയാളുടെ മക്കൾക്ക് കിട്ടിയിരിക്കുന്നതെന്നും നേരത്തേ ഇഷ്യൂ ചെയ്ത ആർ.ഒ.ആർ. ക്യാൻസൽ ചെയ്ത് മക്കളുടെ പേരിൽ പുതിയ ആർ.ഒ.ആർ. ഇഷ്യൂ ചെയ്യണമെന്നും എഫ്.ആർ.സി. റവന്യൂ വകുപ്പിനോട് ആവശ്യപ്പെടണമെന്ന രീതിയിൽ ഒരു ഉത്തരവ് ഇറക്കിയാൽ നല്ലതായിരിക്കുമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ 4-ാം തീയതി ചേരുന്ന ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ ഈ അജണ്ട കൂടി ഉൾപ്പെടുത്തി തീരുമാനമെടുക്കാമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അഭിപ്രായപ്പെട്ടു.

നടപടിക്രമങ്ങൾ പൂർത്തീകരിച്ച അപേക്ഷകളും പുതുതായി ലഭിച്ചിട്ടുള്ള അപേക്ഷകളും തീർപ്പാക്കിയാൽ ഒരു വർഷം കൊണ്ടുതന്നെ നിയമം പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുമെന്നും നടപടിക്രമങ്ങൾ പൂർത്തീകരിച്ച അപേക്ഷകളിന്മേൽ ആർ.ഒ.ആർ. വിതരണം ചെയ്യുന്നത് ഫെബ്രുവരി 28-നകം പൂർത്തിയാക്കാൻ റവന്യൂ വകുപ്പ് മുൻകൈയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പഞ്ചായത്ത് ഇലക്ഷനുശേഷം 11 ജില്ലകളിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നിവ പുന:സംഘടിപ്പിച്ചിട്ടില്ലെന്നും ആയതിനാൽ അപേക്ഷകൾ വെരിഫൈ ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പാലക്കാട് ജില്ലയിൽ വിതരണത്തിന് അനുയോജ്യമെന്ന് വനം വകുപ്പ് ശിപാർശ ചെയ്ത 5366.6 ഏക്കർ സ്ഥലം വിതരണം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത ഭൂമി ഏല്പിച്ചുകൊടുക്കാൻ പറ്റുന്നതല്ലെന്നും കെ.എസ്.ടി.യുമായി ബന്ധപ്പെട്ട് ജി.ഒ. ഇറക്കിയ ശേഷം വനാവകാശ നിയമ പ്രകാരം 973 പേർക്ക് കൂടി ഇതേ ഭൂമി കൊടുത്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അറിയിച്ചു.

7693.22 ഹെക്ടറിൽ 2500 ഏക്കറിന് ശേഷം വരുന്നതിൽ ഇനിയും കൊടുക്കാൻ പറ്റുന്ന ഭൂമിയുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നിക്ഷിപ്ത വനഭൂമിയിൽ പാറക്കെട്ടും

കൃഷി ചെയ്യാൻ കഴിയുന്ന കുറച്ച് ഭൂമിയുമുണ്ടാകുമെന്നും കൃഷി ചെയ്യാൻ പറ്റുന്ന ഭൂമിയുടെ മാത്രം കണക്കാണ് ജോയിന്റ് വെരിഫിക്കേഷനിൽ എടുത്തതെന്നും അങ്ങനെയാണ് 2800 ഹെക്ടർ ഹാബിറ്റബിൾ എന്ന കണക്കുണ്ടാക്കിയതെന്നും അങ്ങനെ കൊടുക്കുമ്പോൾ ബാക്കി ഭൂമി ക്വാറി നടത്തുന്നതിനും മറ്റുമായി പോകുമെന്നും അത്തരത്തിൽ ആ ഭൂമി എടുക്കുന്നതിനു പകരം കമ്മ്യൂണിറ്റിക്കുതന്നെ കൊടുക്കുകയും അവിടെ ഒരു പുതിയ സെറ്റിൽമെന്റ് കൊണ്ടുവരികയും ചെയ്താൽ പ്രസ്തുത ഭൂമി മറ്റാർക്കും കൈവശ പ്പെടുത്താനാകാത്ത സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുമെന്നും ഇക്കാര്യം മുന്നിൽ കണ്ടുകൊണ്ടാണ് സെൻട്രൽ എംപവേർഡ് കമ്മിറ്റി 2010-ൽ നെറ്റ് പ്രസന്റ് വാല്യൂ വേവ് ചെയ്തുകൊണ്ട് ഉത്തരവിറക്കിയതെന്നും കേരള ലാന്റ് അസൈൻമെന്റ് റൂൾസ് ഈ ഭൂമിക്ക് ബാധകമല്ല എന്നൊരു കണ്ടീഷൻ 2004-ൽ ഉണ്ടാക്കിയതിനാൽ ഈ ഭൂമിക്ക് പട്ടയം നൽകാനാകില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അറിയിച്ചു

ആദിവാസി ഭൂമിപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ 12400-ലധികം ഏക്കർ ഭൂമി ആവശ്യമാണെന്നും നിക്ഷിപ്ത വനഭൂമി കേന്ദ്ര സർക്കാർ അനുമതിയോടെ വിതരണം ചെയ്യുകയോ റവന്യൂ ഭൂമി വിതരണം ചെയ്യുകയോ അല്ലെങ്കിൽ ഭൂമി വാങ്ങി വിതരണം ചെയ്യുകയോ ചെയ്താൽ ഭൂമിപ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ കഴിയുമെന്നും 12435 ആദിവാസികളുടെ ഭൂമിപ്രശ്നം കുറച്ചെങ്കിലും പരിഹരിക്കാൻ സാധിച്ചാൽ ബാക്കിയുള്ളത് മുഖ്യമന്ത്രിയുടെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും ചെയർമാൻ പറഞ്ഞു. വിതരണത്തിന് അനുയോജ്യമായ വനഭൂമി ഏറ്റവും കൂടുതലുള്ളതും പാലക്കാട് ജില്ലയിലാണ്. അവിടെ ഭൂരഹിതരായി 1234 പേരുണ്ട്. എന്നാൽ കൂടുതൽ ഭൂരഹിതരുള്ള വയനാട് ജില്ലയിൽ 1500 ലധികം പേർക്ക് ഭൂമി വിതരണം ചെയ്യുവെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

അതത് ജില്ലയിലുള്ള ഭൂരഹിതർക്ക് മുൻഗണന നൽകി ജില്ലാ കളക്ടർ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി പോകാൻ താല്പര്യമുള്ള ലൊക്കേഷൻ കണ്ടുപിടിച്ച് മാർക്ക് ചെയ്ത് കൊടുത്താൽ ബാക്കി ഭൂമി മറ്റു ജില്ലകളിലെ താത്പര്യമുള്ളവർക്ക് കൊടുക്കാൻ സാധിക്കുമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. അപേക്ഷകരുടെ ലിസ്റ്റ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈവശമുണ്ടെന്നും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ച് പതിനഞ്ചോ ഇരുപതോ ദിവസങ്ങൾക്കുള്ളിൽ സിറ്റിംഗ് നടത്തണമെന്നാവശ്യപ്പെടാമെന്നും അങ്ങനെ സിറ്റിംഗ് നടത്തിയാൽ വലിയ ഡിസ്പ്ലേസ്മെന്റില്ലാതെ യുക്തിപൂർവ്വമായി ചെയ്തുകൊടുക്കാൻ സാധിക്കുമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഭൂരഹിതരായവരുടെ എണ്ണം 12435 എന്ന് കുറച്ച് നാൾ മുമ്പ് കണക്ക് എടുത്തിരുന്നുവെന്നും എസ്.സി.എസ്.ടി. ഡയറക്ടർ സമിതിയെ

അറിയിച്ചു. ഭൂരഹിതരുടെ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ ഇവരുടെ എണ്ണം സംബന്ധിച്ച് കൃത്യത ഉറപ്പാക്കാമെന്ന് എസ്.സി.എസ്.ടി. പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ലാന്റ് ഐഡന്റിഫൈ ചെയ്ത് ജില്ലയിലെ നിക്ഷിപ്ത വനഭൂമിയുടെയും ഭൂമി കൊടുത്തവരുടെയും പുതുതായി അപേക്ഷിച്ചിട്ടുള്ള ആളുകളുടെയും ലിസ്റ്റ് തയ്യാറാക്കി കളക്ടർ, ഡി.എഫ്.ഒ., എസ്.ടി. ജില്ലാ ഓഫീസർ എന്നിവരെ ഏൽപ്പിക്കുകയും ഒരു പേര് നൽകി ട്രൈബൽ സെറ്റിൽമെന്റായി മാറ്റി ഗവൺമെന്റിന്റെ റിക്കാർഡുകളിൽ രേഖയായി വന്നാൽ മാത്രമേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുകയും അവർക്ക് പ്രൊട്ടക്ഷൻ ലഭിക്കുകയും ചെയ്യുകയുള്ളുവെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ ഇതിനായി റവന്യൂ വകുപ്പിൽ നിന്ന് ഉത്തരവ് ഇറക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു.

ഭൂവിതരണം സംബന്ധിച്ച ലിസ്റ്റ് പ്രസിദ്ധീകരിക്കാമെന്നും അതിൽ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ കൂട്ടിച്ചേർക്കാനുള്ള സമയം കൊടുക്കാമെന്നും പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചപ്പോൾ ലിസ്റ്റിൽ പല അപാകതകളുണ്ടാകാമെന്നും എന്നാൽ ഇത് പ്രസിദ്ധീകരിച്ചാൽ ഭൂമിയില്ലാത്ത ആളുകളെ തിരിച്ചറിയാമെന്നും വനത്തിനകത്തും പുറത്തും ഭൂമിയുണ്ടെങ്കിൽ അവരെയും തിരിച്ചറിഞ്ഞ് ഭൂമിയില്ലാത്ത ആൾക്കാരെ ആദ്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിച്ചു. സമയബന്ധിതമായി ഈ ജോലികൾ നിർവ്വഹിക്കുന്നതിലേക്ക്, ഏഴ് ഡി.എഫ്.ഒ.മാരിൽ ഒരാളെ സെലക്ട് ചെയ്ത് ഇതിന്റെ ചുമതല നൽകണമെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ ഡി.എഫ്.ഒ.മാരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ സമിതി ചുമതലപ്പെടുത്തി.

1975-ലെ The Kerala Scheduled Tribes (Restriction on Transfer of Land and Restoration of Alienated Land) Act-ൽ 1999-ൽ ഭേദഗതി വരുത്തിയപ്പോൾ അഞ്ച് ഏക്കറിൽ താഴെ ഭൂമിയുള്ള ആദിവാസികൾക്ക് ബാക്കിയുള്ള ഭൂമി ഗവൺമെന്റ് കൊടുക്കുമെന്നും അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവർ അഞ്ച് ഏക്കർ കഴിച്ചുള്ള ഭൂമി തിരിച്ചുകൊടുക്കണമെന്നുള്ള വ്യവസ്ഥ പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ അപ്രകാരം ഭൂമി കൈവശം വച്ചിരിക്കുന്ന ഏകദേശം 238 പേരുടെ ലിസ്റ്റ് തയ്യാറാക്കി ഒരു യോഗം വിളിച്ചാൽ കുറച്ച് ആൾക്കാരെങ്കിലും ഭൂമി തിരിച്ച് നൽകാൻ തയ്യാറായാൽ അത് നന്നായിരിക്കുമെന്നും ആയതിനാൽ ലിസ്റ്റ് തയ്യാറാക്കി തുടർനടപടികളെക്കുറിച്ച് ആലോചിക്കാമെന്നും സമിതി തീരുമാനിച്ചു.

ഭൂമി പ്രശ്നത്തിൽ ജയിലിൽ പോകുകയും തിരികെവന്ന് അവിടെത്തന്നെ കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി കൊടുക്കുന്ന കാര്യം സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ സർക്കാരിലേക്ക് സമിതി ശിപാർശ നൽകുന്നതിനും തീരുമാനിച്ചു. വീടുകൾ വൈദ്യുതീകരിക്കുന്നതുമായും വന്യജീവികളുടെ ആക്രമണവുമായും മറ്റും ബന്ധപ്പെട്ട് മലയോര മേഖലയിൽ പൊതുജനങ്ങളും വനം വകുപ്പും തമ്മിൽ നിലനിൽക്കുന്ന സംഘർഷത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി യോഗം വൈകുന്നേരം 4.20-ന് അവസാനിച്ചു.

## 2017 മാർച്ച് 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 മാർച്ച് 27-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ .ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
2. ശ്രീ. എം. മുകേഷ്, എം.എൽ.എ.
3. ഡോ. എം. കെ. മുനീർ, എം.എൽ.എ.
4. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.
5. ശ്രീ. സി. കെ. ശശീന്ദ്രൻ,എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
2. ഡോ.പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്

3. ശ്രീ. അലി അസ്ഗർ പാഷ, ഡയറക്ടർ, പട്ടികജാതി വികസന ഡയറക്ടറേറ്റ്

4. ശ്രീ. വി. എസ് മുഹമ്മദ് ഇബ്രാഹിം, ഡയറക്ടർ, പിന്നോക്ക സമുദായ വികസന ഡയറക്ടറേറ്റ്

5. ശ്രീമതി കെ. പി. രമാദേവി,അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

6. ശ്രീമതി പി. ശോഭന, അഡീഷണൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

7. ശ്രീ. കെ.ടി ബാലഭാസ്കരൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ

8. ശ്രീ. എം. അനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് (ബഡ്ജറ്റ്)

9. ശ്രീമതി ശ്രീജ. സി. എസ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീ. ബാലകൃഷ്ണൻ അന്നക്കായ്, ജനറൽ മാനേജർ, കേരള സംസ്ഥാന പിന്നോക്കസമുദായ വികസന കോർപ്പറേഷൻ

11. ശ്രീമതി എം. എസ്. ലത, ഫിനാൻസ് ഓഫീസർ, പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്

12. ശ്രീ. എം. കെ. രാജൻ, ഫിനാൻസ് ഓഫീസർ, കിർത്താഡ്സ്

13. ശ്രീമതി എ. സിന്ധ്യ, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന പിന്നോക്ക സമുദായ കമ്മീഷൻ

14. ശ്രീ. കെ. സി. ചെറിയാൻ, ഡെപ്യൂട്ടി ഡയറക്ടർ, ട്രൈബൽ റീ സെറ്റിൽമെന്റ് ആന്റ് ഡെവലപ്മെന്റ് മിഷൻ

സമിതി 2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി:

## പട്ടികജാതി വികസന വകുപ്പ്

2225-01-102-97 : പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

ബഡ്ജറ്റ് വിഹിതം : 5 5,00,00,000 രൂപ (പ്ലാൻ)

2016-2017 സാമ്പത്തിക വർഷം പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ശേഷിക്കുന്ന അപേക്ഷകർക്ക് ധനസഹായം അനുവദിക്കേണ്ടതിനാലും വിവാഹ ധനസഹായതുക 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ള സാഹചര്യത്തിലും ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-277-99 -12 : മെട്രിക്കുലേഷനു മുമ്പുള്ള പഠനങ്ങൾ- സ്കോളർഷിപ്പും സ്റ്റൈപ്പന്റും

ബഡ്ജറ്റ് വിഹിതം : 33,00,00,000 രൂപ (നോൺ പ്ലാൻ)

പ്രീമെട്രിക് പഠനങ്ങൾക്കായി പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ 2016-2017 സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-01-800-57 : പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം)

ബഡ്ജറ്റ് വിഹിതം : 78,88,00,000 രൂപ (പ്ലാൻ)

2013-2014 വർഷം മുതൽ പട്ടികജാതി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ ജില്ലകൾക്കും ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്) ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും 1/3 ഭാഗം നൽകിവരുന്നു. കൂടാതെ ചികിത്സാ ധനസഹായ പദ്ധതി, സ്വാശ്രയ ഗ്രാമം പദ്ധതി, ടോയ്‌ലെറ്റ് പദ്ധതി എന്നീ തുടർ പദ്ധതികൾക്കും ഈ ശീർഷകത്തിൽ നിന്നും തുക അനുവദിച്ച് വരുന്നു. പട്ടികജാതി കോളനികളിൽ പ്രവർത്തിക്കുന്ന 29 ഹോമിയോ ഹെൽത്ത് സെന്ററുകളുടെ നടത്തിപ്പിനുള്ള 328.97 ലക്ഷം രൂപയും വിജ്ഞാൻവാടികളുടെ ആവർത്തന ചെലവും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും തെരഞ്ഞെടുത്ത രണ്ടു പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി 1 കോടി രൂപ വീതം ഓരോ

കോളനികൾക്കും വകയിരുത്തുന്ന പദ്ധതി 2016-2017 വർഷം മുതൽ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിനു പുറമേ 121.12 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-800-26- : <u>പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശിപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്</u>

ബഡ്ജറ്റ് വിഹിതം: : 1,00,00,000 രൂപ (പ്ലാൻ)

പട്ടികജാതിക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് മറ്റു വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വരുമാനദായകമായിട്ടുള്ള പദ്ധതികൾക്ക് തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നിലവിൽ ഇതിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ തുകയ്ക്ക് പുറമെ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-80-190-94 : <u>പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺപ്ലാൻ)

പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടം എഴുതിത്തള്ളൽ പദ്ധതിക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്നതിനുള്ള 88 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന . അനുവദിക്കുന്നതിന് 2016-2017 സാമ്പത്തികവർഷം പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പാ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 88 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-80-800-99-12 : <u>മറ്റു സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകളും- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

ബഡ്ജറ്റ് വിഹിതം : 16,00,00,000 രൂപ (നോൺ പ്ലാൻ)

മുന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും കുമാരപിള്ള കമ്മിറ്റി റിപ്പോർട്ട്

പ്രകാരമുള്ള വിദ്യാർത്ഥികളുടെയും 2017-18 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഈ ഇനത്തിൽ 2013-2014 മുതൽ 2016-2017 വരെ നൽകാനുള്ള കുടിശ്ശിക തുകയായ 37.35 കോടി രൂപയും നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 46.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-282-91 : <u>പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷ</u>

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

പട്ടിക വിഭാഗങ്ങളിൽ മദ്യപാനവും പുകയില ഉല്പന്നങ്ങളുടെ ഉപയോഗവും കൂടുതലായി നിലനിൽക്കുന്നതിനാൽ ആരോഗ്യരക്ഷാ പദ്ധതി ഏറെ പ്രാധാന്യമർഹിക്കുന്നു എന്ന് സമിതി വിലയിരുത്തി. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്, ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം, പട്ടികവർഗ്ഗ ആശ്വാസ നിധി തുടങ്ങിയ പദ്ധതികളാണ് പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത് കൂടാതെ വയനാട് 3 കേന്ദ്രങ്ങളും ഇടുക്കിയിൽ 2 കേന്ദ്രങ്ങളും മലപ്പുറം, അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഓരോ കേന്ദ്രങ്ങളും ഉൾപ്പെടെ 8 കേന്ദ്രങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുക, അട്ടപ്പാടിയിലുള്ളതുപോലെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ വയനാട് ജില്ലയിലും ആവശ്യമുള്ള സ്ഥലങ്ങളിലും തുടങ്ങുക എന്നിങ്ങനെയുള്ള രണ്ട് പദ്ധതികൾ കൂടി ഇതിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 7.82 കോടി രൂപ മുൻ വർഷങ്ങളിലെ കുടിശ്ശികയിനത്തിൽ നൽകാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-02-277-35 : <u>പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (പ്ലാൻ)

പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതി, ഹൈസ്കൂൾ-ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി, വാഹന സൗകര്യം ലഭ്യമല്ലാത്ത ഇടങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിലേക്ക് വാഹന സൗകര്യമേർപ്പെടുത്തുന്ന ഗോത്ര സാരഥി പദ്ധതി, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായന സാമഗ്രികൾ എന്നീ സൗകര്യങ്ങളോടെയും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാളെ 15000 രൂപ പ്രതിമാസ ഓണറേറിയം വ്യവസ്ഥയിൽ ട്യൂട്ടറായി നിയമിച്ചുകൊണ്ടും സാമൂഹ്യ പഠന മുറി സ്ഥാപിക്കുന്ന പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. 9-നും 15-നും വയസ്സിനിടയിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഗോത്ര സാരഥി പദ്ധതി ഇത്തരം കൊഴിഞ്ഞുപോക്ക് പരിഹരിക്കാനുതകുന്ന ഒന്നാണെന്നും ഇതിന്റെ വിജയകരമായ നടത്തിപ്പിന് ഈ പദ്ധതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ചെലവ് ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും ചെലവാക്കുന്നതിന് നിർദ്ദേശിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇതിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

2225-02-277-97-12 : <u>മെട്രിക്കുലേഷനുശേഷമുള്ള സ്കോളർഷിപ്പുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 100% കേന്ദ്ര സഹായം)-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

ബഡ്ജറ്റ് വിഹിതം : 30,00,00,000 രൂപ (പ്ലാൻ)

പ്രീമെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന് അനുമതി ലഭിക്കുകയാണെങ്കിൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ 8 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-02-277-73 -06 : ഗിരിവർഗ്ഗ കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക്ഹോസ്റ്റൽ വാടക-കരം-നികുതി

ബഡ്ജറ്റ് വിഹിതം : ഇല്ല

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ വാടക തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-283-90 : ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം

ബഡ്ജറ്റ് വിഹിതം : 50,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് ഭൂരഹിതരായ 12435 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ എസ്.ഡി.എൽ.സി./ഡി.എൽ.സി. പെന്റിംഗ് ആയിട്ടുള്ള 4224 പേർക്ക് കൈവശാവകാശരേഖ നൽകുവാൻ കഴിയുന്നതാണ്. വിതരണത്തിന് അനുയോജ്യമാണെന്ന് വനം വകുപ്പ് ശിപാർശ ചെയ്ത ഭൂമി വിതരണം ചെയ്യുന്നതോടെ നാലായിരത്തോളം പേർക്ക് കൂടി ഭൂമി ലഭിക്കുമെന്നും സമിതി നിരീക്ഷിച്ചു. ശേഷിക്കുന്ന 4211 കുടുംബങ്ങൾക്കുകൂടി ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കേണ്ടതുണ്ട്, ഈ പ്രവർത്തനത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ ഭൂരഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും പുരനധിവസിപ്പിച്ച കുടുംബങ്ങൾക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുമായി നിലവിലുള്ള വിഹിതത്തിനു പുറമെ 100 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

രണ്ടു വർഷത്തിനുള്ളിൽ ആദിവാസികളുടെ ഭൂപ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിട്ടുതന്ന 1200 ഏക്കർ വനഭൂമിയിൽ ഏതാണ്ട് അയ്യായിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സാധിക്കുമെന്നും അങ്ങനെവന്നാൽ 4000-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രശ്നം മാത്രമേ അവശേഷിക്കുകയുള്ളുവെന്നും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരാൻ തീരുമാനിച്ചിട്ടുള്ളതായും പ്രസ്തുത യോഗത്തിൽ വിജിലൻസ് അന്വേഷണം സംബന്ധിച്ച പ്രശ്നം കൂടി ചർച്ച ചെയ്യുന്നതാണെന്നും ചെയർമാൻ അറിയിച്ചു.

2225-02-277-39 : <u>ഐ.ഇ.സി. പ്രോജക്ട് (ഇൻഫർമേഷൻ എഡ്യൂക്കേഷൻ, കമ്യൂണിക്കേഷൻ)</u>

ബഡ്ജറ്റ് വിഹിതം : 2,50,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളെയും ആനുകൂല്യങ്ങളെയും കുറിച്ച് കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് വിഷ്വൽ ഡോക്കുമെന്റേഷൻ നടത്തുക, ജി.പി.എസ്. സർവ്വേയിലൂടെ പട്ടികവർഗ്ഗ കോളനികളുടെയും അനുബന്ധ മേഖലകളുടെയും ഭൂപടം തയ്യാറാക്കുക, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനഫലമായുള്ള നേട്ടങ്ങളേയും വിവിധ പദ്ധതികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ലഘുലേഖകളും മാഗസിനുകളും തയ്യാറാക്കി പൊതുജനങ്ങൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ആദിവാസികളുടെ വിവിധ ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാരേറെയുണ്ടെന്നും ഇത്തവണത്തെ ഗദ്ദിക പരിപാടിയിലെ ജനപങ്കാളിത്തം ഇത് ശരിവയ്ക്കുന്നുണ്ടെന്നും വടക്കാഞ്ചേരിയിലും, നാദാപുരത്തെ വളയത്തും സംഘടിപ്പിച്ച ഗദ്ദികയിൽ 80 ലക്ഷത്തോളം രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെട്ടുവെന്നും വരും വർഷങ്ങളിൽ വില ഇതിലും വർദ്ധിപ്പിക്കുന്നതിന് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതുമാണെന്നും അഭിപ്രായപ്പെട്ട സമിതി പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകി ആദിവാസി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അതിലൂടെ ഈ വിഭാഗത്തിനു തൊഴിൽ അവസരങ്ങൾ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിൽ വരുത്തണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ നിർദ്ദേശിച്ചു.

2225-02-277-52 : <u>പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

ബഡ്ജറ്റ് വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹോസ്റ്റലുകളും UNICEF standard-ൽ നവീകരിക്കുന്നതിനായി 6 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനും കിഫ്ബിയിൽ നിന്നും 50 കോടി രൂപ ചെലവഴിച്ച് എസ്.സി. വിഭാഗത്തിനായി 2 ആർ.എം.എസ്.എ.കളും

6 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രശംസനീയമായ പങ്ക് വഹിക്കണമെന്നും എം.ആർ.എസുകളിൽ പഠിക്കുന്ന കുട്ടികൾ സ്റ്റേറ്റ് ആവറേജിനെക്കാളും കൂടുതൽ മാർക്ക് വാങ്ങുന്നുണ്ടെന്നും ആയതിനാൽ കൂടുതൽ എം.ആർ.എസുകൾ ആരംഭിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും എം.ആർ.എസുകളിലെയും കുട്ടികൾക്ക് കൂടുതൽ കോച്ചിംഗ് നൽകുന്നതിനുള്ള സംവിധാനങ്ങളും അതിനാവശ്യമായ തസ്തികകളും സൃഷ്ടിക്കണമെന്നും ഊരുകളുടെ അടിസ്ഥാനത്തിലുള്ള കമ്യൂണിറ്റി ഹാളുകളിൽ പഠിപ്പിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്താൻ സാധിക്കുമോയെന്നു പരിശോധിക്കണമെന്നും അട്ടപ്പാടി, വയനാട്, ഇടുക്കി എന്നീ സ്ഥലങ്ങളിൽ കൊളോക്കിയൽ ലാംഗ്വേജിൽ പഠിപ്പിക്കുവാൻ കഴിയുന്ന വിഭാഗത്തിൽ നിന്നുള്ളവരെ അദ്ധ്യാപകരായി നിയമിച്ച് അവർക്ക് പ്രൊമോട്ടേഴ്സിനു കൊടുക്കുന്നതിനേക്കാൾ 5000 രൂപ കൂടുതൽ നൽകുന്നതിനും രണ്ടു വർഷം കഴിയുമ്പോൾ സ്ഥിരപ്പെടുത്തുന്നതിനുമുള്ള ഒരു പ്രോജക്ട് തയ്യാറാക്കണമെന്നും നിർദ്ദേശിച്ച സമിതി ആദിവാസി വിഭാഗങ്ങളിലെ അഭ്യസ്ഥവിദ്യരായ എല്ലാവർക്കും തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കി രണ്ട് മൂന്ന് വർഷത്തിനുള്ളിൽ ആദിവാസി വിഭാഗങ്ങളുടെ തൊഴിലില്ലായ്മക്ക് ശാശ്വത പരിഹാരം കാണേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

2225-02-198-50 : <u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 37,91,000 രൂപ (നോൺ പ്ലാൻ)

ബാലവാടികളിലെയും ക്രഷുകളിലെയും അധ്യാപകർക്ക് ശമ്പളം നൽകുന്നതിനും കുട്ടികളുടെ പ്രതിദിന ആഹാര ചെലവിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തിനാൽ ഈ ശീർഷകത്തിൽ അധികമായി ഒരു കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-02-277-94 : <u>ഗിരിവർഗ്ഗ ഹോസ്റ്റൽ</u>

ബഡ്ജറ്റ് വിഹിതം : 33,00,56,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 106 പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ദൈനംദിന ആഹാരചെലവുകൾ, യൂണിഫോം തുടങ്ങിയവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടി വരുന്നതുവഴി "മറ്റു ചെലവുകൾ" ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമാകുകയില്ല. കൂടാതെ ദൈനംദിന ചെലവുകൾക്കൊപ്പം മറ്റ് ആകസ്മിക ചെലവുകൾ കൂടി ഈ വിഹിതത്തിൽ നിന്ന് വഹിക്കേണ്ടിവരുന്നു. ആയതിനാൽ '34-മറ്റു ചെലവുകൾ' എന്ന ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-02-277-89 : <u>നഴ്സറി സ്കൂൾ</u>

ബഡ്ജറ്റ് വിഹിതം : 1,63,07,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 13 നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാര ചെലവ് 2014-2015 സാമ്പത്തികവർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിന് ആനുപാതികമായിട്ടുള്ള തുക ഇതുവരെയും അനുവദിച്ചിട്ടില്ലായെന്നു സമിതി മനസ്സിലാക്കുന്നു. ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ ആഹാര ചെലവിനായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-02-277-47 : <u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 2,21,46,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.സി. കളുടെ വാടക നൽകുന്നതിനായി 2225-02-277-47-06 എന്ന ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-46 -06 : <u>ഉത്പാദന പരിശീലന കേന്ദ്രങ്ങൾ-വാടക-കരം-നികതി</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിലെ ചേന്നാൻ പാറയിൽ പ്രവർത്തിക്കുന്ന ഉത്പാദന പരിശീലന കേന്ദ്രത്തിന്റെ വാടക ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-99 : <u>മെട്രിക്കലേഷന് മുമ്പുള്ള പഠനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 16,50,00,000 രൂപ (നോൺ പ്ലാൻ)

2016-2017 സാമ്പത്തികവർഷം പ്രീമെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ചതിന് ആനുപാതികമായി ഫണ്ട് അനുവദിച്ചിരുന്നില്ല. ഇപ്പോൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുന്നതിനായി പരിഗണനയിലുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്നപക്ഷം പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിനു പുറമെ 43 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-192-50 : <u>മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം—റവന്യ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

മാനന്തവാടി മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന രണ്ട് ബാലവാടികളിലെ കുട്ടികളുടെ ഭക്ഷണം, ഭക്ഷണേതര കാര്യങ്ങൾ, അധ്യാപകരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അതിനാൽ പ്രസ്തുത ചെലവുകൾ നിർവ്വഹിക്കുന്നതിലേക്കായി 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കരാറുകാരെ ഏൽപ്പിച്ചാണ് ആദിവാസികൾക്ക് ഇപ്പോൾ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതെന്നും ചെറുപ്പക്കാരായ ആദിവാസികൾക്ക് ജോലി ലഭിക്കുവാനായി കൺസ്ട്രക്ഷൻ മേഖലയിൽ പരിശീലനം നൽകാനായി ഒരു സ്ഥാപനം ആരംഭിച്ചാൽ ആദിവാസികൾക്ക് ജോലി ലഭിക്കുകയും മദ്യപാനം പോലുള്ള ദുശ്ശീലങ്ങൾ കുറയുകയും ചെയ്യുമെന്ന് സമിതി ആവശ്യപ്പെട്ടപ്പോൾ അത്തരത്തിൽ കൺസ്ട്രക്ഷൻ പർപ്പസിനു വേണ്ടിയുള്ള ഒരു കോൺകോസ് സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

രണ്ടുമാസത്തെ പരിശീലനം നൽകിയാൽ കൺസ്ട്രക്ഷൻ വർക്കിന് ട്രെയിനിംഗ് കൊടുക്കുന്ന ഒരു സൊസൈറ്റി വയനാട്ടിലും അട്ടപ്പാടിയിലും സ്ഥാപിക്കണമെന്നും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളെ സമീപിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ നിർമ്മിതി കേന്ദ്രത്തെകൊണ്ട് പരിശീലനം നൽകാമെന്ന് പട്ടികവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകി.

2017-18 സാമ്പത്തിക വർഷം കിർത്താഡ്സ് വകുപ്പിന്റെ ട്രെയിനിംഗിനും റിസർച്ചിനും കൂടുതൽ തുക ആവശ്യപ്പെട്ടെങ്കിലും കഴിഞ്ഞ വർഷം അനുവദിച്ച അതേ തുക തന്നെയാണ് ഇപ്പോഴും വകയിരുത്തിയിട്ടുള്ളതെന്ന് കിർത്താഡ്സ് വകുപ്പിന്റെ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചപ്പോൾ 2016-17- ൽ 200 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും എന്നാൽ ഈ വർഷം 250 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുണ്ടെന്നും അങ്ങനെ 25% വർദ്ധനവ് ബഡ്ജറ്റിലുണ്ടെന്നും കൂടുതൽ തുക ആവശ്യമുണ്ടെങ്കിൽ മറ്റേതെങ്കിലും ഹെഡ്ഡിൽ നിന്നും തുക കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കാമെന്നും പട്ടികജാതി പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

## പിന്നോക്ക വിഭാഗ വികസന വകുപ്പ്

2225-03-277-99-12- : മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 132,00,00,000 രൂപ (നോൺ പ്ലാൻ)

23-5-2014-ലെ ജി.ഒ. (എംഎസ്.) 10/2014 പ്രകാരം 30 സമുദായങ്ങൾക്ക് പുതുതായി ഒ.ഇ.സി. ആനുകൂല്യം അനുവദിക്കുകയും 21-2-2014-ലെ ജി.ഒ. (എംഎസ്.) 6/2014/ബി.സി.ഡി.ഡി. പ്രകാരം കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി 42000-ൽ നിന്ന് ഒരു ലക്ഷമാക്കി ഉയർത്തുകയും സംസ്ഥാനത്ത് വ്യാപകമായി സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ ആരംഭിച്ചതിന് അനുസൃതമായി മെരിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതിന് ആനുപാതികമായി ഈ ശീർഷകത്തിൽ തുക അനുവദിക്കുന്നില്ലായെന്നും സമിതി വിലയിരുത്തി. കൂടാതെ ജി.ഒ. (പി) നമ്പർ 4/2016/എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം 2016-2017 വർഷം മുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒ.ഇ.സി. വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം പൂർണ്ണ തോതിൽ അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-277-98-12 : മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 12,65,00,000 രൂപ (നോൺ പ്ലാൻ)

2016-2017 മുതൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് 25% വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഒ.ഇ.സി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം പുതുക്കിയ നിരക്കിൽ വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-277-90 : എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്

ബഡ്ജറ്റ് വിഹിതം : 6,50,00,000 രൂപ (പ്ലാൻ)

പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനുള്ള പരിശീലനത്തിനായി സാമ്പത്തിക സഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് സ്കീം പ്രകാരം 2,00,000 രൂപയിൽ താഴെ വാർഷിക വരുമാനവും 94% കൂടുതൽ മാർക്കുള്ളവർക്കുമാണ് നിലവിൽ ആനുകൂല്യം അനുവദിക്കുന്നത്. പ്രസ്തുത ആനുകൂല്യം 85%-നു മുകളിൽ മാർക്കുള്ള അപേക്ഷകർക്ക് കൂടി നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2225-03-800-99 : പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

ബഡ്ജറ്റ് വിഹിതം : 2,04,30,000 രൂപ (നോൺ പ്ലാൻ)

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ അംഗങ്ങൾക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനു വേണ്ടി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2225-03-800-99-36 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4225-03-190-99 : ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരിലും മറ്റ് ശിപാർശിത വിഭാഗക്കാരിലുമുൾപ്പെട്ട സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്കായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രത്യേക പാർപ്പിട

പദ്ധതി ആരംഭിക്കുന്നതിന് അധിക തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-03-190-98 : കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 14,00,00,000 രൂപ (പ്ലാൻ)

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്തൃ വൃന്ദത്തിൽപ്പെടുന്ന കേരളത്തിലെ മറ്റു പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭിക്കുന്ന വായ്പയ്ക്ക് Matching contribution ഇനത്തിലുള്ള 10% തുക വകയിരുത്തുന്നതിനും ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിവാഹ ധനസഹായം, സുവർണ്ണശ്രീ, വിദ്യാശ്രീ തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 40.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികജാതി വിഭാഗക്കാരുടെ 2016-17 വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡ് 1172 കോടി രൂപയും, പട്ടികവർഗ്ഗക്കാരുടേത് 176 കോടി രൂപയുമാണ്. പട്ടിക വിഭാഗക്കാരുടെ ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നുള്ള പകുതി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിരിക്കുന്നത്. ഇതിൽ 52%നപ്പുറം തുക ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ലെന്ന് സമിതി നിരീക്ഷിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ 80-85 ശതമാനത്തിലധികം തുക ചെലവഴിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവ് ചെയ്യുന്നത് 52 ശതമാനമായിരിക്കുകയും ചെയ്യുന്ന അവസ്ഥ തുടർന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പുനഃപരിശോധിക്കേണ്ടിവരുമെന്ന് പ്ലാനിംഗ് ബോർഡിനെ അറിയിച്ച് ചെലവഴിക്കാനാകാത്ത പദ്ധതിതുക തിരിച്ചടക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുന്ന തരത്തിൽ തീരുമാനമെടുക്കേണ്ടി വരുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതിയുടെ 2017-2018 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായുള്ള അടുത്ത യോഗങ്ങൾ 2017 ഏപ്രിൽ 3, 17 എന്നീ തീയതികളിൽ ചേരുന്നതിന് തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.15 -ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.